# MALIKKU KADAMILLA

K. V. NAMBUDIRI

O32:2N32:11 J8

O32:2N32:11
J8

O32:2N32:11
J8
O32:2N32:11
J8
292083
MUL
292083

DOCTRINA VIM PROMOVET INSITAM

MADRAS UNIVERSITY LIBRARY

Call Number O32:2N32:11

Accession Number 292083

Available for loan from

This book should be returned on or be
the date last marked below.

# മാലിക്ക് കടമില്ല

(നാടകം)

[Malayalam]

# MALIKKU KADAMILLA

(DRAMA)

By

K. VASUDEVAN NAMBUDIRI

First Impression June 1958

RIGHTS RESERVED

Printed at the Assissi Printing House, Changanacherry.

Copies 1000

PUBLISHED BY THE AUTHOR

DISTRIBUTORS

NATIONAL BOOKSTALL

KOTTAYAM KERALA STATE

Rs. 1·50

# മാലിക്ക് കടമില്ല

കെ. വാസുദേവൻനമ്പൂതിരി

UNIVERSITY LIBRARY
18 OCT 1975
MADRAS

നാഷനൽ ബുക്ക്സ്റ്റാൾ
കോട്ടയം — തിരുവനന്തപുരം

വില ക. 1.50

University Grants Commission

292083

O32:2N32:11

J8

UNIVERSITY LIBRARY
18 OCT 1975
MADRAS

## ഇവരെ പരിചയപ്പെടുക

അവറാച്ചൻ: കുട്ടനാട്ടിലെ ഒരു മികച്ച കൃഷിക്കാരൻ. മായാദാസൻെറ അഭിനവപതിപ്പ്. സ്വന്തം വിശ്വാസപ്രമാണങ്ങളുടെ വേലിക്കെട്ടിൽ ഇറുകിത്തന്നെ കഴിയണമെന്നു നിർബന്ധമുണ്ട്. മാറിമറിയുന്ന ചുററുപാടിൽ ഒരൊററയാനായി തീർന്നുപോകുന്നു.

കൃഷ്ണപിള്ള: ശുദ്ധമനുഷ്യൻ. ഇത്തിൾക്കണ്ണിയായി ജീവിക്കുന്നതുതന്നെ സൗഭാഗ്യത്തികവാണെന്ന അഭിപ്രായക്കാരനാണ്. വിശ്വസിച്ചുകഴിഞ്ഞാൽ അന്യക്കുവേണ്ടിയായാലും എവിടെയും കണ്ണുമടച്ച് എടുത്തുചാടും, അതിൽ പിന്നെ വീണ്ടുവിചാരമില്ല.

രാജു: കൃഷ്ണപിള്ളയുടെ മകൻ. വളരുന്ന തലമുറക്കാരുടെ പ്രതീകം. നാട്ടുകാര്യപ്രസക്തനാണ്.

ശേഖർ: രാജുവിൻെറ സന്തതസഹചാരി. പഴമയോട്ട് ഏററുമുട്ടാൻ കിട്ടുന്ന പഴുതുകളൊന്നും പാഴാക്കുകയില്ല.

ചോതി: അവറാച്ചന്റെ പണിപ്പുലയൻ. മാറിപ്പോയ കർഷകത്തൊഴിലാളിയുടെ മാറെറാലി.

പോത്തൻ: അവറാച്ചൻെറ ഒരു ശേഷക്കാരൻ. ആൾ പൊള്ളയായ ഒരു മദ്ദളത്തണ്ടുതന്നെയാണ്. വാദ്യക്കൽ കെട്ടുന്ന ഉരുകലിൻെറ നമ്മക്കനുസരിച്ച് ശബ്ദിച്ചുകൊണ്ടിരിക്കും.

മേരി: അവറാച്ചൻെറ പുന്നാർമകൾ. പഴയ വിശ്വാസ പ്രമാണങ്ങളുടെ ആദർശവും യഥാർത്ഥജീവിതവും തമ്മിൽ പൊരുത്തപ്പെട്ടിരിക്കണമെന്നൊക്കെ ആശയുണ്ട്. അപ്പച്ചൻെറ അഭിപ്രായങ്ങളുമായി ഏററുമുട്ടലുണ്ടാകുമ്പോൾ മനുഷ്യത്വത്തിൻെറ ചേരിയിലേക്കാണു് മാറുക.

മാധവി: രാജുവിൻെറ മാതാവു്. ഒരമ്മ. ഭർത്താവിൻെറ മേനിപറച്ചിലിലൊന്നും കണ്ണുമൂടിപ്പോകാതിരിക്കാനുള്ള ബുദ്ധിയൊക്കെയുണ്ട്.

നാലഞ്ച് കർഷകരും ഔസേപ്പും.

ഈ നാടകം രംഗത്തു പ്രയോഗിക്കുന്നതിനു് നാടകകൃത്തിന്റെ അനുവാദം വാങ്ങിച്ചിരിക്കേണ്ടതാണു്.

## രംഗം ഒന്ന്

അവറാച്ചൻെറ വീട്ടിലെ പരിഷ്കൃതമായ ഒരു മുറി. പത്രത്തിൽനിന്നും കണ്ണെടുക്കാതെ വായിക്കാൻ ശ്രമിച്ചു കൊണ്ടിരിക്കയാണ്. അവറാച്ചൻെറ പ്രായം നാല്പത്തിയഞ്ചിനോടടുത്തിരിക്കും. എങ്കിലും നരയ്ക്കാത്ത മുടിയാണ്. ശ്മശ്രുക്കറം കൊണ്ടിരുണ്ട മുഖം, മാറത്തൊരു വെന്തിങ്ങാ.

അവറാച്ചൻ: മ....ല, മല. മ...ല...യാ, മലയാ. മ,..ല...യാ...ള,മലയാള. ഇതു നമ്മുടെപൊന്നുതമ്പുരാൻെറ ചങ്കു മുദ്ര. മ...നോ, മനോ. മ...നോര...മ. മലയാള മനോഹര. ഇതെല്ലാം ചമ്പ്രാണ്ടം പിടിച്ച ഇങ്കിരീസ്സാ: പു...ത്ത...കം. നാല് പൂജ്യം നാല്പത്ത് കോ...ട്ട...യം, കോട്ടയം. ഇതു ഒന്ന്, ഇതു ആറ്, എവൻ അഞ്ചാ, എനിക്കറിയാം ഇവനേഴം. അപ്പം ഒന്ന്, പത്ത്, നൂറ്, ആയിരം. ഹും. ആയിരത്തിപതിററി നൂററി അമ്പത്തേഴ്. ഒ...ട്ടോ...വ...ർ...ർ ഒട്ടോവർ മൂന്ന്, നാല്, മുപ്പത്തിനാല്. വെ...ള്ളി...യാ...ച്ച വെള്ളിയാച്ച. പേ...ജ്, ഒൻപ

ത്. വി...ല. വില ഒന്ന് മൂന്ന് ന. പ. എന്നതാ ഈ നപെ

[പോത്തൻ ഇടയ്ക്കിടെ തിരിഞ്ഞുനോക്കികൊണ്ട വരുന്നു. അധികം പൊക്കമില്ലാത്ത ദേഹം. ലിനൻമുണ്ടും വോയിൽ ഷർട്ടും. അകത്തെ നെറവബനിയനും സ്വർണ്ണമാലയും വെളിയിൽ കാണത്തക്കവണ്ണമുള്ള കോളർ. എടുത്താൽ പൊങ്ങാത്ത വലിയ ബൂട്ട്സ്. കൈത്തണ്ട നിറയെ ഒരു വാച്ച്, കറുത്ത കണ്ണട ഇത്രയുമാണ് വേഷം.]

അവറാച്ചൻ: എടാ, നീയിങ്ങോട്ട നോക്ക്!

പോത്തൻ: (ധൃതിയിൽ കണ്ണാടി എടുത്തിട്ട്) നോക്കിയേ. അങ്ങോട്ട നോക്കിക്കോണ്ട നിന്നോളാമേ!

അവറാച്ചൻ: നീ പൂച്ചേപ്പോലെ പതുങ്ങിപ്പതുങ്ങി പാലുകുടിക്കാൻ പോവാന്നോ?

പോത്തൻ: അല്ലേ

അവറാച്ചൻ: നീ എന്നതാടാ കിണ്ണം കട്ടോനെപ്പോലെ പമ്മിപ്പമ്മി നിക്കുന്നതെ?

പോത്തൻ: പോത്തനൊരു കിണ്ണോം കക്കത്തില്ലേ.

അവറാച്ചൻ: അതിനിത്തിരി ആന്നത്തം വേണ്ടെടാ പോത്താ

പോത്തൻ: എന്നാതിനാ? എന്നെ ഈ നടപ്പു നടത്തുന്നതൊക്കെ ഒട്ടക്കം വെള്ളം കുടിപ്പിക്കാനല്ലിയോ? വെള്ളമേ, എന്നതാ പച്ചവെള്ളം.

അവറാച്ചൻ: നീ എന്തുവാ, മൊട്ടേന്നു കേക്കുന്നം തുവലു തപ്പുന്നെ!

പോത്തൻ: എൻെറ പൊന്നമ്മാച്ചാ, ഞാനൊള്ള കാര്യമങ്ങ് തൊറന്ന് മുറിച്ച് പറേവാ. കെറു

വൊന്നും തോന്നല്ല്. പിന്നെ പോത്തനെന്നാടാ ഇങ്ങ നൊക്കെ പറേന്നതെന്ന് നെനക്കല്ല്. എൻെറ മനപ്ര യാസമേ.

അവറാച്ചൻ: നീയിപ്പം എന്നാകണ്ടോണ്ടാ ക മ്പസാരിക്കാൻ പാവിക്കുന്നതെ?

പോത്തൻ; അമ്മാച്ചൻ തന്നെപറ. എനിയ്ക്കു ന്നതാ സൊത്തില്ലിയോ? നാല്വക്രിസ്ത്യാനി പിള്ളേരെ പ്പോലൊള്ള വക്കത്തില്ലിയോ? ഞാൻ വരമ്പത്തൊട്ടു ങ്ങെറങ്ങി നിന്നാൽ ആണാളും പെണ്ണാളും പണിയെ ടുക്കുവേലിയോ? പിന്നൊന്നതാ, പറയുമ്പം പറേവാ ന്ന് തോന്നും.

അവറാച്ചൻ: അതിനിപ്പം എന്നാപെണ്ണത്തെ ടാ സിങ്കളക്കുട്ടാ?

പോത്തൻ: അതല്ലേല്വ മെനിക്കു പണ്ടേ അറി യാം. അമ്മാച്ചനെന്നെ പെരുത്തു ഇഷ്ടാ. എടാ പോ ത്താ എന്നു വിളികേക്കുമ്പംതന്നെ മേലൊക്കെ കുളി രു കോരിയിടും. അതു വിജാരിച്ചല്ലിയോ തുത്തെറി ഞ്ഞിട്ടും പററിക്കെടക്കുന്നതു്.

അവറാച്ചൻ: നീ ഒള്ളകാര്യമങ്ങു നേരേ ചൊ ല്ലേപറ. അതോ നീ എന്നെ മെനക്കെടുത്താനിങ്ങോ ട്ടു നോയമ്പു് എടുത്തിരിക്കുവാന്നോ?

പോത്തൻ: ഓ, അല്ലേലെന്നാ പറയാനാ? ഞാ നിതു കേക്കാൻ വന്നിട്ടല്ലിയോ! കള്ളും കൊടത്തി കൊണ്ടു് തലചാണ്ടിയേച്ചു് പർദ്ദിക്കണ്ണെന്ന് പറ ഞ്ഞോണ്ടാൽ; അല്ല ഞാനറിയാണ്ടു ചോദിക്കുവാ.

അവറാച്ചൻ: നീയാരോടാടാ ശോദിച്ചോ ണ്ടു വരുന്നെ!

പോത്തൻ: ആരോടുമല്ലാതെ ഞാനങ്ങു ചോദിക്കവാ. അമ്മാച്ചന പിടിച്ചില്ലേൽ പോത്ത നീ പെരയോട്ട് പറേവാന്നും വിജാരിച്ചോ

അവറാച്ചൻ: എടാ നീയിങ്ങോട്ടുവാ. ഇങ്ങടുത്തു വാടാ.

പോത്തൻ: ക്രൂട്ടതലടുത്താ കൈയ്യെത്തുമേ!

അവറാച്ചൻ: എടാ പേടിത്തലയാ............

പോത്തൻ: എന്തോ.

അവറാച്ചൻ: ഞാന്നിന്നെ തല്ലത്തും മററുമില്ലെടാ.

പോത്തൻ: ഒത്തതാന്നാ. എന്നാലും പോത്തനകത്തൊരു സംശം.

അവറാച്ചൻ: ഞാനല്ലിയോടാ പറേന്നതു്. ഇങ്ങുവാ. (പോത്തൻ സംശയിച്ചടുക്കുന്നു)

എടാ പോത്താ ഈ ഭൂത്തി, ഭൂത്തി എന്നു പറേന്നതു് എവിടാ? അതു പറ.

പോത്തൻ: ആ, എവിടാ, ഞാനുമതാ ചോദിക്കുന്നതു്. എവിടാന്നുവച്ചാൽ ഏതവയവത്തേലാന്നു്. ശൊണയൊള്ളോൻപറയും.

അവറാച്ചൻ: നിന്നോടാ ശോദിക്കുന്നതു്. നല്ലോണം ആലോജിച്ചു് ഉത്തരം പറ
(പോത്തൻ മിണ്ടാതെ നല്ക്കുന്നു) എടാ പറേടാ.

പോത്തൻ: അങ്ങനെ വേഗം ഉത്തരം പറയാവുന്ന ശോദ്യമാണോ അമ്മാച്ചനെടുത്തടിച്ചിരിക്കുന്നതു്.

അവറാച്ചൻ: അപ്പം നീ നാല ക്ലാസ്സു പഠിച്ചിട്ടു ഇതറിയാമേലായോ?

പോത്തൻ: എന്നാങ്ങനെ പറയാതെ രണ്ടു ദെവസിതല പൊകഞ്ഞു് ആലോജിക്കമ്പം ഉത്തരം കിട്ടുമേ.

അവറാച്ചൻ: ങ് ഹാ, രണ്ടു ദെവസി...

പോത്തൻ: വിജാരിക്കണ്ണെന്നു്.

അവറാച്ചൻ: എങ്ങനെ വിജാരിക്കണ്ണെന്നു്. അതു പറ

പോത്തൻ: തലപൊകഞ്ഞു്.

അവറാച്ചൻ: അപ്പം എവിടം കൊണ്ടാടാ വിജാരിക്കുന്നാതെ. തലകൊണ്ടു്. അപ്പം ബുത്തി ഇരിക്കുന്നാതെവിടാടാ.

പോത്തൻ: തലേല്. അല്ലിയോ തലേലല്ലിയോ.?

അവറാച്ചൻ: എന്നിട്ട് നീയതുപറഞ്ഞോ. ബുത്തിയില്ലാക്കഴുത (പോത്തൻ ചിരിക്കുന്നു). നീയെന്തിനാ കിളിക്കുന്നാതെ.

പോത്തൻ: അപ്പം അമ്മാച്ചൻ വിജാരിച്ചു, പോത്തനതറിയാമ്മേലാരുന്നെന്നു്, അല്ലിയോ? എന്നാപ്പിന്നെ അങ്ങനെ തലപൊകഞ്ഞെന്നു് ഞാൻ പറേമാരുന്നോ?

അവറാച്ചൻ: എന്നാതാ.

പോത്തൻ: അമ്മാച്ചന് ബുത്തിയൊണ്ടേൽ ഞൊമ്പരേന്നതീന്നു തന്നെ കണ്ടുപിടിക്കുമോന്നറിയാമല്ലോ എന്നു വിജാരിച്ചു.

അവറാച്ചൻ: എടാ ബുത്തിയൊള്ള സിങ്കളക്കുട്ടാ (പോത്തൻെറ പുറം തലോടുന്നു)അപ്പം നമ്മള് പറഞ്ഞോണ്ടുവന്നാതെന്നാതാ?

പോത്തൻ: ആ എനിക്കറിയാമോ?

അവറാച്ചൻ: പിന്നെ നീയെവിടംകൊണ്ടാ കേട്ടതെ?

പോത്തൻ: മത്തിയെടെ കാര്യം. അതല്ലിയോ അമ്മാച്ചാ

അവറാച്ചൻ: അതെ അതു പറയാൻകാരണം?

പോത്തൻ: ഞാനെങ്ങനാ അറീന്നെ.

അവറാച്ചൻ: കിട്ടിയെടാ കിട്ടി.

പോത്തൻ: എന്നാകിട്ടി. രണ്ടുശിവാക്ക്. ഞാൻ പിന്നമ്മാച്ചനെ യോത്തങ്ങപൊറുത്തു.

അവറാച്ചൻ: ഞാമ്പറഞ്ഞോണ്ടു വന്നതൊണ്ടല്ലോ നീയെന്നാ ഭുത്തിയില്ലാണ്ടു വത്തമാനം പറേന്നതെന്നാ മനത്തിലായോ?

പോത്തൻ: എൻെറമ്മാച്ചാ, ഞാൻ പെരുത്തു വെഷമിച്ചു.

അവറാച്ചൻ; എൻെറ പോത്തനെന്നാ വെശമം?

പോത്തൻ: അതെ അമ്മാച്ചനതു പറേം. ഇവിടിങ്ങനെ കെടന്നിട്ട് കാക്കേപ്പോലല്ലിയോ ആട്ടുന്നതു് എന്നാതാ ആട്ടുന്നതെന്നു്.

അവറാച്ചൻ: ആരാടാ എൻെറ പോത്തനെ ആട്ടാനും മാത്രം ഈ നാട്ടിവളന്നിരിക്കുന്നതെ ഉം അതുപറ

പോത്തൻ: എന്തിനാ അമ്മാച്ചാ എന്നെക്കൊണ്ടു തന്നെ നാണക്കേടു പറേയ്ക്കുന്നെ

അവറാച്ചൻ: ആരാന്നു പറേടാ. അവനെ ഞാനൊററിടിക്കു ചോര തുപ്പിക്കാമെടാ.

പോത്തൻ: അതൊന്നും വേണ്ടമ്മാച്ചാ. പോത്തനങ്ങു പൊറുത്തു. എന്നെക്കൊണ്ടു് അമ്മാച്ചൻ പാടുപെടണ്ട

അവറാച്ചൻ: നീ· ഒണ്ടായതങ്ങു പറേത്തില്ലാ അല്ലിയോ?

പോത്തൻ: പറഞ്ഞതുകൊണ്ടെന്നാതാ ഒരു ഗൊണം.

അവറാച്ചൻ: നീ പറേമോ ഇല്ലിയോ അതുപറ

പോത്തൻ: പറയാമമ്മാച്ചാ.

അവറാച്ചൻ: എന്നാപറ. ഞാനപ്പക്കാണിച്ചു തരാം. എൻെറ പോത്തനെ ചീത്ത പറഞ്ഞോൻെറ പെൻസിലെടുക്കാതെ ഞാനടങ്ങത്തില്ല, അതു പറഞ്ഞേക്കാം

പോത്തൻ: ഒത്തതാണോ അമ്മാച്ചാ.

അവറാച്ചൻ: ധൂ. പറേട്ടേ. കറപ്പും തറേലായ ആരുപറയിൽ അവറാച്ചനെ നീ ആരാന്നു വിജാരിച്ചു

(പോത്തൻ പോകാനായി വേഗം നടക്കുന്നു)

നീ എവിടെപ്പോകുവാടാ. ഇവിടെവാ.

പോത്തൻ: വേണ്ടമ്മാച്ചാ. എനിയ്ക്കൊരു സങ്കടോമില്ല

(പോത്തൻ അകത്തേക്കു മറയുന്നു.)

അവറാച്ചൻ; എടാ ഇവിടെ വരാൻ. നിന്നോടാ പറഞ്ഞതു് ഇവിടെ വന്നു·നിക്കാൻ. ഹും. പറഞ്ഞാകേക്കത്തില്ല അല്ലിയോടാ പറേട്ടേ.

പോത്തൻ: (തിരികെ വന്നിട്ടു്.) പോട്ടമ്മാച്ചാ. സാരമില്ലെന്നേ. പോത്തനതത്ര കാര്യമാക്കീട്ടില്ല.

അവറാച്ചൻ: എടാ നീ കാര്യമാക്കീട്ടില്ലെങ്കിൽ ഞാൻ കാര്യമാക്കീട്ടൊണ്ടു്. ആരു് ഈ ഞാൻ. എന്നെ നിനക്കു് ശരിക്കറിയാമോ? ചീത്തയായാൽ ഞാൻ മഹാ ചീത്തയാ.

പോത്തൻ: അതുപിന്നങ്ങനയാ. ഏതു് ഷീത്ത യായാലേ

അവറാച്ചൻ: അതാ പറഞ്ഞത്. ഒള്ളതുപറ ആരാ നിന്നെ തെറിപറഞ്ഞതെ! ആ. സഹിച്ചോ.

പോത്തൻ: അയ്യോ തെറിയെന്നൊന്നും പറയാ നില്ല ഇത്തിരി വേണ്ടാതീനം പറഞ്ഞെന്നേയൊള്ളു.

അവറാച്ചൻ: അതിനല്ലിയോടാ, കഴുതേ, തെ റീന്നു പറേന്നതു്".

പോത്തൻ: എന്നു പറയാമ്മേല. പോരങ്കി ഒ രു പെണ്ണുമ്പിള്ള പറയുമ്പം.

അവറാച്ചൻ: ഛീ നാണം കെട്ടനായേ. നിന്നെ കണ്ട പെണ്ണുങ്ങളും തെറിപറഞ്ഞു തൊടങ്ങിയോ?

പോത്തൻ: അല്ല അതവക്കൊരു രസം. പിന്നെ പോത്തനാ അനങ്ങാൻ പോയില്ല.

അവറാച്ചൻ: പോടാ വക്കത്തുകെട്ടവനേ! ക ണ്ട തെരുവു പെണ്ണുങ്ങടെ വായിലിരിക്കുന്നതുംകേട്ടോ ണ്ടു നടക്കുന്നാ പന്നീ. ആ സഹിച്ചോ.

പോത്തൻ; അല്ലേ ഇവിടുത്തെ മേരിക്കുട്ടി തെ രുവു പെണ്ണാണോ?

അവറാച്ചൻ: എടാ പോക്രിത്തരം പറഞ്ഞാ ലുണ്ടല്ലോ അടിച്ചു നിൻെറ പല്ലു മുപ്പത്തിരണ്ടും തുപ്പി ച്ചു കളേം കേട്ടോ.

പോത്തൻ: അതൊക്കത്തില്ലേ, പണ്ടേ രണ്ടു പ ല്ലു പറിച്ചതാണേ

അവറാച്ചൻ: നീ നമ്മടെ മേരിക്കുട്ടീൻെറ കാ ര്യം പറേന്നതു് ഓത്തോണ്ടുവേണേ.

പോത്തൻ; അവളാ എന്നെ കളിയാക്കി നാണി പ്പിച്ചതു്

അവറാച്ചൻ: ഓ, അതുസാരമില്ല. അവളുപാവമാ. നിന്നോടൊള്ള ഇഠംകൊണ്ടാവല്ലോം പറേന്നെ

പോത്തൻ: എനിക്കുമതറിയാം. അവക്ക് എന്നോടൊള്ള കനിവാ, കനിവേ.

അവറാച്ചൻ: നീ വല്ല കുസൃതിംകൊണ്ട് അങ്ങോട്ടുചെന്നോ? ങ്ടു- ആ സഹിച്ചോ.

പോത്തൻ: ഇല്ലാണ്ടേ സിനിമേലേക്കുട്ട് ഒന്നു നോക്കി

അവറാച്ചൻ: നോക്കിയാലൊന്നും മേരിക്കുട്ടി പെണങ്ങത്തില്ല. അവളെന്റെ മോളാ

പോത്തൻ: അതിനെന്നാ സംശം. പിന്നെ ഞാൻ രണ്ടു തേൻവാക്കുടെ വിളിച്ചു.

അവറാച്ചൻ: കണ്ടോ കണ്ടോ. അപ്പം നീയല്ലിയോ കുററക്കാരൻ. പിന്നെന്റെ പെണ്ണിനെ പഴിപറയാമൊടാ

പോത്തൻ: എന്റെ സംഭ്രമത്തിനങ്ങു പറഞ്ഞുപോയതാ. അമ്മാച്ചൻ പൊറുക്കണേ!

അവറാച്ചൻ: പൊറുത്തെടാ പൊറുത്തു. ഞാനുമിതുകൊറെ തുള്ളിയോനാ. നിന്നെ കുററം പറയാനില്ല.

പോത്തൻ: അമ്മാച്ചൻ പെരുത്തുകനിവൊള്ളോനാ

അവറാച്ചൻ: നീ ഒന്നുകൊണ്ടും പേടിക്കാതിരി. അവടെ പള്ളിക്കൂടത്തിപോക്കൊന്നു കഴിയട്ടെ എന്റെ മേരിക്കുട്ടി നിനക്കൊള്ളതുതന്നെ,

പോത്തൻ: അതല്ലേലും അമ്മാച്ചനെന്റെ പൊന്നമ്മാച്ചനാ (അവറാച്ചനെ കെട്ടിപിടിക്കുന്നു)

അവറാച്ചൻ: എടാ വിടെടാ. മെര നാണക്കേട്. നീയൊരു കാര്യംചെയ്യ്. ഈ പത്രകടലാസൊന്നു വായിച്ചേ. ഞാൻ മുഴുക്കെനോക്കിയില്ല.

(പോത്തൻ താഴെകിടക്കുന്ന പത്രമെടുത്തു നിവർത്തിയിട്ട് വായന തുടങ്ങുന്നു).

പോത്തൻ: മദ്ധ്യപൗരസ്ത്യപ്രതിസന്ധികട്ടം കൂടുതൽ കരുതരമാകുന്നു. ചാകേ്തയച്ചേരികൾ ആഹവസന്നാഹത്തിലേർപ്പെട്ടുന്നു ഇഡ്ഢ്യൻ പ്രധാനമന്ത്രിയുടെ താക്കീതു്. അന്ത്യനിമിഷത്തിലും ഒരു യുദ്ധവിപത്തു് ഒഴിവാക്കിയിട്ടില്ല. റോയിട്ടർ:ബ്രസീൽ ക്ലോ 1.

അവറാച്ചൻ. നിർത്തടാ നിർത്ത്. അതിലൊരച്ചരം എനിക്കു പിടികിട്ടിയില്ലല്ലോടാ.

പോത്തൻ: എനിക്കു മങ്ങനെതന്നെ.

അവറാച്ചൻ: ആ ഒടുക്കം വായിച്ചതെന്നാ

പോത്തൻ: യുദ്ധമുണ്ടാകുമെന്നാ.

അവറാച്ചൻ: ഒണ്ടാകുമോടാ, യുദ്ധമൊണ്ടാകുമോ? അപ്പം നെല്ലിനും റബ്ബറിനും വെലക്കൂടത്തില്ലിയോ

പോത്തൻ: പിന്നെ കൂടത്തില്ലിയോന്ന്. ഇരുവോന്നങ്ങുകൂട്ടും. കൂടികൂടിയങ്ങു മലയോളോം പൊങ്ങും.

അവറാച്ചൻ: എടാ എന്നാലേ നമ്മടെ നെല്ലും റബ്ബറുമൊന്നും ഇപ്പംവിക്കണ്ടാന്ന് ആ പുള്ളേച്ചനോടൊന്നു ചെന്നുപറ. കഴിഞ്ഞയുദ്ധത്തിനു ഞാൻ നാലരയ്ക്കു മഞ്ചിനുമാ കാച്ചിയതു്. ഒന്നു വേഗംപോയി പറയെടാ

പോത്തൻ: അതുപിന്നെന്നോട്ട പറയാനൊ
ണ്ടോ. പോയാണ്ടത്തെ യുദ്ധത്തിലല്ലിയോ അമ്മാച്ചൻ
രണ്ടേലത്തോട്ടോം കൊറെ റബ്ബറു തോട്ടോം ഇങ്ങെഴ
തിച്ചതെ.

അവറാച്ചൻ: കൊറേന്നൊന്നും പറയാനില്ല
ല്ലോടാ. ഏഴെണ്ണമല്ലെയൊള്ളൂ. ഈയാണ്ടത്തെ യുദ്ധം
കഴിമ്പഴത്തേക്ക് എനിക്ക് അമ്പതെണ്ണം എഴുതി
ക്കണം

പോത്തൻ: .എഴുതിക്കാമേ. അമ്മാച്ചനെന്തു
യോഗവാൻ

അവറാച്ചൻ: എടാ ചക്രമൊണ്ടാക്കാൻ കൊ
റച്ചു പഠിക്കാനെ കൊണ്ടോണ്ടു്. ഊത്തപോലെ വ
മ്മാണ്ടങ്ങ വന്നു കേറത്തും മറന്നില്ല. എടാ എനി
ക്കൊള്ള നെലത്തിലൊത്തിരിയും പാട്ടമല്ലിയോ. പി
ന്നെങ്ങനാഞ്ഞാനീ നെല്ലൊക്കെ വിററതെന്നറിഞ്ഞോ?
നീയെങ്ങനറിയാനാ! ചുത്തമണ്ടൻ!

പോത്തൻ: പാട്ടം കഴിച്ചൊള്ളതങ്ങുവിക്കും.
അല്ലാതെന്നാ.

അവറാച്ചൻ: പോടാ മണ്ടാ. അതെന്നാ നുള്ളി
കൊറിക്കാനൊണ്ടോടാ. പാട്ടമൊക്കെ ലവികൊട്ട
ത്തെന്നു് ഒടമസ്ഥനോട് പറയും. വെളവ് മോശമാ
രുന്നെന്നു് അങ്ങത്തെകൊണ്ടൊരു സർട്ടിപ്പിക്കേററും
ഒള്ളതെല്ലാം എൻെറ അറേലായേയാ?

പോത്തൻ; ആരയ അമ്മാച്ചനൊരു പുള്ളി.

അവറാച്ചൻ: അപ്പം യുദ്ധമൊണ്ടാകും. ഉം വേ
ഗമങ്ങ് ഒണ്ടാകട്ടെന്നെ! വല്ലോം നാലുചക്രം ഒന്നിച്ചു
കാണണേൽ യുദ്ധംവരണംമടാ വീട്ടുതോറും നൂറും
നൂററമ്പതും വന്നങ്ങനെ വീഴത്തില്ലിയോടാ: അപ്പം

നമ്മടെ നെല്ലിന് അഞ്ചുരൂഭാതരല്ലോ? ആക്കാ ഷേതം?

പോത്തൻ: ഇതിലി നീം ഒത്തിരി വായിക്കാനൊണ്ട്

അവറാച്ചൻ: നീ വായിച്ചോണ്ടു നിക്കാതെ അതിയാനെ പോയിക്കോണ്. എടാ യെടാ ആ കൊപ്രായെടെ വെലക്രൂടൊന്നു നോക്കിക്കേ.

പോത്തൻ: കൊപ്ര പൊകരാശി 560 രൂഭാ. മേപ്പടി തെളിവ് 572 രൂഭാ

അവറാച്ചൻ: അപ്പം തേങ്ങായെയ്കന്നാ വെലയായെടാ

പോത്തൻ: അതെങ്ങനറിയാനാ. പിന്നെ കൊട്ടത്താപ്പിന് 25 രൂഭാക്കമേലാകം

അവറാച്ചൻ: എന്നാതാടാ 25 രൂഭായോ. നമ്മടേതു കൊട്ടത്തു് 19 അല്ലിയോടാ. എന്റീശോ. രൂഭായെത്ര പോയെടാ.

പോത്തൻ: അമ്മാച്ചനിതുകേക്ക്. അത്ഭുതപ്രസവം. 47 കാരിയായ മാഡംക്യൂറി നാല്ല കുട്ടികളെ പ്രസവിച്ചിരിക്കുന്നു. ചിക്കാഗോ ഒക്; 1

അവറാച്ചൻ: അമ്പതിറേറഴ്, മൂന്നാറി അമ്പതു്. ഹെന്റെ കർത്താവേ!

പോത്തൻ: അമ്മാച്ചാ. ഒരുത്തി നാല്ല പെററന്നു്.

അവറാച്ചൻ: അതിനെന്നാടാ. പത്തും പന്ത്രണ്ടും പെറുന്ന പെണ്ണുങ്ങളില്ലീനാട്ടിലില്ലേടാ.

പോത്തൻ: ഒന്നിച്ചു നാല്ല പെററെന്നാ.

അവറാച്ചൻ: ഒത്തേ ഒത്തു. എന്നാപിന്നെ കെടന്നു പൊറുക്കണ്ടായല്ലോ?

പോത്തൻ: ഓലകെട്ടിയമ്പലം: സ. ലേ. പതിനൊന്നാമത്തു കടിച്ച മൂർഖൻപാമ്പിനെ തിരികെ കടിച്ചു. നാട്ടുകാർ ഈ ധീരദേശാഭിമാനിക്കു് ഒരുജല സ്വീകരണം നൽകാൻ തീരുമാനിച്ചിരിക്കുന്നു.

അവറാച്ചൻ: പോടാഭപാ. മൂർഖനെ പിടിച്ചു. കള. ഇനീം കോഴിമുട്ടയ്ക്കു വാലുകിളുത്തെന്നോ വല്ലോം കൂടെകാണും. പത്രക്കടെലാസ്യനെറക്കാനൊള്ള വേല.

പോത്തൻ: എന്നാത്താൻ പൊക്കോട്ടെ!

അവറാച്ചൻ: വല്ല പ്രതിഷേധോമൊണ്ടെങ്കി അതുംകൂടെ വായിച്ചേച്ചുപോ.

പോത്തൻ: (തിരിച്ചും മറിച്ചും നോക്കിയിട്ടു്) ഒന്നുമില്ല.

അവറാച്ചൻ: അങ്ങനെ വരാൻ വഴിയില്ലല്ലോ. ശരിക്കു നോക്കെടാ. പ്രസിഡൻ്റിൻ്റെ അങ്ങോട്ടു് കമ്പിയോ.........

പോത്തൻ; എൻ്റമ്മാച്ചാ. ഇതു കഴിഞ്ഞോണ്ടത്തേയാ

അവറാച്ചൻ: പിന്നെ നീ എവിടംകൊണ്ടാ നോക്കിയതെ

(ചോതി, ഓടിവരുന്നു. കിതയ്ക്കുന്നു.)

ചോതി: മുറിച്ചു് താത്തുമ്രാ താത്തു്.

അവറാച്ചൻ: എന്നാലതൊന്നു വെട്ടിക്കീറിയേച്ചു പൊക്കോ. നിന്നോടിന്നാളും പറഞ്ഞതല്ലിയോ?

പോത്തൻ: അമ്മാച്ചനും ഞാനും പറഞ്ഞാനീ കേക്കത്തില്ല. അല്ലിയോടാ. നീയെന്നാ നോക്കിപേടിപ്പിക്കുന്നെ!

ചോതി: മരമ്പ് മുറിച്ച്താത്തുന്നാ ഏൻ പറേന്ന്

അവറാച്ചൻ: ഹെൻെറയീശോ. ശദിച്ചോടാ. ഓടിച്ചെന്ന് മടതട്ടക്കെടാ. നീക്കൂടെചെല്ല പോത്താ. (പോത്തൻ ഓടിപോകുന്നു.) നീ എന്നാതാടാ നോക്കി കൊണ്ടു നിക്കുന്നാതെ. എൻെറ നെല്ലെല്ലാം വെള്ള ത്തിലായില്ലേ. എന്നിട്ട് നീയൊക്കെ നോക്കി നിന്നി രിക്കുന്നു. നന്ദിയില്ലാത്ത ശവങ്ങൾ!

ചോതി: മടവീണാ ഏൻ ചീവനുംഇട്ടേച്ച് ചാ ടത്തില്ലോ തമ്രാ.

അവറാച്ചൻ: എന്നാ പോത്തനെയിങ്ങ വിളി. ഇല്ലേലവനിപ്പം പത്തു പന്ത്രണ്ടുപേരേം കൊണ്ടോ ട്ടം. അന്തിക്കു രൂഭാ പതിനഞ്ച്.

(ചോതി പോത്തനെ വിളിച്ചുകൊണ്ടു വരുന്നു)

പോത്തൻ: ഇതെന്നാ കളിയാ അമ്മാച്ചാ. അ ങ്ങോട്ടു മിങ്ങോട്ടു മിട്ടുകൊരങ്ങു കളിപ്പിക്കുന്നത്.

അവറാച്ചൻ: ഇവരനോടു തന്നെ ശോദിര്.

പോത്തൻ: എടാ വാലും തലേമില്ലാത്ത ചുത്ത ശവമേ നീ ഈ പൊക്കത്തിപ്പോത്തനെ ആരെന്നു വി ജാരിച്ചു

ചോതി: കൊച്ചമ്രാ ശുമ്മാ ഒടക്കല്ലേ.

പോത്തൻ; ഉം ഒടക്കിയാൽ. അല്ല ഒടക്കിയാ ലോന്ന്

ചോതി: വല്യമ്രാനെഓത്ത് ഏനങ്ങ ശെമിച്ചു

പോത്തൻ: അല്ലാതെ എന്നെ ഓക്കാൻമേല അല്ലിയോടാ

അവറാച്ചൻ: എടാ നിത്ത്. നീ അവരനാടാ നോ ആളാകാനെ കൊണ്ടു പോന്നത്.

ചോതി: ഏ്നമതാ ശോദിക്കണെതുതമ്രാ.

പോത്തൻ: അല്ലമ്മാച്ചാ എന്നെ ഇവൻകൂടി വകവെയ്ക്കത്തില്ലെന്നായാൽ. അല്ല എന്നാചെയ്യുമെന്നുപറ.

അവറാച്ചൻ: ഇപ്പം കടമൊന്നും ഒക്കത്തില്ല. നീ പൊയ്ക്കോടാ ചോതീ.

ചോതി: കൊല്ലനടിപാടത്തെ വെള്ളമെല്ലാം...

അവറാച്ചൻ } വെള്ളമെല്ലാം......
പോത്തൻ } ഇവൻ കുടിച്ചുപററിച്ചു.

ചോതി: ഔതേപ്പച്ചൻ മുറിച്ചുതാത്തു

അവറാച്ചൻ: മുറിച്ചുതാത്തോടാ. ഔത മുറിച്ചുതാത്തോ ആരു പറഞ്ഞിട്ടാടാ അവൻ വരമ്പു മുറിച്ചതു്? എൻെറ നെലത്തീന്നാവൻ വെള്ളം താക്കാനാളായോടാ? എന്നാലൊന്നു കാണണല്ലോ? അല്ലേലെന്തിനാപറേന്നെ. നീയൊക്കെ തടിപോലെ നിക്കുവല്ലാരുന്നോ? നന്ദിയില്ലാത്ത പരട്ട

പോത്തൻ: അതെ പരട്ട.

ചോതി: ഒന്നു താഴെനില്ല കൊച്ചമ്രാ. ഏനും കാത്തീംകൂടെ കായലററം പോണനേരംകണ്ടു് ശടിച്ചുട്ടെൻെറ തമ്രാ.

അവറാച്ചൻ: ഒരുതൊള്ളിയില്ലാതെ താത്തോടാ

ചോതി: താത്തേ.

അവറാച്ചൻ: ഇതു പറയാനകൊണ്ടാണോ നീ വന്നതു്?

പോത്തൻ: അതവൻെറ മോന്ത കണ്ടാ പറേമല്ലോ.

അവറാച്ചൻ: ഇനി നമ്മളെന്നതാ എടുക്കണ്ടെ?

പോത്തൻ: തോട്ടീന്നിങ്ങു മുറിച്ചു കേററണം.

അവറാച്ചൻ: അതാണോടാ. ഔതയങ്ങ നേടിയില്ലിയോ? ഇനി വിജാരിച്ചാ എന്നാഗൊണം. ഞാറു കരിയുന്നവരെ അവൻ ആ വരമ്പത്തു നോക്കിനടക്കണെന്ന് ഞാനിവനോട്ട പറഞ്ഞതാ.

പോത്തൻ: പിന്നെ ഞാനും പറഞ്ഞതല്ലിയോ? പറഞ്ഞാലവൻ കേക്കുമോ?

അവറാച്ചൻ: എന്നാ പിന്നെ നെനക്കെങ്കിലും അവിടെ പോയി നോക്കാരുന്നല്ലോ. ങ്-ഹം-സഹിച്ചോ.

പോത്തൻ: നോക്കാമാരുന്നു. അതൊത്തില്ലല്ലോ?

(മേരിക്കുട്ടി കടന്നുവരുന്നു. പള്ളിയിൽ പോയിട്ടു വരുന്ന വേഷം. ഞൊറിഞ്ഞുടുപ്പ്, ചട്ട, കവിണിയിത്രയുമാണെന്നു സാരം. ചടച്ച നീളമുള്ള വെളുത്ത ദേഹപ്രകൃതി.)

മേരി: എന്നതാ അപ്പച്ചാ ഇവിടെ വലിയ ബഹളം.

പോത്തൻ: മേരിക്കുട്ടിയൊന്നുമറിഞ്ഞില്ലിയോ? അമ്മാച്ചൻെറ നെലത്തിലെ വെള്ളമെല്ലാം ആരാണ്ട് ഒരു രാത്രികൊണ്ടു മുക്കികൊണ്ടുപോയി. ഒണ്ടാരുന്ന മീനപ്പൊടീം ത്തുത്തുകൊണ്ടുപോയില്ലിയൊ.

മേരി: ആരു കൊണ്ടുപോകാനാ. അല്ലേൽ കുറച്ചു കൊണ്ടുപോയാലും തോട്ടനിറച്ച് വെള്ളമുണ്ടല്ലൊ.

പോത്തൻ: ഞാനുമതു പറഞ്ഞു. പക്ഷെ അമ്മാച്ചനു ബോധിച്ചില്ല. ആ ഔതയായതുകൊണ്ടാ അമ്മാച്ചനിത്ര സങ്കടം.

മേരി: അതിയാനിത്ര നടിച്ചില്ലവെള്ളം പിന്നെ ങ്ങുന്നു കിട്ടും.

അവറാച്ചൻ: നിനോട്ട് ഓച്ചാരം ശോദിച്ചോടീ. പോടീ അപ്പുറത്തെങ്ങാനും.

മേരി: അയല്ക്കാരനെ താനെപ്പോലെ സ്നേഹിക്കാനാ അപ്പച്ചാ......

അവറാച്ചൻ: നീ പോകുന്നുണ്ടോ? എന്റെ കൈയിന്നു മേടിക്കല്ലെ .അതോതേ്താ.

മേരി: ഞാൻ പോയേക്കാം. പക്ഷെ ഇല്ലാത്തോന്റെ പിടിച്ചുപറിക്കാൻ നമ്മുടെ വിശ്വാസത്തിൽ പറഞ്ഞിട്ടില്ല.

അവറാച്ചൻ: നിന്റെ ഒരു വിച്ചാസം. അതു കൊണ്ടുണ്ടു.

മേരി: ഇങ്ങനെ സമ്പാദിക്കുന്നതുതന്നെ ആത്മാവിനൊരു ഭാരമാണ്. ഒരൊട്ടകത്തിനു സൂചിയിൽ ക്കൂടി പോകാൻ കഴിയുന്നെങ്കിൽ മാത്രമേ ധനികന്ന് സ്വർഗ്ഗരാജ്യത്തിൽ പ്രവേശനമുള്ളൂ എന്ന് അപ്പച്ചൻ മറക്കരുതു്.

പോത്തൻ: } എട്ടിലപ്പടി വയററിലിപ്പടി
അവറാച്ചൻ: } പോടീ പെണ്ണേ.

മേരി: ആ പാവം ഔതച്ചേട്ടനെ അപ്പച്ചനായിട്ട് ദ്രോഹിക്കല്ലേ്. (പോകുന്നു. പോത്തനും പോകുന്നു)

അവറാച്ചൻ: നീയെവിടെ പോകുന്നെടാ. ഇവിടെവാ.

പോത്തൻ: ഞാനാ കടവരെ ഒന്നു പോയിട്ടു വരാമേ.

അവറാച്ചൻ: വരട്ടെടാ. ഇവിടെ വേറെ പണിയൊണ്ടു്.

പോത്തൻ: എന്നാലതായിക്കോട്ടെ. ഈ കോന്തനെന്തിനാ ഒളുക്ക മിഴുങ്ങി നിൽക്കുന്നതു്.

അവറാച്ചൻ: എടാ ചോതി, നീ പോയി ആ പിള്ളേച്ചനെ ഇങ്ങോട്ടു പറഞ്ഞുവിടു്.

ചോതി: (നടന്നുകൊണ്ട്) ആ തമ്പ്രാനെവിടാ ന്നോ ഏന്റെ തൈവേ. (പോകുന്നു.)

അവറാച്ചൻ: എടാ പോത്താ, ഞാനെത്ര നാള് കൊണ്ട് ആ പതിന്നാലുപറേൽ നോട്ടം തൊടങ്ങിയതാന്നറിയാമോ? അല്ലേൽ നീയെങ്ങനറിയാനാ? ചുത്തമണ്ടൻ. നമ്മടെ എൺപത്തിനാലിന്റെ വടക്കേറം, ശങ്കരൻനായരുടെ ഒററി തീറായപ്പം ഞാനവനോട് അതിനു വെല പറഞ്ഞതാ. റൊക്കം എഴുന്നൂറു രൂപാ. ഈ നാലുകൊല്ലമായിട്ടു ന്യൂറീതു കൂട്ടിക്കൂട്ടിവിളിച്ചതാ. ഇന്നാളിൽ പള്ളീന്നു വരുമ്പം അവനെ കണ്ടു. പെണ്ണിന്റെ കല്യാണത്തിനു വല്ലകാശും വേണേൽ ഞാനൊണ്ടടാ ഔസേതേ എന്നൊരോശാരം പറഞ്ഞതല്ലിയോ? അതിനവൻ പറഞ്ഞ മറുവടികേട്ടോ? അല്ലേൽ നീയെങ്ങനെ കേക്കാനാ! ചുത്തമണ്ടൻ! എന്നിട്ടവനിപ്പം വാങ്കിലേക്കു പണയാധാരം എഴുതി കാശുണ്ടാക്കി. എന്നിട്ടും നമ്മടെ ചക്രമവനു വേണ്ട.

പോത്തൻ: അതു പിന്നങ്ങനല്ലിയോ? ഇവമ്മാരു വല്ലോം അറിഞ്ഞോണ്ട് എന്നങ്ങക്കൊരൊതവി ചെയ്യുമോ? പിന്നെങ്ങനാ ഗൊണംപിടിക്കുന്നതെന്നു പറ.

അവറാച്ചൻ: വല്ലതരത്തിലും അവൻ കൊറെ രൂപായങ്ങു പററിയാമതിയാരുന്നു. എന്നാ ജയിച്ചു.

പോത്തൻ: പിന്നവന്റെ കഴുത്തു അമ്മാച്ചന്റെ കക്ഷത്തിൽ.

അവറാച്ചൻ: അതിനെന്താടാ ഒരു വഴി.

പോത്തൻ: അതിയാന്റെ പെമ്പിളേടെ മൂട്ട തല്ലിയൊടിച്ച് ആശുപത്രീക്കേററണം. അപ്പം കാശിനിങ്ങ് ഓടിഓടി വരും.

അവറാച്ചൻ: അതത്ര എളുപ്പമാണോടാ. അല്ലേലിപ്പം രൂപായിക്കാരാ തല്ലാൻ നടക്കുന്നത്?

പോത്തൻ: അതാ ഒരു കൊഴപ്പം.

(കൃഷ്ണപിള്ള പ്രവേശിക്കുന്നു. അമ്പതു് അമ്പത്തിരണ്ടിനോടടുത്ത പ്രായം. തലമുഴുവൻ നര. മുണ്ടും കറുത്ത കരയൻ നേര്യതും, വെള്ളി കെട്ടിയ കണ്ണാടിയും. അങ്ങനെയിരിക്കുമ്പോഴും കണ്ണാടി നെററിവരെ ഉയർത്തി നോക്കുന്ന സമ്പ്രദായവുമുണ്ടു്.) എന്നാ പിള്ളേച്ചാ മക്കക്കും പിള്ളേൎക്കുമെല്ലാം സൗഖ്യംതന്നെയല്ലിയോ?

കൃഷ്ണപിള്ള: അസ്മാദ്ദാശ്യരുടെ കൃപാകടാക്ഷം കൊണ്ടു് ഈ മുഹൂൎത്താവരെ അങ്ങനെതന്നെ. നാളത്തെ കാൎയ്യമാരറിഞ്ഞുവിഭോ.

പോത്തൻ: പിള്ളേച്ചൻ പഴേ ഒമ്പാംക്ലാസ്സാ അല്ലിയോ?

കൃഷ്ണപിള്ള: എന്നു പറയാനുംമാത്രമില്ല. എന്നാൽ അല്ലെന്നു ചോദിച്ചാൽ ആണുതാനും. ഉണ്ടെന്നു ചൊല്ലാനൊട്ടില്ലതാനും ഇല്ലെന്നു ചൊല്ലാനൊട്ടല്ലതാനും.

പോത്തൻ: അപ്പോഴം ഇംഗ്ലീഷിലും നല്ല പിടിയായിരിക്കുമല്ലോ?

കൃഷ്ണപിള്ള: അതു പറയാനുണ്ടോ? പഴേ ഒൻപതാംക്ലാസ്സെന്നുവച്ചാൽ ഇന്നത്തെ ബി. ഏ. എഫേ പഠിത്തം നിസ്സാരമാ, വെറും നിസ്സാരം.

പോത്തൻ: ഇംഗ്ലീഷു പറയാനുമെഴുതാനും.....

കൃഷ്ണപിള്ള: കുഞ്ഞെന്തോ വിചാരിച്ചു. അങ്ങു വെള്ളംപോലെ എഴുതാനുംവായിക്കാനും നല്ലവശമാ. ഞാൻ വിദ്യാന താഴത്തെ ക്ലാസ്സിൽ അഭ്യസിക്കുമ്പോഴാന്നാ ഓൎമ്മ, കോട്ടയത്തെ കളക്ടേർ സായിപ്പിനു് ബിലാത്തീന്നൊരെഴുത്തു വന്ന കാൎയ്യം വളരെ ഗോപ്യമാ. സായ്പ്പ് ഒരു പത്താവൎത്തി വായിച്ചിട്ടും പി

ടികിട്ടിയില്ല. ഒടനെ എനിക്കാളിനെ വിട്ടു. ഞാനങ്ങട ഗമയിൽ ചെന്ന് കിളിപോലെ വായിച്ചുകൊടുത്തു! സായിപ്പിരുന്ന് മിഴിച്ചുപോയി. മദാമ്മേടെ എഴുത്ത്! ഒടനേ ബട്ലേറെ വിട്ട് ഒരു മുണ്ടും നേര്യതും!

പോത്തൻ: എന്നാ പിള്ളച്ചനെന്നെക്കൂടിച്ചിര ഇംഗ്ലീഷ് പഠിപ്പിക്ക്.

കൃഷ്ണപിള്ള: എനിക്കതിനു നേരമൊണ്ടോ പോത്തച്ചാ. പോരാഞ്ഞ്, ഇരിക്കെ തുരുമ്പിക്കും വിദ്യയും പ്രതാപവും എന്നാ ആപ്തവാക്യം. പിന്നെ സംസ്കൃത സാഗരത്തിലേക്ക ചാടിക്കഴിഞ്ഞാൽ ഈ സി. ഏ. റ്റി. ക്യാറ്റ്, പൂച്ച ഭാഷമഹാനിഷിദ്ധം. മനസ്സിലായോ, നിഷിദ്ധമെന്ന്. ഈ സംസ്കൃതംസംസ്കൃതമെന്നു പറയുന്നത് നിസ്സാര സംഗതിയാണോ? ഒരു മഹാ സാമ്രാജ്യമല്ലേ? സംഗീതാദ്യപിസാഹിത്യം സരസ്വത്യാഃ കുചദ്വയം.

പോത്തൻ: അതേയതെ വളരെ ശരി.

കൃഷ്ണപിള്ള: പോത്തച്ചനങ്ങോട്ടുശ്രൂണു. അന്വയം, പദം, പരപ്പേറ് അങ്ങനെ പോകുന്നു ശ്ലോകം. കാവ്യം, ചമൽക്കാരം അങ്ങനെ വ്യാകരണം. ഈ വ്യാകരണം വ്യാകരണമെന്നു പറഞ്ഞാലെന്തോന്നാ. രാമാ, രാമൗ, രാമാഃ, രാമശ്ച, രാമ എന്നിങ്ങനെ വിഭക്തി. അതിന് അർദ്ധായുസ്സ്. ചമ്പുകാവ്യം, സ്രഗ്ദ്ധര, ഭൈരവി, എന്തിനധികം വിഭോ.

പോത്തൻ: എനിക്ക കേട്ടിട്ടുതന്നെ പേടിയാകുന്നു.

കൃഷ്ണപിള്ള: അതങ്ങനെതന്നെ. പലായധ്വം പലായധ്വം രേ രേ ദുഷ്കവി കുഞ്ജരഃ മനസ്സിലങ്ങറച്ചാൽ രണ്ടാ ഗുണം.

പോത്തൻ: അതെന്നാതാ?

കൃഷ്ണപിള്ള: പിന്നൊരിക്കലും മറക്കത്തില്ല. ഏതു ശ്ലോകം കേട്ടാലും ഉടനെ അൎത്ഥം തോന്നും. കരതലാമലകസന്നിഭം. കുഞ്ഞൊരു ശ്ലോകം ചൊല്ലിയേ. അമരകോശത്തീന്നോ, കുമാരസംഭവത്തീന്നോ ഏതെങ്കിലും. ഉടനെ ഞാനൎത്ഥം പറയാം.

പോത്തൻ: ശ്ലോകമെന്നുവച്ചാലെന്നാതാ?

കൃഷ്ണപിള്ള: ശ്ലോകാനാം കാവ്യമുച്യതേ. എന്നു പറഞ്ഞാൽ ശ്ലോകത്തിൽനിന്ന് കാവ്യമുണ്ടാകുന്നു. നൂലുകൾ നെയ്താൽ മുണ്ടുണ്ടാകും, കല്ലുകൾ പണിതാൽ കെട്ടിടമാകും. അതുപോലെ.

പോത്തൻ: ഇതൊക്കെ എങ്ങനെ മനസ്സിലിരിക്കും പിള്ളേ.

കൃഷ്ണപിള്ള: മനസ്സിലിരിക്കും. ഇരുന്നേ പറ്റൂ. ഇല്ലെങ്കിൽ ആശാനങ്ങോട്ട് കളരിയുടെ തുലാത്തേൽ തലകീഴാക്കി കെട്ടിത്തൂക്കും. അടിയിൽ ഉമിത്തീയും. എന്തിനാ അർത്ഥം തോന്നിവരാൻ.

പോത്തൻ: ഹോ! അതു പറവുമോ പിള്ളേച്ചാ.

കൃഷ്ണപിള്ള: പറവുമോന്ന്. പുകയങ്ങനെ ഗുമുഗുമാ പൊങ്ങുമ്പം അവനൊററ ശ്വാസത്തിന് നാലർത്ഥംവരെ പറയും.

പോത്തൻ; അതു നടപ്പില്ല പിള്ളേ.

കൃഷ്ണപിള്ള: അങ്ങനല്ല. ഞാൻ കേട്ടിട്ടുള്ളോനാ.

അവറാച്ചൻ: നീയാപാടത്തോട്ടു ചെല്ലടാ പോത്താ. നടിച്ചിലിനിറങ്ങിയ പെണ്ണാള്ക്ക് കൊക്കുപോലെ വരമ്പത്തിരിക്കുവാരിക്കും. ഒന്നുപോയി നോക്ക്. [പോത്തൻ പോകുന്നു.] പിള്ളേച്ചനറിഞ്ഞോ, ഔതനമ്മുടെ

നെലത്തീന്ന് നടിച്ചിലിന്ന് വെള്ളം താത്തു. ഇതി യാൻ പറഞ്ഞപണി വല്ലോം പററിയോ?

കൃഷ്ണപിള്ള: അതെൻെറ കുററമാണോ? ആ ചോദിക്കുടെ കൂടിക്കോണ്ടാ വെള്ളം കൊട്ടത്തിരിക്കു ന്നതു്. വേലിതന്നെ വിളവു തിന്നു.

അവറാച്ചൻ: അതൊത്തതാന്നോ പിള്ളേ. അവനങ്ങനെ ശതി ചെയ്യുമോ?

കൃഷ്ണപിള്ള: അതും ചെയ്യും, അതിനപ്പുറോം ചെയ്യും. അവനൊക്കെ ഒററക്കെട്ടാ. പിന്നിപ്പോഴത്തെ കാലോം. കലികാലേ വിപരീത ബുദ്ധി എന്നല്ലേ ആപ്തവാക്യം.

അവറാച്ചൻ: എന്നാൽ കൊള്ളാമല്ലോ. ആഹാ! ഒരു കടേൽ രണ്ടു കള്ളോടമോ? ഇനി എന്നാ ചെയ്യുമെന്നു പറ.

കൃഷ്ണപിള്ള: ഒരുപെററീശനെഴുതി അങ്ങു കൊടുത്തുകളയാം.

അവറാച്ചൻ: എന്നതാ, എന്നതാ.

കൃഷ്ണപിള്ള: പെററീശൻ. പോലീസ് പെററീശനേ. ഇപ്പഴത്തെ എച്ചു്. സി. വളരെ നല്ലവനാ. നമ്മടെ സ്വന്തത്തിൽ പെട്ടവനാ. ഞാൻ പറഞ്ഞാൽ ഊർജ്ജിതമായി അന്വേഷിക്കും.

അവറാച്ചൻ: അവരിപ്പം ഇതിനൊന്നും വരത്തില്ല. തൊപ്പിക്കാരടെ മൂക്കിലെ മീശകൂടെ ഒരു തിരുമേനിയായിട്ടു കരിച്ചുകളഞ്ഞില്ലിയോ. പിന്നെങ്ങിനെ നാടു നന്നാകും.

കൃഷ്ണപിള്ള: അതൊക്കെ ചുമ്മാ പറേന്നതാ അവറാച്ചാ. പണമെറക്കാമോ നമുക്കു കേസു ശാർജ്ജു ചെയ്യിക്കാം. അതു ഞാനേററു.

അവറാച്ചൻ: അതുഗൊണമില്ല പിള്ളേ. വേറെ വഴിയുണ്ടെങ്കിപറ.

കൃഷ്ണപിള്ള: വഴിയാണോ ഇല്ലാത്തത്. വേണമെങ്കിൽ ചക്ക വേരേലും കായ്ക്കും. മനസ്സിലാ്യോ. വേരേലും കായ്ക്കുമെന്ന്. നമുക്ക സിവീലായി അരകൈ ഒന്നു നോക്കാം. പ്ലീസിലൊരു കേസ് പതിക്കണം. അവൻ വട്ടം കറങ്ങുന്നതുകാണാം

അവറാച്ചൻ: അതെന്നതാ ഈ പ്ലീസ്. വല്ല മേയർ സൂട്ടുമാണേൽ ഇപ്പഴത്തെ കോടതീൽ ഗൊണമില്ല

കൃഷ്ണപിള്ള: പ്ലീസു പ്ലീസെന്നു പറഞ്ഞാൽ പ്രതി ബലമായി വാദിയുടെ വസ്തുവിൽ കേറിയെന്നൊരന്യായം. ഒരൊടൻ ജപ്തി. ഇഞ്ചക്ഷൻ, ഒടൻ രസീവറു് എന്നു വേണ്ട എല്ലാം കൂടൊരു വെടിക്കെട്ട്. പ്രതി ആനയെകൊല്ലിയായിക്കോട്ടെ, തന്നൊഅടിയറവു പറയും. പിന്നാ ഈ ഊതിയാപ്പറക്കുന്ന ഒൗത മാപ്പള.

അവറാച്ചൻ: ഇതുകൊള്ളാം കൊള്ളാം പിള്ളേ. എന്നാ ചെലവുവരും. അതുപറ.

കൃഷ്ണപിള്ള: സാരമില്ല. ഈ കേസിനു നമ്മളു മതിക്കുന്നതാ വില അല്ല സ. ല.

അവറാച്ചൻ: എന്നു വച്ചാലെ കൊണ്ടെന്നതാ?

കൃഷ്ണപിള്ള: നമുക്കിഷ്ടം പോലെയങ്ങു കോടതിച്ചിലവു വെയ്ക്കാമെന്ന്. പത്തെങ്കിപത്ത്, നൂറെങ്കി നൂറ്.

അവറാച്ചൻ: നമുക്ക പത്തുമതി. അതുകൊണ്ടു് കൊഴപ്പമില്ലല്ലോ?

കൃഷ്ണപിള്ള ഇല്ലെന്നോ ഞാനല്ലയോ പറയുന്നതു്. ആ കമ്മീഷനും രസീവക്കും വല്ലതും കൊടുക്കണം അവറാച്ചന്റെ മനസ്സുപോലെ. എന്തുകൊണ്ടെന്നാൽ അവരുടെ പേനാതുമ്പലാ നമ്മുടെ ബലം അവരുപിടിച്ചെഴുതിയേച്ചാൽ പിന്നെ ഔതനെലത്തിൽ കാലു കുത്തത്തില്ല.

അവറാച്ചൻ: അതുമതി. അവൻ വരമ്പത്തങ്ങനെ നോക്കിനിക്കണം. താറാവുപോലെ. കിട്ണപിള്ളേച്ചാ, നമക്കിപ്പംതന്നെ കേസുകൊടുക്കണം.

കൃഷ്ണപിള്ള: അങ്ങനെ എടുത്തുചാടാൻ വരട്ടെ ഒരു കാര്യം. നിനയ്ക്കുമ്പോൾ പലരോടും തിരക്കേണം എന്നാ ആപ്തവാക്യം. ഈ ആപ്തവാക്യത്തിന്റെ കാര്യം പറഞ്ഞാൽ ആദ്യം കടുക്കും പിന്നെ മധുരിക്കും.

അവറാച്ചൻ: അതുകള വക്കീലിനെന്നാകൊടുക്കണം.

കൃഷ്ണപിള്ള: അപ്പത്തിനിത്ര നെയ്യ് കൂടിയാൽ ഗുണമല്ലയുള്ളു. ഈ ട്രസ്പീസുകേസും ഇഞ്ചക്ഷനും ഒരു വിധക്കാരു പിടിക്കത്തില്ല. നല്ല മനക്കരുത്തുവേണ്ട കാര്യമാ.

അവറാച്ചൻ: ആട്ടെ, പത്തുരൂഭാതെകച്ചു വെച്ചോ. അല്ലേലും സാമി വല്യകൊതിയനാ.

കൃഷ്ണപിള്ള: സ്വാമിക്കിവിടം കൊണ്ടിതൊന്നല്ല. എന്നാലും ഇഞ്ചക്ഷനവല്ലോം വേറെ ചെയ്യണ്ടായോ? ഒടയോനും ഓടാനും കേട്ടവരുത്തരുതല്ലോ. പറഞ്ഞതു മനസ്സിലായില്ല.

അവറാച്ചൻ: അതിന്റൊടെ പത്തുവെച്ചോ. ഒടൻ കാക്ക് അയ്യഞ്ചു്.

കൃഷ്ണപിള്ള: അയ്യോ അതിന്റെ കാലമൊക്കെപോയില്ലേ. അവറാച്ചനറിയാഞ്ഞോ. ഇരുപത്തി

ഞ്ചിൽ കീഴോട്ട നോക്കണ്ടേ പിന്നെ സക്കാരിനുള്ള പടി ഒരമ്പതു്. ആ നമുക്കു നാല്പതടസ്സക്കാരുവേണം.

അവറാച്ചൻ: കേസാണേ പിന്നെന്നാത്തിനാ അടിപിടി.

കൃഷ്ണപിള്ള: ഇതതല്ല അവറാച്ചാ. നമ്മുടെ ഭാഗം തെളിവിലേക്കു സാക്ഷിപറയാനാണു്. അവരെ ഒരു പത്തുനാല്പതുകൊണ്ടു നിത്താം.

അവറാച്ചൻ: ഇതെന്നാകളിയാ ഇതിയാൻ പറേന്നതു്. എലിചാടി പുലിയായപോലെ

കൃഷ്ണപിള്ള: ഒള്ളോനല്ലിയോ കേസുകളിക്കാൻ സാധിക്കൂ.

അവറാച്ചൻ: എല്ലാംകൂടെ എന്നാവരുമെന്നാ.

കൃഷ്ണപിള്ള: ഒരു ഇരുന്തൂററി......

അവറാച്ചൻ: എൻെറ പൊന്നു പിള്ളേച്ചാ ഈ പൊല്ലാപ്പൊന്നും നമ്മക്കുവേണ്ട.

(കർട്ടൻ)

## രംഗം രണ്ടു്

കൃഷ്ണപിള്ളയുടെ ഭവനം. ഒരു പഴയ നായർ വീടിനകം മാധവിയമ്മയുടെ വേഷം റൗക്കയും മേൽമുണ്ടും പുടകയും

കൃഷ്ണപിള്ള: മാധവീ ഇതെന്താപാലൊഴിച്ചകാപ്പിയാണോ

മാധവി: നിങ്ങക്ക കണ്ണു കണ്ടുക്രൂടെ.

കൃഷ്ണപിള്ള: അതുതന്നെ പറഞ്ഞത്തു്. പാലൊഴിച്ച കാപ്പി അതായത്തു് പാലു ചേക്കാത്ത, കാപ്പിയെന്നു്. (ഒന്നു മോന്തുന്നു) അയ്യേ ഇതെന്താ കടുക്കാവെള്ളമാണോ. ഥൂ.

മാധവി: വേദാണ്ടലിങ്ങേ തന്നേരു്, വായിലൊഴിച്ചു് തുപ്പിക്കളെയണ്ട. കാശ്ശുകൊടുത്താ കാപ്പിപ്പൊടി വാങ്ങുന്നതു്.

കൃഷ്ണപിള്ള; ഇതിൻെറ പേരും കാപ്പിപ്പൊടിന്നാണോടീ ഇതിലുംഭേദം കുടിക്കാതിരിക്കവാ. ഹോഷ്ടേററിലെ കാപ്പി രണ്ടുദിവസം ചെല്ലാതായപ്പഴത്തേക്കു് ഞാനങ്ങു ക്ഷീണിച്ചുപോയി. അല്ല തീരെക്ഷീണിച്ചെന്നേ.

മാധവി: എന്നാൽ അവിടെത്തന്നെ അങ്ങുപൊറുത്തോ. ഓ ഇങ്ങേരടെ ഒരെഷ്ടേട്ടുകാപ്പി.

കൃഷ്ണപിള്ള: എങ്ങനെ പറയാതിരിക്കുമെടി, മാധവിക്കുട്ടീ. അവൻെറയാപതേം ഗുമുഗുമായൊള്ളമ

ണോ൦കൊണ്ടുതന്നെ തൃപ്തിയാകുമല്ലോടി. എന്തോന്നാ സാധനം മൂക്കു ബോണ്ടായാ.

മാധവി: എന്നാലതേല് രണ്ടുകുപ്പികൂടെ കൊണ്ടുവരാരുന്നല്ലോ. ഇങ്ങേക്കിടല്ലലും പണ്ടേ വീട്ടുകാരെ സ്നേഹമില്ല.

കൃഷ്ണപിള്ള: അങ്ങനെവല്ലോം കൊണ്ടുപോരുന്നതു് നമുക്കു യോഗ്യതയാണോ?

മാധവി: എന്നാവാങ്ങിച്ചോണ്ടുവരണം

കൃഷ്ണപിള്ള: അതിനെന്തോ വിലയാന്നാനിന്റെ വിചാരം

മാധവി: എടഷ്ടൂട്ടിൽ വല്യ ഉദ്യോഗസ്ഥനല്ലിയോ. പിന്നെന്തിനാ ഈ സൂര്യോദയം കാപ്പികുടിക്കുന്നതു്.

കൃഷ്ണപിള്ള: ഇതു മുഴുക്കെ പുളിങ്കുരുപൊടിയാ. ഇതു കുടിച്ചാൽ ദഹനക്കേടുവരും. ഹാ ഇപ്പം ആ തേയില ഒരു കപ്പ് കിട്ടണം എതു്, എലത്തേയിലേ. കടിക്കാൻ വല്ലബിസ്കോത്തും ഒരു കട്ട കമ്മും.

മാധവി: പിന്നെ വീശിത്തരാനൊരു മദാമ്മേം!

കൃഷ്ണപിള്ള: ഞാനത്രക്കു ഭാഗ്യവാനാണോ മാധവീ.

രാമച്ചവിശറി പനിനീരിൽ മുക്കി
ഓമൽ കൈവളകിലുങ്ങെ ഒട്ടു വീശിച്ചും.

മാധവി: ഓതൊടങ്ങി ഒരു പാട്ടു്. ഭാഗ്യം തെളിഞ്ഞു് നെററിവഴിമേലോട്ടു കേറുന്നുണ്ടു്.

കൃഷ്ണപിള്ള: എനിക്കിവിടധികം ദിവസം താമസിക്കാൻ മേലാ. പിന്നെ കൃഷിക്കാലമാകുമ്പം ഞാനില്ലാതെ അവറാച്ചന് ഒരു ശിരില്ല. അതാ ഇവിടെതന്നെ പിടിച്ചുനിർത്തുന്നതു്. പക്ഷെ എന്റെ ദിനചര്യയെല്ലാം കുഴപ്പത്തിലാകുന്നു. കാലത്തെ കുതി

രസവാരിയില്ലാത്തു് ദേഹത്തിനൊരു ന്മേഷമില്ല. വ്യായാമം ഖലുധർമ്മസാധനം എന്നാ ആപ്തവാക്യം:

മാധവി: എന്നാലൊരു കുതിരേം ആനേംകൂടെ ഇങ്ങോട്ടു കൊണ്ടുപോരാമായിരുന്നല്ലോ.

കൃഷ്ണപിള്ള: അതും വിഷമം. കുതിരക്കു് ഇവിടത്തെ ശീതോഷ്ണാവസ്ഥ പിടിക്കത്തില്ല.

മാധവി: ഞാനറിയാണ്ടു ചോദിക്കുവാ. ഇങ്ങേരടെ ഈ ഡീക്കു കേട്ടാ ഇതൊരമ്മച്ചിവീടാന്നു തോന്നുമല്ലോ.

കൃഷ്ണപിള്ള: അതിലെന്താ ഒരു കുറവുവന്നുപോയതു്? ഈ നാട്ടിൽ എന്നെപ്പോലെ ജോറായി ജീവിക്കുന്നവരെത്ര പേരുണ്ടെടി. ഒന്നു പറഞ്ഞെകേക്കട്ടെ!

മാധവി: കണ്ടോൻെറ വീട്ടനെരങ്ങി എന്തിനാ ഇങ്ങനെ കഴിയുന്നതു്. നമക്കൊള്ളതു നോക്കികണ്ടു് എടുത്തു തിന്നരുതോ.

കൃഷ്ണപിള്ള: ഓ തിന്നു. അതിനാരാ പാടുപെടാൻ. അവറാച്ചൻെറ ഔദാര്യംകൊണ്ടു് മേടത്തിൽ മേടത്തിൽ ഉള്ള നെല്ലിങ്ങുകിട്ടും. വല്ലതുമറിയണോ അരചക്രം മുടക്കണോ? ഇങ്ങനാരുതരുമെന്നാ എൻെറ പെമ്പ്രന്നോരു വിചാരിച്ചിരിക്കുന്നതു്.

മാധവി: ഓ. നെലത്തിലൊണ്ടാകാണ്ടു് ആരും തരത്തില്ലേ. അതോ ഇങ്ങേക്കു സൗജന്യമാണോ?

കൃഷ്ണപിള്ള: ഇതോരോരുത്തരു് പറയുന്നതല്ലയോ. അവരുടെ കണ്ണുകടികൊണ്ടാ. ബഹുജനം പലവിധം.

മാധവി: നമുക്കു തരുന്നപാട്ടം കൊറവാന്നാ എല്ലാരും പറയുന്നതു്. നല്ല ഒന്നാംതരം നെലമല്ലിയോ

കൃഷ്ണപിള്ള: എന്നാ നീ പോയി അങ്ങ കൃഷി ചെയ്യ്.

മാധവി: ആ ചെറുക്കനെത്രനാളൊണ്ട് പറേന്നു.

കൃഷ്ണപിള്ള: അതിനു പണമെവിടിരുന്നിട്ടാടീ. എനിക്കുകൃഷിക്കു മൊടക്കാൻ കാശില്ല.

മാധവി: അവനെങ്ങനേം നടത്തിക്കോളും.

കൃഷ്ണപിള്ള: ഓഹോ നടത്തിക്കോളും. വീട്ടിൽ കൊള്ളാത്തോനാ നാട്ടുഭരിക്കാൻ പോകുന്നത്. എടി കണ്ടടത്തൊക്കെനടന്ന് പ്രസംഗിക്കുന്നപോലാണോ കൃഷിയെ്കറങ്ങിയാൽ.

മാധവി: എന്നാലുമൊന്നു നോക്കരുതോ. നഷ്ടമാണേൽ പിന്നെ വേണ്ടാ.

കൃഷ്ണപിള്ള: നഷ്ടപ്പെട്ടാലാരുത്തരിക്കുമെടി. നിൻെറ വീട്ടീന്നിങ്ങു കെട്ടിതരുമോ?

മാധവി: അതിങ്ങേരോട്ട് ചോദിച്ചോ. ഒന്നിങ്ങോട്ടു ഒഴിപ്പിച്ചേ. ഒഴിഞ്ഞുതരുന്നതുതന്നെ കണ്ടറിയണം.

കൃഷ്ണപിള്ള: അതു കാര്യംതവറെ. ഇപ്പം വേണോ ഇപ്പംകിട്ടും. അങ്ങനാണ്ഞങ്ങളു തമ്മിലുള്ള ഇരിപ്പ്.

മാധവി: എന്നിട്ടിങ്ങേരീ മഞ്ഞുംകൊണ്ട് പുഴക്കടിംപിടിച്ച് മലേചെന്നു കെടന്നിട്ട് എന്തവാ വാരിക്കോരി തരുന്നത്.

കൃഷ്ണപിള്ള: അതറിഞ്ഞിട്ട് നിനക്കു കാര്യം?

മാധവി: അല്ല .ഞാനറിയാഞ്ഞു ചോദിക്കുവാ. ഇവിടൊന്നും കൊണ്ടുവന്നു കാണുന്നില്ല

കൃഷ്ണപിള്ള: അതൊക്കെ യോഗ്യതപോലെ ചെയ്യുന്നുണ്ട്, അല്ലെങ്കിൽ ചെയ്യും.

മാധവി: എന്നാന്നാ?

കൃഷ്ണപിള്ള: ആവശ്യമുള്ളപ്പോഴെല്ലാം തരും. ഞാനതിന്ന കണക്കു പറയത്തില്ല. അന്തസ്സുള്ളവര് അങ്ങനെ കണക്കുപറയാനൊക്കത്തില്ല.

മാധവി. ഈ അന്തസ്സുകൊണ്ട് ഉണ്ടോണ്ടിരിക്കാമല്ലോ പിന്നെ നിങ്ങക്ക് നിങ്ങടെ കാര്യം നോക്കിയാൽ പോരേ.

കൃഷ്ണപിള്ള: ഇവിടൊള്ള നെല്ലും തേങ്ങായും പിന്നാരാടി കൊണ്ടുപോകുന്നത്. ഞാനാണോ?

മാധവി; ഓ അതുകൊണ്ട് ആണ്ടുമുഴക്കെ ഓണമല്ലിയോ

കൃഷ്ണപിള്ള: അതിന്ന തലേലെഴുത്തുനന്നായിരിക്കണമെന്ന പറയുന്നത്. അന്യഥാചിന്തിതം കാര്യം ദൈവമന്യത്ര ചിന്തയേൽ എന്നാ......

മാധവി: ഇങ്ങേരടെ ഒരു അക്ഷരശ്ലോകം. ഇതും ചൊല്ലിക്കോണ്ടിരുന്നാൽ മതിയല്ലോ.

കൃഷ്ണപിള്ള: നീയെന്നെകൊണ്ടു് ഒന്നും പറയിക്കല്ല്, കേട്ടോ

മാധവി: ഓ, ഇങ്ങേരുകൊറെ പറഞ്ഞു. ഞാനെത്ര കണ്ടതാ

കൃഷ്ണപിള്ള: ഞാനെറങ്ങി അങ്ങ് എവിട്ടെങ്ങാനും പോയ്കളയും. പറഞ്ഞേക്കാം.!

മാധവി: പിന്നിവിടെല്ലാം ചുററി. ഓ ഓന്നുചുമ്മാതിരി. (കൃഷ്ണപിള്ള ഒരററത്തേക്കു നടക്കുന്നു. എതിരേ രാജുവന്നുകേറുന്നു. പിതാവു് നില്ക്കുന്നു. രാജു നല്ല ചുറുക്കുള്ള യുവാവാണു്. പ്രായം 30—ൽ കവിയുകയില്ല).

രാജു: ഇന്നത്തെ മീററിംഗ് ഒന്നു കാണേണ്ടതായിരുന്നു. ആയിരകണക്കിനല്ലേ ആവേശഭരിതരായ

ജനങ്ങൾ തടിച്ചുകൂടിയതു്. എന്തുശിരൻ പ്രസംഗങ്ങളും. ഈ കുട്ടനാട്ടിൽ അടുത്തെങ്ങും ഇത്ര നല്ല ഒരു യോഗം ഉണ്ടായിട്ടില്ല.

മാധവി: എന്തൊന്നിന്റെ മീററിംഗമായിരുന്നെടാ കുഞ്ഞേ

രാജു: തൊഴിലാളിയുടെയും കർഷകന്റെയും അവകാശദിനാചരണ മീററിംഗ്

കൃഷ്ണപിള്ള: ഇന്നവരുടെഅവകാശമുറച്ചോ? എന്നാലിനിയങ്ങു കേറിതാമസിച്ചുകൊണ്ടാൽ മതി.

മാധവി: നിങ്ങളുപോയി വല്ലഅക്ഷരശ്ലോകോം ചൊല്ലിയാട്ടെ!......ആരൊക്കെയാ പ്രസംഗിക്കാൻ.

രാജു: നമ്മുടെ പ്രിയപ്പെട്ട മന്ത്രിമാരിൽ ഒരാളുണ്ടായിരുന്നു

കൃഷ്ണപിള്ള: ആളുകൾ കൊല്ലാൻ തുടങ്ങിയതോ തല്ലാൻ തുടങ്ങിയതോ?

രാജു: ജനകീയ വിരുദ്ധശക്തികളുടെ കുത്തിത്തിരിപ്പൻ പോക്രുത്തുകളാണതെല്ലാം. എന്നാൽ ഇതുകൊണ്ടൊന്നും സാക്ഷാൽ ജനഹിതത്തെ താറടിച്ചു പ്രദർശിപ്പിക്കാൻ സാദ്ധ്യമല്ല.

മാധവി: ഇന്നത്തെ മീററിംഗത്തിന്ന വല്യ എഴുന്നള്ളത്തുണ്ടായിരുന്നോ?

രാജു: ഘോഷയാത്രയല്ലേ? നാട്ടുചുററി നാലായിരം പേരുവരുന്ന ഒരു നെടുങ്കൻ ജാഥാ, മണിമാളികകൾ വിറച്ചുപോകുന്ന ഉഗ്രൻ മുദ്രാവാക്യങ്ങൾ. ആ ഇടിനാദംകേട്ടു് ജനവഞ്ചകന്മാർ പത്തിയും താഴ്ത്തി വിലങ്ങളിലേക്കു വലിഞ്ഞു. ആ മൃദുനിനദം ശ്രവിച്ച തൊഴിലാളി കർഷകരുടെ മനസ്സു് മയിലുപോലെ ആ

ശവിരിച്ചങ്ങനെ ആടി. അഃമ്മ ആ രംഗമൊന്നുകാണേണ്ടതുതന്നെയായിരുന്നു.

മാധവി: ഇതിനൊക്കെ പെണ്ണുങ്ങൾ എറങ്ങിയാൽ പിന്നെ കുടുമ്മമൊണ്ടോ.

കൃഷ്ണപിള്ള: ഇനി അതിന്റെ കുറവേയുള്ളു.

രാജു: അങ്ങനെ കുടുംബമഹത്വം കാത്തുകൊണ്ടിരിക്കേണ്ടകാലം കഴിഞ്ഞു അമ്മേ. സാധാരണക്കാരന്റെ ജീവിതത്തിലേക്കു അമ്മയും അച്ഛനും എല്ലാപേരും ഇറങ്ങണം. അതാണു ഞങ്ങളുടെ ലക്ഷ്യം ഈ യോഗത്തിൽ പറയുന്ന കാര്യങ്ങളൊന്നും കാണാനില്ലാത്ത ദിക്കിലെ വിശേഷങ്ങളല്ല. നമ്മുടെ ചുററിനും എന്നുമെന്നും കാണുന്ന ഒരായിരം അനീതിയുടേയും ചൂഷണത്തിന്റെയും നീറുന്ന പ്രശ്നങ്ങളാണു അവിടെ ചർച്ചചെയ്യപ്പെടുന്നതു്. അവയെ ധീരധീരം നേരിട്ടു തോല്പിക്കാൻ തന്നെ ജനലക്ഷത്തെ ആഹ്വാനം ചെയ്യുന്നതു്. ഉത്തേജിപ്പിക്കുന്നതു്.

കൃഷ്ണപിള്ള: ഇങ്ങനെ നാടുനീളെ ആഹ്വാനിച്ചോണ്ടു നടന്നിട്ടു് എന്താടാ ഒന്നും മാറാത്തതു്.

രാജു: മാറുന്നുണ്ടു്. പത്തുകൊല്ലംകൊണ്ടു മാററാവുന്നതു് ഒരു ദിവസംവൊണ്ടു് വ്യത്യാസപ്പെടുന്നുണ്ടു്.

മാധവി: പിന്നവിടെ പാട്ടും നാടകോമൊണ്ടായിരുന്നോ?

കൃഷ്ണപിള്ള: എന്നിട്ടി കൈക്രൂലിയെത്ര കുറഞ്ഞു.

രാജു: അതു കുറയാത്തതു് കൊടുക്കാനാളുണ്ടായിട്ടാണു്

കൃഷ്ണപിള്ള: ഇതു നല്ലസമാധാനം തന്നെ. പണത്തിനു പലിശകൂട്ടുന്നതും, സാധനങ്ങൾക്കു വില

ഭകറവുന്നതും പട്ടാപ്പകൽ പിടിച്ചു പറിക്കുന്നതുമൊക്കെ സാരമില്ലാരിക്കും.

രാജു: അതിനല്ലേ പലിശ കുറയ്ക്കാൻ നിയമം നിർമ്മിക്കുന്നത്. സാധനവില ക്രമപ്പെടുത്താൻ ന്യായവിലഷാപ്പുകളും തുറന്നിരിക്കുന്നു.

കൃഷ്ണപിള്ള: ഇരുന്നൂറുകൊല്ലംകൊണ്ടു് തിരികെകിട്ടാനായിട്ടു് മേലാലാരും കടംകൊടുക്കത്തില്ല പത്തുചക്രം തികച്ചു് വായ്പകിട്ടുന്നതുകണ്ടറിയണം.

രാജു: അപ്പോൾ കടംകൂടാതെ മനുഷ്യൻ ജീവിക്കാൻ പഠിക്കും.

കൃഷ്ണപിള്ള: ചോറുണ്ണാതെകൂടെ ജീവിക്കാൻ നിങ്ങള് പഠിപ്പിക്കുമോ? ഓ അതിനായിരിക്കും പിണ്ണാക്കരികൊണ്ടുവന്നിരിക്കുന്നത്. നിങ്ങളുടെ രാജധാനിയിലും ഇങ്ങനെയാണോ സ്വർഗ്ഗംസൃഷ്ടിച്ചത്.

രാജു: അവിടങ്ങളിലെ സുഖസമൃദ്ധിപറഞ്ഞാൽ അപ്പനേപ്പോലുള്ളവർ വിശ്വസിക്കുകയില്ല. എത്രയോ മഹാന്മാർ കണ്ടുകണ്ടു് മുക്തകണ്ഠംപ്രശംസിച്ചുപോരുന്നു.

കൃഷ്ണപിള്ള: ഈയലിനെപ്പോലെ എങ്ങാണ്ടു് മനുഷ്യരെ കൊന്നൊടുക്കിയെന്നു പറയുന്നതെന്തിനാ.

രാജു: അവിടെ ഒരു വിപ്ലവത്തിൻെറ നാന്ദിമാത്രം.

കൃഷ്ണപിള്ള: നാന്ദിഇത്രകേമമായപ്പോൾ നാടകം പറയാനുണ്ടോ പൊടിക്കും.

രാജു: എല്ലായിടത്തും ഒരു മഹാവിപ്ലവം കൂടാതെ സമൂലപരിവർത്തനം സാദ്ധ്യമല്ല.

കൃഷ്ണപിള്ള: എന്തിനാ ഒരോ ചക്രവർത്തിമാരുടെ തലയങ്ങു തട്ടുന്നതു്.

രാജു: ബറിയായുടെ കാര്യമാണതു്. അങ്ങനെയുള്ള ജനായത്ത വിരുദ്ധ ചിന്തകന്മാർ ജീവിച്ചിരുന്നുകൂടാ.

മാധവി: മോനേ ഇങ്ങേരിങ്ങനെ കൊനിഷ്ടു ചോദ്യംകൊണ്ടുനില്ക്കും. നീവന്നിത്തിരി കാപ്പികുടിക്കു്

രാജു: ആരെയും സമ്മതിപ്പിക്കുന്ന മറുപടി ഞങ്ങൾക്കുണ്ടു്. ഞാൻ വരുന്നമ്മേ. (മാധവി പോകുന്നു)

കൃഷ്ണപിള്ള: എനിയ്ക്കൊന്നുമുണ്ടായിട്ടു ചോദിക്കുന്നതല്ല. ഈയിടെ നിങ്ങടെ വല്യകാരണവൻെറ പടോം പ്രതിമേം കത്തിക്കുകയും അദ്ദേഹത്തെ ചീത്ത പറയുകേം ചെയ്യ്തോ. അതെന്താ?

രാജു: ആരുടെയായാലും പിൻതിരിപ്പൻ ആശയഗതികൾ ഞങ്ങളുപേക്ഷിക്കും. ഇന്നു ഞങ്ങൾ സമാധാനത്തിൽ വിശ്വസിക്കുന്നു.

കൃഷ്ണപിള്ള: അപ്പോൾ നിങ്ങളെ നിങ്ങളുടെ സന്താനങ്ങൾ ചീത്ത പറയും.

രാജു: അതിനെന്താണു്. ഇന്നു് കാശ്മീരിലെയും ഗോവയിലെയും കാര്യങ്ങളിൽ അഭിപ്രായവ്യത്യാസമുള്ളവരില്ലേ?

കൃഷ്ണപിള്ള: പഠിച്ചു ജയിച്ചവനെയെല്ലാം തെക്കാം വടക്കാം നടത്താതെ എന്നാ വല്ലോംകൊടുക്കുന്നതു്. അതോ അക്കരപ്പച്ചപോലാണോ അതും.

രാജു: പലകാലമായി വർദ്ധിച്ചുവരുന്ന തൊഴിലില്ലായ്മ ഒന്നോ രണ്ടോ കൊല്ലംകൊണ്ടു് പരിഹരിക്കാൻ സാധിക്കുന്നതാണോ. നല്ല ഫലദായിവ്യവസായങ്ങൾ തുടങ്ങുമ്പോൾ കുറെയൊക്കെ പരിഹൃതമാകും.

കൃഷ്ണപിള്ള: ഓ വ്യവസായം തുടങ്ങി. ഇവിടിനി ബുദ്ധിക്കുസ്ഥിരതയുള്ളവരാരും ഒന്നും തുടങ്ങത്തില്ല. ഉള്ളവരെക്കൊണ്ട് ചക്രശ്വാസം വലിപ്പിക്കുകയല്ലേ? കിട്ടിയതങ്ങ് അരിച്ചു തീർത്തോണ്ടാൽ മതി.

രാജു: ഇതൊക്കെ രാഷ്ട്രീയമുതലെടുപ്പുകാർ നടത്തുന്ന ദുഷ്പ്രചരണമാണ്. ഈ കേരളത്തിൽ ഒന്നാം കിടവ്യവസായങ്ങൾ ഉടനെ തുറന്നു പ്രവർത്തനം ആരംഭിക്കുക തന്നെ ചെയ്യും.

കൃഷ്ണപിള്ള: പിന്നൊന്താ വരുന്നവരു് വരുന്നവരു് കൈയ്യും മലത്തി അങ്ങുതിരിച്ചുപോകുന്നതു്. എന്നിട്ടിപ്പം തൊഴിൽ സമാധാനംപറഞ്ഞു് ഓടിനടക്കുകയല്ലേ? പശുനെ കൊന്നപ്പഴാ മോരിൻെറ പുളി ഓർത്തു്.

രാജു: അർത്ഥമില്ലാത്ത പ്രക്ഷോഭണമാണിന്നു് നാട്ടിലുടനീളം നടക്കുന്നതു്. തടിവലിക്കുന്ന താപ്പാനയല്ല അദ്ധ്യാപകൻ. അയാളെ ഇടംവലം പഠിപ്പിക്കാൻ ഒരു പാപ്പാൻെറ ആവശ്യമില്ല.

കൃഷ്ണപിള്ള: പിന്നെ നിങ്ങളുടെ ഒരു ഭ്രനിയമം. പാർട്ടോം ഒററീം ഒക്കെ അടിച്ചുടയ്ക്കുന്ന വലിയ ചുററിക. എടാ പാട്ടവസ്തുവൊന്നും ഒഴിയെണ്ടാന്നുവന്നാൽ തെണ്ടാൻ പോകുന്നതാരാ? നിന്നെപ്പോലുള്ള നായന്മാരാ, നായന്മാർ.

രാജു: നായരെന്നോ കൃസ്ത്യാനിയെന്നോ നോക്കി ഒരു നിയമം നിർമ്മിക്കാൻ സാദ്ധ്യമാണോ? പിന്നെ സക്കാരിന്നേതു ജാതി?

കൃഷ്ണപിള്ള: എന്നാൽ ഓരോപട്ടികയ്ക്കും കഴക്കോലിനും തലയെണ്ണിയെന്തിനാ ഉദ്യോഗം വെച്ചി

രിക്കുന്നതു്. അവിടെ ജാതിനോക്കണം. നായരെ മുടി ക്കുന്നതിനു ജാതിനോക്കണ്ട. അല്ല ഇതങ്ങു വറത്തെ ട്ടത്തേച്ചാൽ ഇവിടെ സ്വർഗ്ഗമായല്ലോ?

രാജു: അതല്ല പ്രശ്നം. കൃഷിഭൂമിയഥാർത്ഥകർഷ കന്റേതായാൽ മാത്രമേ അവനു് ജോലിചെയ്യാൻ മനസ്സുവരുകയുള്ളു. അപ്പോൾ മാത്രമെ അവന്റെ ന ട്ടവു് നിവന്നു നാടിനു നന്മവരൂ!

കൃഷ്ണപിള്ള: അതുകൊള്ളാമല്ലോടാ. ആരാ നിന്റെ യീപരമാർത്ഥ കർഷകൻ? പണ്ടൊന്നും ഈ കുട്ടനാട്ടിൽ കൃഷിയില്ലായിരുന്നോ? വേലക്കാരാരും ജോലിചെയ്തിട്ടില്ലാരുന്നോ? പാട്ടംപിടിക്കാൻ ആളി ല്ലാതെ നിലമങ്ങു കിടന്നുപോയിട്ടുണ്ടോ? അങ്ങനെപാ ട്ടം കൊടുത്തു എത്രപേർ തെണ്ടിപ്പോയി? അതല്ലപാ ട്ട വസ്തുകൊണ്ടു് എത്രയോ വീടുകൾ നന്നായിട്ടുണ്ടു്എ ന്നു് ഓക്കു്.

രാജു: ആ കാലം മാറിയില്ലേ? ഇപ്പോൾ ജന ങ്ങൾ വർദ്ധിക്കുകയും ജീവിതോപായങ്ങൾ ക്രമത്തി ലടയുകയുമല്ലേ?

കൃഷ്ണപിള്ള: എന്നാൽ നിങ്ങളൊരുകാര്യം ചെയ്യു്. മേലാലാരും മനുഷ്യരായി ജനിക്കരുതെന്നു് ഒരു നിയമമങ്ങു് പാസ്സാക്കു്.

(കർട്ടൻ)

## രംഗം മൂന്നു്.

അവറാച്ചൻെറ വീട്ടുമുററം

അവറാച്ചൻ: കൊയ്ത്തുംമെതീം പിടിക്കാറായപ്പഴത്തേക്ക് കടമെത്രയായെടാ ചോതീ. അതോ കണക്ക തീക്കുമ്പം ഇങ്ങോട്ടുതാരാനെകൊണ്ടേകാണത്തെം. ള്ളോ?

ചോതി: തമ്പ്രാൻെറ പേനേൻെറ കണക്ക്, ഏൻെറ കയ്യീൻെറ പണി.

അവറാച്ചൻ: കിട്ടുമ്പം കിട്ടുമ്പം ചൂടായിട്ടങ്ങമോന്തിയേച്ചാ പിന്നെങ്ങനെ വാക്കികാണുമെന്നുപറ. അന്നന്ന് കൊറെമിച്ചം വെക്കണം. അപ്പം ഈ പട്ടിണിയൊക്കെയങ്ങുമാറും. നിന്നെകൊണ്ട് സൂക്ഷിക്കാമ്മേലെങ്കി നമ്മടെ ചിട്ടിലോട്ടിങ്ങേപ്പീരു്.

ചോതി: അതൊന്നും അടിയാന്മാരു പടിച്ചില്ലാമ്പ്രാ. വാകീറിയ ഒടേതമ്പ്രാകരിക്കാടി മുട്ടിക്കുവേല.

അവറാച്ചൻ: എടാ ദൈവപുത്രനും ഇതുതന്നെ പറഞ്ഞിട്ടുണ്ടെടാ. ആകാശത്തെ പച്ചിക്ക് അറ വേണോന്നു്. അതേടാ പാപികടെ ഭാരംതാങ്ങാൻ വന്നോൻെറ ഓരോ വാക്കും ഓരോ മാണിക്യകല്ലാടാമാണിക്യകല്ല്.

ചോതി: ചോതീനുമതൊക്കെ വല്യവിച്ചാതാമാന്നോ!

അവറാച്ചൻ: വിച്ചപസിക്കണമെടാ വിച്ചപസിക്കണം. അതുതന്നെ പറഞ്ഞിരിക്കുന്നതു് മുട്ടുവിൻ തുറക്കപ്പെടും. അല്ലയോപാപികളായുള്ളോരെ, ഭാരം ചൊമക്കുന്നോരെ, നിങ്ങളെൻെറ അരിക്കത്തേക്കു വരിൻ, എന്തുകൊണ്ടെന്നാൽ സൊഗ്ഗരാജ്യം നിനക്കുള്ളതാകുന്നു.

ചോതി: ഈ പൂമീൻെറ പാടൊന്നുതീന്നിട്ടേനെങ്ങനെ സൊഗ്ഗത്തിപ്പാനാ.

അവറാച്ചൻ; അങ്ങനെ വിജാരിക്കാതെ ചോതി ദൈവപുത്രൻെറ മുന്നോടി ചൊന്നതു നീ കേട്ടിട്ടുണ്ടോ അല്ല; നീയെങ്ങനെ കേക്കാനാ! ദൈവപുത്രനൊള്ള വഴി നിങ്ങള്ക്ക് വെടിപ്പാക്കുവിൻ, എന്തുകൊണ്ടെന്നാൽ കായ്ക്കാത്തമരമെല്ലാം മൂട്ടിൽ കോടാലിവച്ചു് തീയിലേയ്ക്കിടും. അതിൻെറ അത്ഥം നിനക്കു മനസ്സിലായോടാ

ചോതി: കായ്പ് നിക്കുമ്പം മെട്ടിക്കീറി കത്തിക്കുമെന്നു്.

അവറാച്ചൻ: അതല്ലടാ മണ്ടാ. പച്ചാത്തപിക്കാത്തോനെ നരകത്തീയിലിടുമെന്നാ അതിൻെറ അത്ഥം.

ചോതി: അപ്പം മോട്ടിച്ചേച്ചു് പച്ചാത്തപിച്ചാ പാപം പോമോ തമ്രാ.

അവറാച്ചൻ; എടാ അതിനു തിരുവചനം വേറെയൊണ്ടു്. അല്ലയോ പാപികളെ! നീ കൊല ചെയ്യരുതു്, വ്യഭിചരിക്കരുതു്, കള്ളസത്യം ചെയ്യരുതു്, അയല്ക്കാരനെ ദ്രോഹിക്കല്ല് അങ്ങനെ പത്തു തിരുവചനങ്ങൾ. നീയിതുവല്ലോംകേട്ടിട്ടൊണ്ടോ—അല്ല നീയെങ്ങനെ കേക്കാനാ. എടാ ജ്ഞാനതഥാനം മുങ്ങി ഇങ്ങോട്ടു ചേര്, വല്ലരക്ഷേം വേണേങ്കി. നീകേട്ടോ

ദൈവപുത്രൻ പറേകാ, കരുണയുഃള്ളാൻ അനുഗ്രഹിക്കപ്പെട്ടോനാകുന്നു. എന്തുകൊണ്ടെന്നാൽ അവന്ന് ദൈവകാരുണ്യം കിട്ടും. മനസ്സുതെളിഞ്ഞവനും അനുഗ്രഹിക്കപ്പെട്ടവനാണ്. അവൻ ദൈവത്തെക്കാണും. എനിക്കുവേണ്ടിദുഃഖിക്കുന്നോനും, പണിയെടുത്തു ഷീണിക്കുന്നോനും അനുഗ്രഹിക്കപ്പെടും, അവനുള്ള സമ്മാനം സൊർഗ്ഗരാജ്യത്തു് ഇരുപ്പൊണ്ടു്. അതിനാൽ പാപികളെ ഷണം പച്ചാത്തപിക്കുക. ഇനി നെനക്കു് ഉറപ്പു വന്നോടാ.

ചോതി:- യേശുത്തമ്രാൻെറ ചൊല്ലുകേട്ടു നടക്കുന്നോരാരാ തമ്രാ? ഒന്നടിച്ചാ പിന്നേം നിന്നുകൊടുക്കുന്നതാരാതമ്രാ? ഒരു കീറത്തുണിക്കെരന്നാൽ ഒരുടുപ്പൂടെ കൊടുക്കുന്നതാരാതമ്രാ?

അവറാച്ചൻ:- എടാ നമ്മക്കും ജീവിക്കാനൊള്ളതു നോക്കാതൊക്കുമോ? അതു പാടില്ലെന്നു് ദൈവപുത്രൻ പറഞ്ഞിട്ടില്ല.

ചോതി:- വേദപൊത്തകത്തിലെക്രുട്ടങ്ങ്എല്ലാ ജാതിക്കാരും കഴീവാരുന്നേ ഈ പൂമി പണ്ടേ നൊാക്കത്തിനും മോളിഃപ്പായേനേതമ്രാ.

അവറാച്ചൻ: അതുകൊണ്ടു് നീ യേശുവിൽ വിച്ചാതിക്കത്തില്ല അല്ലിയോ? കടലിനുമീതേക്രുടെനടന്നദൈവപുത്രനെ, കുഷ്ടക്കാരെ പൊറുപ്പിച്ചുവിട്ട യേശുമിശിഹായെ, കരിശിത്തറച്ചു് കല്ലറയ്ക്കകത്തടക്കിയിട്ടും മൂന്നാംനാൾ ഉയിത്തെണീററ മരണമില്ലാക്രിസ്തുവിനെ നീ ആശ്രയിക്കത്തില്ല, അഃല്ലടാ

ചോതി:- തമ്രാക്കന്മൊരെക്കാളും അടിയാത്തരാത്തു വാക്കു പോലെനടക്കുന്നോരു്.

അവറാച്ചൻ:- എന്നാൽപിന്നെ നിനക്കെന്തു

കൊണ്ടു് കൃസ്ത്യാനിയായിക്കൂടാ. എടാ ഞാൻ ശോദിക്കവാ നീയല്ലേ സത്യകൃസ്ത്യാനിയെന്നു്.

ചോതി:- അങ്ങനെചോതിയങ്ങ് ചാണ്ടിപ്പെലേനായിതീരാൻ നിച്ചയിച്ചിട്ടില്ലേ.

അവറാച്ചൻ:- നിനക്കു പറഞ്ഞാ മനസ്സിലേകറത്തില്ലെങ്കി ഞാനെന്നാ ചെയ്യും?

ചോതി:- ആരെടെമതത്തിച്ചേന്നാലും പെലേന് മേലയെടുക്കാതെക്രൂലിയില്ലതമ്രാ

അവറാച്ചൻ:- നിനക്കൊക്കെ വാരിക്കോരിതരാമ്പോന്ന പരണമല്ലിയോ കൊണ്ടുപിടിച്ചങ്ങനെനടക്കന്നതു്. ഒള്ളോനെയെല്ലാം ചെരട്ടയെടുപ്പിച്ചു് എല്ലാരേം ഒരുപോലാക്കാൻ പോവല്ലിയോ?

ചോതി:- അപ്പടിയൊന്നുമില്ലമ്രാ. വേലക്കാരന ഒത്ത ക്രൂലി കൊടുക്കണേന്നോ നിയമോള്ളൂതമ്രാ.

അവറാച്ചൻ:- വേലയെടുക്കന്നവന്റെ മനഃസ്ഥപോലേം എന്നിട്ടു് ആണ്ടൊടുക്കം വോണസിന്ന് അത്യാഗ്രഹോം. തോട്ടത്തിലെല്ലാം അരക്ഷിതം. ഒള്ള റബ്ബറുപാലുമുഴക്കെ മോട്ടീരാ. വല്ലോം കിട്ടുന്നതു് കാശാക്കാനൊള്ള പാടു് ചെഷമൊള്ളോക്കറിയാം. എന്നാ ഒരുത്തനോടൊന്നൊറക്കെ മിണ്ടാമോ? ഒടനെ യൂനിയനായി, ഇങ്കുലാസായി, അത്യാഗ്രഹമായികെടക്കപ്പൊറുതിയൊണ്ടോ? എല്ലാം അരക്ഷിതം.

ചോതി:- പിന്നെ മേലക്കാരന് ക്രൂലി മേണ്ടേതമ്രാ?

അവറാച്ചൻ:- വേണ്ണെടാ വേണം. അതു മാത്രംമതിയോ? ഈ കാടായകാടൊക്കെ വെട്ടിത്തെളിച്ചു് റബ്ബറും ഏലോം പിടിപ്പിച്ചു് കരോംകെട്ടി ഓരോ മണ്ടന്മാരു് ചാവാനൊള്ളപ്പം അവന്മാക്കു് പാറേ

ദുതോ ഇങ്ങോട്ടെടെന്നു്. അവരേതാണ്ടു് ദണ്ണിച്ചത ല്ലിയോ?

ചോതി:- പിന്നെ തമ്പ്രാക്കന്മാരാന്നോ റപ്പേറും എല്ലാം വച്ചുവളത്തിയേ.

അവറാച്ചൻ:- പിന്നാരാടാ. ഞങ്ങള്ള ക്രലി കൊടുത്തു വേലയെടുപ്പിച്ചിട്ടല്ലേ. അതോ തന്നെ കി ളുത്തുവന്നതാണോ? പിന്നോരോരുത്തരു പള്ളിക്കൂടം കെട്ടിയിട്ടപ്പം ഇങ്ങടകൊണ്ടുവാന്നപറേന്നതുപോലെ പ റേരുതോ? ആരാ ശോദിക്കാൻ!

ചോതി:- ലാവത്തിൻെറ വീതമാ അവരുചോ ദിക്കുന്നെ!

അവറാച്ചൻ:- ഏതു ലാഭം. എന്തു ലാഭം. എടു ത്താപൊങ്ങാത്ത ലാഭമൊണ്ടായിട്ടാ ഇതൊക്കെളന്തി തള്ളികൊണ്ടുപോകുന്നതെന്നാ നിൻെറയൊക്കെ വി ജാരം. എടാ ആദായനികുതീം, അതിനുനികുതീംഎ ത്രകൊടുക്കണ്ണമെന്നറിയാമോ? വിക്കുന്നതിനും, വി ക്കാത്തതിനുമെല്ലാം ക്രടെ എന്തു രൂഭാ സക്കാരീ കെട്ട ണമെന്നറിയാമോ? കണക്കും കന്ത്രാണ്ടോം എഴുതാ നും നോക്കാനും എത്രപേക്ക് ശമ്പളം, അലവൻസ് എണ്ണന്നമെന്നറിയാമോ? പിന്നാലാവം. കള.

ചോതി:- പണ്ടത്തെതീന്നു് കൊറെകൊറഞ്ഞാ രിക്കും.

അവറാച്ചൻ:- കൊറഞ്ഞോന്നോ. ഇനി അവി ടെ കാണുന്നവരേം മരോമേ വാക്കിയൊള്ളു. ഈവ ലായൊക്കെ അങ്ങെടുത്തേച്ചാ മതിയാരുന്നു. പള്ളി ക്രൂടത്തിൻെറക്രട്ടഇതങ്ങെടുക്കവേല.

ചോതി:- ആരാ ഒടേതമ്പ്രാനാന്നോ.

അവറാച്ചൻ:- അല്ലെടാ; നിൻെറ സക്കാരീന്നു്

മൊടക്കമൊതലിങ്ങ കിട്ടിയേച്ചാ വീട്ടിക്കെത്തിയിരിക്കാമല്ലോ. സൊഭല്ലമില്ല.

ഭ്രോതി:- തമ്പ്രാനപ്പം എന്നാകിട്ടും.

അവറാച്ചൻ:- ചെലവാക്കിയതെങ്കിലും കിട്ടാണ്ടാക്കമോടാ. കാടുവെട്ടിത്തെളിച്ചതും, കരംകൊടുത്തതും,മരംപിടിപ്പിച്ചതുംഎല്ലാംകൂടെഒരഞ്ഞഞ്ചെരലച്ചത്തിൻെറ വരും.

ഭ്രോതി:- പിന്നീനെലത്തിൻേറംകൂടെ എതുലച്ചമാ തമ്പ്രാ

അവറാച്ചൻ:- അതു മുക്കാലും പാട്ടനെച്ചമല്ലിയോടാ. ഒടമത്തന്ന് ശോദിക്കമ്പം അങ്ങവിട്ടുകൊടുക്കണ്ടായോ. അല്ല ഇപ്പം പാട്ടംകൊടുത്താമതി. അതിച്ചിര താമസിച്ചാലും കേസു വരാനെകൊണ്ടില്ല.

ഭ്രോതി:- സവേല് വില്ല വരാമ്പോണതമ്പ്രാ. ഈ പാട്ടോം കൊടുക്കണ്ടാന്ന്.

അവറാച്ചൻ:- ഈശോമിശിഹായ്ക്ക് സുതിയായിരിക്കട്ടെ. അതൊടനെ വരുമോടാ.

ഭ്രോതി:- ഈയാണ്ടിവരുമേ.

അവറാച്ചൻ:- ഒത്തതാണോടാ. എന്നാ നമ്മക്ക് അടുത്താണ്ടേക്ക് ഒരായിരപ്പറ നെലംകൂടെ പാട്ടത്തിന പിടിക്കണെടാ. വേണേങ്കി മുമ്പേരും കൊടുത്തേക്കാം. ലാഭമൊള്ള ഏർപ്പാടാ.

ഭ്രോതി:- അതൊക്കത്തില്ല. വീടൊന്നിന് 15 ഏക്രാ.

അവറാച്ചൻ:- അതുവല്യ ശ്രദിയാന്നല്ലോ. പിന്നൊരുകാര്യം ചെയ്യാം. അളിയന്മാരടെ പിള്ളേരടെം തന്തമാരടെം പേരെക്കെല്ലാം ഓരോ പ്രതിനഞ്ചേങ്ങ് ചാരെഴുതാം. അതിയാന്മാക്ക് കഴച്ചോടമാ. വാക്കി

മേരിക്കുട്ടിയുടെ സ്ത്രീദനമാക്കാം. പിന്നെ വാക്കിവ ന്നാൽ ഞാനതു പള്ളിക്കു ദാനം ചെയ്യും.

ചോതി:- അപ്പം തമ്പ്രാനു സൊർഗത്തിലും പാം.

അവറാച്ചൻ:- അതേപ്പററി അല്ലേലും എനിക്കു പേടിയില്ലെടാ. ഞാൻ രണ്ടന്തിക്കും തെററാതെ സ്ത തി ചൊല്ലുന്നുണ്ടെടാ. എന്നും പ്രാത്ഥിക്കാൻ പള്ളീ പോകുമെടാ. മാസത്തിലെത്ര കർബാനയാ ഞാൻ ന ടത്തിക്കുന്നതെന്നറിയാമോ? അല്ലേൽ നീയെങ്ങനെ അറിയാനാ. ഇപ്പം നാലുകൊല്ലമായി ഒരു ദെവസി പെരുന്നാളും നടത്തുന്നില്ലേ. പിന്നെ ഞാൻ സൊഗ്ഗ ത്തി പോയില്ലേൽ ആരാ പോകാൻ.

ചോതി:- അതു പറവും തമ്പ്രാ. പിന്നേ എമ്പത്തിനാലിലെന്നതാ ശങ്ങലേം കമ്പീനുമൊക്കെ കണ്ടേ?

അവറാച്ചൻ: നിലമൊന്നളക്കണെന്നു് ഞാൻ അ ക്കണ്ടേണ്ടിനോട്ട് പറഞ്ഞിരുന്നു. കൊറച്ചുനാളായി നമ്മുടെ പൊറവരമ്പു് അങ്ങകത്തോട്ട് വലിയുന്നു. ഔ തയിങ്ങു കേറികേറിവരുകാ. അളന്നൊരു കല്ലിടീച്ചേ ക്കാം. പിന്നെവഴക്കില്ലല്ലോ.

ചോതി: ഔതാച്ചൻ പാവമാ തമ്പ്രാ. അതി യാൻ മരമ്പു മാററത്തില്ല.

അവറാച്ചൻ: നീയവൻെറ ഭാഗമാ. എടാ ര ണ്ടുവക്കേലും ചവിട്ടി ഊന്നുന്നതു സൂച്ചിച്ചുവേണേ!

ചോതി: അയ്യോ ഏനതുമല്ലോം കാട്ടുമോ തമ്പ്രാ

അവറാച്ചൻ: എന്നോട് പൂച്ചാണ്ടമൊന്നും എടു ക്കാതെടാ. പിന്നാരെ കണ്ടോണ്ടാടാ അവൻ വെ ള്ളം മുറിച്ചുതാത്തതു്. ഇല്ലേലവൻെറ നെല്ലിക്കൊ ല്ലും കരിഞ്ഞു തുന്നാംപാടത്തില്ലാരുന്നോ? അപ്പം പ

റേന്ന വെലയ്ക്കുക്കു്അതിങ്ങ തരത്തില്ലാരുന്നോ?

(ചോതി നിശ്ശബ്ദനായിനില്ക്കുന്നു)

എന്തെടാമിണ്ടാത്തെ നിന്നെയൊക്കെ എനിക്കറിയാം ഇ്വിടുന്നു വല്ലോം പററിക്കാൻ എൻെറാപ്പാരി നിക്കും. ഇവിടുന്നു പടിയെറങ്ങിയാൽ നീയൊക്കെ ഒരു സെററു്. അല്ലപിന്നെ നീ ദൈവദോഷിക്കു വോട്ടു കൊടുക്കുമാരുന്നോ അതുപറ?

ചോതി: പെലേനെ കണ്ടാ അറിയാത്തോനു് ഏൻ വോട്ടെന്തിനാ തമ്പ്രാ.

അവറാച്ചൻ: ഹതാ പറഞ്ഞതു് നീ ബഡ്ഡാ കമ്മൂണിസ്റ്റാ.

(കർട്ടൻ)

## രംഗം നാല്.

മേരിക്കുട്ടിയുടെ പഠനമുറി. ഭിത്തിയിൽ ക്രിസ്തു, കൃഷ്ണൻ ബുദ്ധൻ, ഗാന്ധിജി, ഇവരുടെ പടങ്ങൾ തൂക്കിയിട്ടിട്ടുണ്ട്. ഒരു മേശ അതിന്മേലൊരു ഫ്ളവർവേസും പൂക്കളും, പോൺഡ്സ് പൗഡർ, ഹെയർഓയിൽ കണ്ണാടി ഇത്രയും. കുറച്ചു മാറി ഒരു സോഫാ. അതിനും പിറകിൽ ഒരു ഹാർമ്മോണിയവും സ്റ്റൂളും.

കൃഷ്ണപിള്ളയും പോത്തനും രണ്ടു വശത്തുനിന്നുമായി വരുന്നു.

കൃഷ്ണപിള്ള: പോത്തൻ കുഞ്ഞെന്താ ഇങ്ങോട്ടു വന്നതു്?

പോത്തൻ: കൃഷ്ണപിള്ളേച്ചനെന്നാതാ ഇതിലെ പോന്നതു്?

കൃഷ്ണപിള്ള: ഞാനിതിലെയങ്ങോട്ടു അവറാച്ചനെ കാണാൻ പോകുകാ.

പോത്തൻ: ഞാനിതിലേയിങ്ങോട്ട് അമ്മാച്ചനെ കാണാണ്ടുപോരുവാ.

കൃഷ്ണപിള്ള: ഈ ഒളിച്ചു കളി കുറെ അധികനാളായല്ലോ തുടങ്ങീട്ട്.

പോത്തൻ: എന്നിട്ടൊരു ഗൊണോം കാണുന്നില്ലല്ലോ പിള്ളേ

കൃഷ്ണപിള്ള: കാണാണ്ടുവരാൻ വഴിയില്ലല്ലോ.

പോത്തൻ: ഒരു കനിവുമില്ല പിള്ളേച്ചാ.

കൃഷ്ണപിള്ള: കുഞ്ഞിന്റെ ഉത്സാഹക്കുറവുകൊണ്ടാ ഏറ്റതെ മനസ്സിലായില്ല. ഉത്സാഹമില്ലായ്മ. അതു പററുകയില്ല. ഉത്സാഹിനാം കിമു പുരുഷപുംഗവാ എന്നാ ആപ്തവാക്യം.

പോത്തൻ: എന്റെ കൃഷ്ണപിള്ളേ, ഇതിൽക്കൂടതലെങ്ങനാ ഉത്സാഹിക്കുന്നത്. ആ ഹാജീനെക്കൊണ്ട് ഒരു ചരടുകെട്ടിച്ചു. ആ മന്ത്രവാസീനെക്കൊണ്ട് ഒരാവാഹനയും. ഇതു കണ്ടോ പത്തിത്തി കണ്ട ഒരു മോതിരമാ.

കൃഷ്ണപിള്ള: ഇതൊക്കെ പഴഞ്ചൻ പ്രയോഗങ്ങളാണ്. ഇപ്പഴത്തെ കൊച്ചുമിടുക്കികളോട് അതൊന്നും പററത്തില്ല. നല്ല മിന്നൽ വേല വേണം ഏറ്റതേ മിന്നൽ വേല.

പോത്തൻ: എനിക്കതേലൊന്നു വെച്ചുതാ.

കൃഷ്ണപിള്ള: അതിനെന്താ. ഇതൊക്കെ എനിക്കിനി എന്തിനാ.

പോത്തൻ: എന്നാപിള്ളയ ചിടിരി. മുറുക്കാനോ വല്ലോം വേണെങ്കി ഞാനോടിപ്പോയി മേടിച്ചോണ്ടുവരാം,

കൃഷ്ണപിള്ള: ഛേ, അതൊന്നും വേണ്ട. പിന്നെ ഗുരുദക്ഷിണ ഗുരുദക്ഷിണ എന്നൊന്നുണ്ട്.

ഗുരുവിൻകാലുവന്ദിച്ച് ആകാശത്തും ഭൂമിയ്ക്കും
തൊഴുകൈകെനീട്ടി കിഴക്കോട്ടുതിരിഞ്ഞൊട്ട്
വട്ടത്തിൽകറങ്ങിയിട്ടവിടങ്ങനിരിയ്ക്കുക.

(പോത്തൻ അതുപോലൊക്കെ ചെയ്യുന്നു.)

ഇനി തുടങ്ങാം. ഹരിശ്രീ ഗണപതായെ നമ: അവിഘ്നമസ്തു. കുഞ്ഞെന്തെല്ലാം നേരിൽ പറഞ്ഞിട്ടുണ്ട്.

പോത്തൻ: ഞാഌനാ. ഇതേപററി ഒരക്ഷരം മിണ്ടീട്ടില്ല. ഇല്ലെന്നേ സംശയമില്ല.

കൃഷ്ണപിള്ള: അതെന്താ? കുഞ്ഞിന്റെ മനസ്സിലിരിക്കുന്നതു് ഗണിച്ചറിയാനൊക്കുമോ? അതും മുഖദാംഗനമാക്കു്. ആരാ ഈ മുഖദാംഗന പറയാം.

ഉഡുരാജമുഖി മൃഗരാജകടീ
ചടുലായതമിഴി മധുരാധരഹസീ
മത്തഭസന്നിഭ മന്ദഗതീ.

പോത്തൻ: പിളേള്ളച്ചനൊരു സാറാകണ്ടതാരുന്നു. എന്നാ പിള്ളാരങ്ങനെ പഠിച്ചു പഠിച്ചു കേറത്തില്ലേ.

കൃഷ്ണപിള്ള: അതും കുറെ നോക്കിയതാ. മുൻഷി ഉദ്യോഗമേ. അന്നു പിന്നെ മുപ്പത്തിയഞ്ചിനൊപ്പിട്ടാൽ കിട്ടുന്നതു് പതിനഞ്ചാ കോട്ടിനും സൂട്ടിനും അതു വല്ലോം മതിയോ.

പോത്തൻ; അപ്പം പിളേള്ളച്ചൻ സാറാ, മുൻഷിസാറു്. അല്ലിയോ.

കൃഷ്ണപിള്ള: കുഞ്ഞെന്തു വിചാരിച്ചു.

പോത്തൻ: ഞാൻ വിചാരിച്ചു വക്കീല്ല ഗുമസ്തനാന്നു്.

കൃഷ്ണപിള്ള: ഛേ ഛേ......നമുക്കു് നാന്ദി കഴിഞ്ഞു് വിഷ്കംഭത്തിലേക്കങ്ങു പ്രവേശിക്കുകതന്നെ! (പോത്തൻ മിഴിച്ചു നില്ക്കുന്നു.) കുഞ്ഞു് ചിന്തിച്ചുറച്ചു് ഉദ്ദിഷ്ടദേവതയെകണ്ടു് സങ്കടമങ്ങു പറയുക.

പോത്തൻ: എന്റെ സാറെ ഞാനെന്നാതാ ഒന്നു പറയുന്നതു്.

കൃഷ്ണപിള്ള: അതെന്തായാലും വേണ്ടുകില്ല. നല്ലനേരോം കാലോം നോക്കാതെ കേറിച്ചെന്നാങ്ങ്

വിളമ്പരുത് എന്നുമാത്രം. അപ്പോൾ ഫലം വിപരീതമാ വ്യാജസ്തുതി സ്ഥിരം നിന്ദാ നിന്ദതാൻ സ്തുതിയായയ് വരും.

പോത്തൻ: നല്ലനേരമെങ്ങനാ തിട്ടപ്പെടുത്തുന്നതു്? കാലത്തെ കാപ്പികുടശേഷവും രാത്രി അത്താഴത്തിനു മുമ്പും നല്ലനേരമാ അല്ലെ മുൻഷിസാറെ.

കൃഷ്ണപിള്ള: കുഞ്ഞു് തോക്കിൽ കേറി വെടിവെയ്ക്കാതെ. അതിനുമില്ലേപ്രമാണം. ഞാനെല്ലാം ഈ പ്രമാണം നോക്കി ചെയ്യുന്നോനാ. അതു കൊണ്ടു് ഒരു തെററും വരുകയില്ല. വെണ്ണസ്മേരമുഖീം കരത്തുമുരളം കന്ദർപ്പമന്ദാക്ഷരാ എന്നാപ്രമാണം കുഞ്ഞിനു മുഴവൻ പിടികിട്ടിയില്ലായിരിക്കും. ഞാൻ പറഞ്ഞുതരാം. വെണ്ണസ്മേരമുഖീം– വെണ്ണപോലെ വെളുക്കെ ചിരിക്കുന്നവൾ. മറേറതിത്തിരി പറയാൻ കൊള്ളാത്തതാ.

പോത്തൻ: സാറെ ഞാനപ്പം ചിരിച്ചു കൊഴഞ്ഞോണ്ടു ചെല്ലണം. ശരിയല്ലിയോ?

കൃഷ്ണപിള്ള: അതിൽ തെററില്ല. പക്ഷേ ആരാധനാമൂർത്തികൂടി ചിരിച്ചോണ്ടങ്ങനെ നില്ക്കണം എന്നാ മഹാവിദ്വാന്മാർ പറഞ്ഞിരിക്കുന്നതു്. പ്രസന്നാവദനംധ്യായേൽ സർവ്വവിഘ്നോപശാന്തയേ എന്നാ ആപ്തവാക്യം.

പോത്തൻ: അതിനിപ്പം എന്നാ പണി. അവളെക്കൊണ്ടുപോയി ഒരു മലയാളം പടം കാണിച്ചാ മതിയോ?

കൃഷ്ണപിള്ള: അതൊക്കെ ഇഷ്ടം പോലെ: പിന്നെ അതിമധുരമായി സംഭാഷിക്കണം.

പോത്തൻ: അതിനാഃന്നാ വിഷമം. ഇച്ചിര പച്ചാരയങ്ങ വായിലിട്ടാൽ ചത്താലുമായി.

കൃഷ്ണപിള്ള: ഈ പ്രേമത്തിന്റെ കാര്യത്തിലു മുണ്ട് നാലുവഴി. സാമദാനഭേദദണ്ഡം. സാമത്തിലാ ണെങ്കിൽ എൻെറ കണ്ണേ, കരളേ, ചക്കരെക്കട്ടീ എ ന്ന് തുടങ്ങണം. ദാനമായിട്ടാകുമ്പോഠം, നിനക്കെന്റെ സവ്വസ്വവും തന്ന് ഞാൻ പാപ്പരായിക്കോളാമേ എ ന്നുതുടങ്ങാം. മൂന്നാമത്തേതാ ഭേദം. ബ്രാഹ്മണ, ക്ഷ ത്രിയ, ശൂദ്ര എന്നപോലെ. നമ്മുടെ മനസ്സൊന്നല്ല ഭയാ, നിനക്കുവേണ്ടിയല്ലേ ഞാൻ വല്ലോം കഴിക്കുന്ന തും ഉറങ്ങുന്നതും, എന്ന് ആരംഭിക്കണം. നാലാമത്തേ തുകുറച്ചു കട്ടിയാ. അതു കുഞ്ഞിൻെറ ആരോഗ്യത്തി നു പററിയതല്ല.

പോത്തൻ: എന്നാലുമൊന്നു കേക്കട്ടെ സാറെ.

കൃഷ്ണപിള്ള: അതു നല്ല ഇടീം തൊഴീം കൊ ടുത്തുള്ള പ്രയോഗമാ. തല്ലിച്ചതച്ച് ഇഞ്ചപ്പരുവമാ കുമ്പം അങ്ങു പ്രേമിക്കാം. അതാവഴി പക്ഷേ അതു് കല്യാണം കഴിഞ്ഞ പററൂ.

പോത്തൻ: ഞാനൊന്നു നിശ്ചയിച്ചാൽ പിന്നെ സാത്താൻ വന്നാലും ഇളക്കാനൊക്കത്തില്ല. സാറെ ഞാനൊടനെ പ്രേമിക്കാൻ നിശ്ചയിച്ചു.

കൃഷ്ണപിള്ള: എന്നാൽ പറഞ്ഞപോലങ്ങു തുടങ്ങിക്കോണം സരിഗമപധനിസായിലോ, പ്രേമ ധാമകല്ലോലമാലികയിലോ, ഇഷ്ടം പോലെ.

പോത്തൻ: ഏതായാലും ആട്ടും തുപ്പും വാങ്ങി കെട്ടിക്കരുതേ, മുൻഷിസാറെ.

കൃഷ്ണപിള്ള: ആദ്യം ഒന്നാട്ടിയാലും വിട്ടുകൊ ടുക്കരുതു്. അതാ മട്ടുമാറുന്നതിൻെറ ലക്ഷണമാ. അ ങ്ങനെയതങ്ങ് ചൂലെടുക്കുന്ന സ്ഥിതിയാകുമ്പോഠം

പത്തുക്കെയിങ്ങമാറിക്കോണം. അപ്പോഠം തനിയെ ആറിത്തണത്തു ഇംങ്ങൊഴകിവരും, ഏതു് ഇങ്ങൊഴകിവരുമെന്നു്.

പോത്തൻ: ഒത്തതാണോസാറെ. എനിക്കീവിജാരം കേറീട്ടിപ്പം ഉൗണ്മൊറക്കവുംക്രുടിഇല്ലാണ്ടായി

കൃഷ്ണപിള്ള. അതങ്ങനെയാ പ്രമാണംതന്നെ! ഉണ്ണിനാസ്ഥകറഞ്ഞു നിദ്രനിശയിങ്കൽ•പോലുമില്ലാതെയായി. അതല്ലേ പ്രായം? കുഞ്ഞിനിപ്പം എത്ര വയസ്സായി.

പോത്തൻ: മാമൂസാ മുക്കിയതിന്റെ കണക്കനോക്കണം. ഞാനീ വയസ്സും മററും ഓത്തിരിക്കനാക്രൂട്ടത്തിലല്ല. അതിനവല്ലോം നേരമൊണ്ടോ. ബുസി, വലിയ ബുസി

കൃഷ്ണപിള്ള: കാണമ്പം തൊട്ടിത്രമൊണ്ടല്ലോ, അതുകൊണ്ട ചോദിച്ചതാ

പോത്തൻ: ഞാനീയിടെയായിട്ടു് അങ്ങതീരെ ശുഷ്കിച്ചുപോയില്ലേ? പണ്ടിതുവല്ലോമായിരുന്നോ? കാലത്തെ നാലുമൊട്ടേം എടങ്ങഴിപാലുമങ്ങ് അടിക്കത്തില്ലിയോ. അതുകൊണ്ടെന്താ, എട്ട പത്താളൊന്നും പൊക്കത്തിൽ പോത്തനോടടുക്കത്തില്ല. സാറിന്നലെ കണ്ടതീന്നും ഞാനിപ്പം ക്ഷീണിച്ചിട്ടില്ലേ?

കൃഷ്ണപിള്ള: അതെങ്ങനാ പറയുന്നതു്.

പോത്തൻ; ഒന്നു സൂക്ഷിച്ചുനോക്കിയേ. എന്റെ കണ്ണിത്തിരി കഴിഞ്ഞിട്ടില്ലേ? കവിളല്പം ഒട്ടിപ്പോയില്ലേ? കൊടവയറങ്ങ ചൊട്ടിത്തകന്നില്ലേ? എന്തിനു പറയുന്നു. അവളൊരുത്തിയാ ഇതിനൊക്കെകാരണം. എല്ലാം ദൈവം തമ്പുരാനറിഞ്ഞോട്ടെ!

കൃഷ്ണപിള്ള: കുഞ്ഞിൻെറ മ്ലാനതതീരാൻ ഇതി ത്ര അങ്ങതിന്നോ? സാധനം രസികനാ.

പോത്തൻ: വല്ല വെഷമോ മറേറാ ആണോ സാറെ, ഉള്ളതു പറേണെ!

കൃഷ്ണപിള്ള: അങ്ങനെ വല്ലാം ഞാൻ കാണി ക്കമോ. ഇതു കാററുകൊള്ളിക്കാതെ അങ്ങ മിഴുങ്ങി യേച്ചാൽ കുഞ്ഞിനു കവിത തഃഴനവരും. നമ്മടെകാ ര്യ്യമങ്ങ് ജയിക്കയും ചെയ്യാം.

പോത്തൻ: എന്നാൽ കൊള്ളാമല്ലോ സാറെ (ഗുളികവാങ്ങിതിന്നുകൊണ്ട്) തലയ്ക്കുപിടിക്കമോ? വല്ല ഛർദ്ദിലും വന്നാൽ......എൻെറ സാറെ എനിക്കൊ രേതാണ്ടു്. (വെച്ചുതുടങ്ങുന്നു)

കൃഷ്ണപിള്ള: സാരമില്ല. ഇപ്പഴങ്ങുമാറിക്കോളും കുഞ്ഞിങ്ങോട്ടുകെടന്നോണ്ടെ (സോഫയിൽ കിടത്തുന്നു) ഞാനെന്നാൽ അവറാച്ചനെ ഒന്നു കണ്ടേച്ചിപ്പം വ ന്നേക്കാം. (പോകുന്നു).

പോത്തൻ: (തലപൊക്കിയിട്ട്) അയ്യോ സാറെ ഓടിവാ

കൃഷ്ണപിള്ള: (തിരികെ വന്നിട്ട്) എന്തോന്നാ പോത്തച്ചാ.

പോത്തൻ: (കണ്ണുമിഴിച്ചിട്ട്) ഒന്നുമില്ല.........

കൃഷ്ണപിള്ള: അതല്ല. പിന്നെന്തിനാ എന്നെ വിളിച്ചതു്.

പോത്തൻ: (ശാന്തനായി) എന്നാലുമതങ്ങു പോ യല്ലോ.......

കൃഷ്ണപിള്ള: എന്തോന്നാ?

പോത്തൻ: ചീങ്കണ്ണി. ചീങ്കണ്ണിയേ.

കൃഷ്ണപിള്ള: ചീങ്കണ്ണിയോ!

292083
032:2N32:11
J8



UNIVERSITY LIBRARY
MUL
292083
1975

പോത്തൻ: ഹതെ! അതെന്നെ നോക്കി ഒന്നു ചിരിച്ചു. ഞാനുമൊന്നു ചിരിച്ചു. അപ്പമതു നടന്നു ചെന്നു് ആഹാർമ്മോണിയമങ്ങു വായിച്ചുതൊടങ്ങി, അതിൻെറ വല്യവാലുകൊണ്ടു്.

കൃഷ്ണപിള്ള: കച്ചാവൃദ്ധലഹ്യം കുറച്ചായിട്ടുതിന്ന കുഴപ്പമാ. ഇന്നാ ഇതുംകൂടെ അങ്ങുമിഴുങ്ങിക്കൊണ്ടു

പോത്തൻ: അപ്പം രണ്ടു ചീങ്കണ്ണിവന്നാലോ?

കൃഷ്ണപിള്ള: ഇല്ല വരത്തില്ല. ഇനി വരുന്നതു് മാനസംഹാരിണിയായിരിക്കുന്ന സുന്ദരിയായിരിക്കും. അതാണവൻെറ ശക്തി. ഇതാ എന്നു പറയുമ്പഴത്തേക്കും കുഞ്ഞൊരുസ്വപ്നം കാണും. (ഗുളിക നീട്ടുന്നു)

പോത്തൻ: (അതുവാങ്ങിതിന്നിട്ടു്) എൻെറ ക്ഷീണംകൊണ്ടങ്ങനെ തോന്നിയതാ അല്ലിയോസാറെ. എനിക്കു പേടിയൊന്നുമില്ല. ഞാനതിനെ കണ്ടതല്ലിയോ

കൃഷ്ണപിള്ള: അപ്പം കുഞ്ഞു് കണ്ണടച്ചിരിക്കുകയല്ലായിരുന്നോ?

പോത്തൻ: അതെ. എന്നാലും ആ മേശയ്കടിക്കൂടെ ഒന്നു നോക്കിക്കേ.

കൃഷ്ണപിള്ള: കുഞ്ഞുതന്നെ നോക്കിയാൽ സംശയം തീരുമല്ലോ.

പോത്തൻ: വേണ്ട. ഞാനിവിടുന്നെ ണിററാൽ താഴെവീഴും

കൃഷ്ണപിള്ള: ഇവിടെങ്ങും ഒന്നുമില്ല(പോകുന്നു)

[പോത്തൻ കണ്ണുകൾ ഇറുക്കിയടച്ചു കിടക്കുന്നു. മേരി ക്കുട്ടിവരുന്നു, പള്ളിക്കൂടത്തിൽനിന്നും വരുന്നവേഷം. ഒക്കത്തു ഒരു പുസ്തകകെട്ടു്. അതു മേശപ്പുറത്തുവയ്ക്കുന്നു. കസേരയിലി രുന്നു മുഖം നോക്കുന്നു. തലമുടി ഒന്നു തലോടുന്നു. എഴുന്നേററു, ഹാർമ്മോണിയെ സമീപിച്ചു് അതൊന്നു മീട്ടുന്നു. പോത്തൻ സോഫയിൽനിന്നും നിലംപതിക്കുന്നു]

പോത്തൻ: ഒ, അയ്യോ എൻെറ മ്മച്ചിയെ ചീങ്കണ്ണിവന്നേ ചീങ്കണ്ണി (മേരിയെ കണ്ടിട്ടു്)മേരിക്കുട്ടി

മേരിക്കുട്ടി: എൻെറ കർത്താവേ, ഞാൻ പേടി ച്ചുപ :ായല്ലോ. പോത്തച്ചനെന്തിനാ നിലവിളിച്ചതു്?

പോത്തൻ: (താഴെ ഇരുന്നിട്ടു്) പൊറുക്കണം മേ രിക്കുട്ടി പൊറുക്കണം.

മരി: പൊറുത്തു എന്തിനാ ഇങ്ങനെ കരഞ്ഞതു്.

പോത്തൻ: ഞാൻ വിജാരിച്ചു മേരിക്കുട്ടിയൊരു ചീങ്കണ്ണിയാണെന്നു്.

മേരി; എന്നെ ആക്ഷേപിക്കുകയാണോ? എ ന്നെ കണ്ടാൽ ഒരു ചീങ്കണ്ണിയാണെന്നു തോന്നുമോ

പോത്തൻ: തോന്നത്തില്ല.

മേരി: ഞാനൊരു ചീങ്കണ്ണിയെപ്പോലാണോ ന ടക്കുന്നതു്.

പോത്തൻ: (പതുക്കെ എഴുന്നേററു് അടുത്തുചെന്നു കൊണ്ടു്) അതെങ്ങനാപറേന്നതു് ചീങ്കണ്ണീനടക്കുന്ന തു കാണാതെ.

മേരി: ഒരുപദ്രവമായി. ഇവിടെന്തിനാവന്നേ.

പോത്തൻ: അതു മേരിക്കുട്ടിക്കറിഞ്ഞുക്കൂടായോ.

മേരി: ഇല്ല.

പോത്തൻ: (ശൃംഗാര ചേഷ്ടയോടെ) എന്നാലും ..?

മേരി: ആ സോഫായിൽതന്നെ ചെന്നു് മി ണ്ടാതെ കിടക്കു്. അല്ലെങ്കിൽ ഞാൻ പിടിച്ചു് പുറത്താക്കും.

പോത്തൻ: എൻെറ മേരി എനിക്കു തീരെ സുഖമില്ല.

മേരി: എന്നാലുടനെ ഡാക്ടരുടെ അടുത്തേക്കു പോകണം.

പോത്തൻ: വേണ്ട ഇവിടെ കുറച്ചു് ഇരിക്കുമ്പോൾ മാറിക്കോളും. മേരിക്കുട്ടീ, ആ ഹാർമ്മോണിയം കരയിപ്പിക്കല്ലേ. എനിക്കതു കേട്ടാൽ കരയാൻ തോന്നും.

മേരി; എന്നാൽ ഞാനിപ്പംതന്നെപാടും.

പോത്തൻ: അരുതേ (ഓടിച്ചെന്നു മേരിക്കുട്ടിയുടെ കൈക്കു പിടിക്കുന്നു. മേരിക്കുട്ടി എഴുനേൽക്കുന്നു) എന്തു നല്ലകൈ.

മേരി: ഛെ വിടാൻ (കൈകുതറുന്നു. പിടിവിടുന്നു)

പോത്തൻ: നിനക്കുനല്ല ശക്തിയാണല്ലോ?

മേരി: പിന്നെന്തു വിചാരിച്ചു. ഹാർമ്മോണിയമൂതൽമാത്രമല്ല എൻെറ കൈയോടുന്നതു്.

(വീണ്ടും സ്വരം പുറപ്പെടുവിക്കുന്നു. പോത്തൻ ചെവിയിൽ വിരലിട്ടുനിൽക്കുന്നു) ഇതെന്നെ അപമാനിക്കുകയാണു്. പോരാഞ്ഞു് സംഗീതകലയേയും.

പോത്തൻ: എനിക്കു പറയാനുള്ളതു് കേട്ടിട്ടു പാടിക്കോ.

മേരി: എനിക്കൊന്നും കേൾക്കണ്ടാ.

പോത്തൻ: എന്നാൽ ഞാൻ ഇവിടെനിന്നു താഴേക്കു ചാടി ചത്തുകളയും.

മേരി: തീർച്ച.

പോത്തൻ: ചതഞ്ഞരഞ്ഞ എന്റെ ദേഹം കണ്ടു് മേരിക്കുട്ടി ദുഃഖിക്കും. (കതകിനടുത്തുചെന്നു് ഒരു പാളി തുറന്നു നോക്കുന്നു. ഉടനെ അടച്ചും കൊണ്ടു്) വല്യ താഴ്ച. കാലൊടിയും.

മേരി: എന്നാൽ ഞാനിപ്പോൾ പാടും.

പോത്തൻ: എനിക്കതു കേട്ടു രസിക്കാമല്ലോ.

മേരി: സത്യം.

പോത്തൻ: അങ്ങനെ പാടിപ്പാടി എനിക്കങ്ങു യരാമെന്നു് പലരും പറഞ്ഞതാ. പക്ഷേ എന്റെ വീട്ടുകാരു് സമ്മതിക്കത്തില്ല. അതുകൊണ്ടു് വേണ്ടാന്നുവെച്ചു. ഇപ്പം വേണമെങ്കി ഞാനൊരു പാട്ടു പാടാം.

മേരി: ഏതു പാട്ടു്.

പോത്തൻ: മേരി, മേരി, ഹെന്റെ മേരി......

മേരി: അയ്യാ നിർത്തിയേ. വല്ലോരും ഓടി വരും.

പോത്തൻ: മേരിക്കുട്ടിക്കു് അറിയാൻ പാടില്ലാഞ്ഞാ. ഇതാണേററവും പുതിയ നാടോടിഡ്യൂൺ. നിനക്കുവേണ്ടി ഞാനതു പാടട്ടെ! അല്ലെങ്കിൽ ഞാനൊരു കവിത പറയാം. എന്നാ ഒക്കു വേലന്നാ.

മേരി: ഒരു അങ്ങനൊന്നുമില്ല. ആക്കംപാടാവുന്ന കാലമല്ലേ?

പോത്തൻ: വയനാടൻ മഞ്ഞൾ മുറിച്ചപോലെ
റോസാപ്പൂവങ്ങുവിരിഞ്ഞപോലെ
മാരിവില്ലൂന്നിങ്ങുവന്നപോലെ
മാനത്തുന്നൊങ്ങാനുംപൊട്ടിവീണോ

മേരി: ഹാ. ഹാ. നല്ലപാട്ടു്

പോത്തൻ: ഞാൻ നിനക്കായിട്ട് എഴുതിയതാ.

മേരി: അല്ല.

പോത്തൻ: സ്നേഹമങ്ങതലേക്കേറുമ്പം എല്ലാരു മിങ്ങനെ പാടും. ഇനിയുമുണ്ട്. രമണാനീയെങ്ങ പോയ് ഏകനായ് അവിടേയ്ക്കു ഞാനും വരട്ടേയോടാ.

മേരി: ആ ആത്മാവിനെക്കൂടെ അപമാനിക്കാതെ സ്വന്തമായിട്ട പോത്തനെങ്ങനെ കവിത ചെല്ലാനാ മുമ്പേ ചൊല്ലിയത്ത് വടക്കൻപാട്ട് വികൃതപ്പെടുത്തിയതാ.

പോത്തൻ അതാദ്യം ഞാൻ പാടി. പിന്നെ വടക്കോട്ടുപോയിപ്രചാരമായി എൻെറ മനസ്സിലിരിപ്പാ ആപാട്ടിലുള്ളതു്.

മേരി: അല്ല മനസ്സ വല്ലയിടത്തുനിന്നും മാററെടുത്തതല്ലേ.

പോത്തൻ: ഇങ്ങനെ പറയുന്നതു് സങ്കടമാന്നാ പോത്തനറിയിക്കാനൊള്ളതു്. മേരിക്കുട്ടിയെന്നെ കളിയാക്കിയാൽ കഴുത്തുപിരിക്കുന്ന കോഴിയേപ്പോലെ ഞാനങ്ങു കരയും.

മേരി: എന്നാൽ ചവിട്ടുകൊണ്ട പൂച്ചക്കുഞ്ഞിനെപ്പോലെ ഞാനെടുത്തു ഓമനിക്കാം.

പോത്തൻ: ഒന്നു ചവിട്ടിയാൽത്തന്നൊ ഞാൻ വല്ലോം മിണ്ടുമോ?

മേരി: എനിക്കങ്ങനെ ചിലപ്പോഠം തോന്നാറുണ്ട്

പോത്തൻ: എന്നാൽ മേരിക്കുട്ടിയെന്നൊ അങ്ങ് കൊന്നുകള. ഉ-ം ഒട്ടും മടിക്കണ്ടാന്നു്.

മേരി: പോത്തച്ചൻെറ മനസ്സല്ലാതെ ഉൗരു് ഒന്നും പിഴച്ചില്ലല്ലോ. അല്ല മനസ്സെന്തൊന്നുണ്ടെങ്കില

ത്തെ കാര്യമാ കേട്ടോ?

പോത്തൻ: മേരിക്കുട്ടിയുടെ മനസ്സാ ഇത്തിരി അലിയാനുള്ളതു്. ഒന്നലിക്കത്തില്ലിയോ?

മേരി: മനസ്സെന്നാ ഉപ്പുകട്ടയാണോ അലിഞ്ഞു പോകാൻ.

പോത്തൻ: ഉപ്പുകട്ടയല്ല കൽക്കണ്ടകട്ട—നല്ല കൽക്കണ്ടമേ.

മേരി: പോത്തച്ചാ നമ്മുടെ വഴി രണ്ടും രണ്ടാ നമ്മളിപ്പം ഒന്നിച്ചുനടക്കുന്നെങ്കിലും ഇനി വഴിയങ്ങ തിരിയും പിന്നെ കണ്ടില്ലെന്നുംവരും.

പോത്തൻ: അതിനു ഞാൻ പെറകേ നിക്ക ത്തില്ലിയോ അപ്പഴാ?

മേരി: എന്റെ വഴി പോത്തച്ചനുള്ളതല്ല.

പോത്തൻ: അങ്ങനെ ഒരാൾക്കായിട്ടു് ഒരു വഴി യൊണ്ടോ? എന്നാലൊരു വണ്ടിപിടിച്ചാ മേരിക്കുട്ടി യുടെ കൂടെ എന്നും കൊണ്ടുപോകാമല്ലോ.

മേരി: നമുക്കു രണ്ടുപേർക്കുംകൂടെ കേറാവുന്ന വ ണ്ടിയില്ല.

പോത്തൻ: അതെന്നതാ നല്ല പ്ളഷർകാറോ റെയിനോ അല്ലെങ്കിൽ ·വിമാനമോ ഈ പോത്തൻ പിടിച്ചോണ്ടു വരത്തില്ല.

മേരി: അതൊന്നും പോകുന്നവഴിക്കല്ല എനിക്കു പോകേണ്ടതു്.

പോത്തൻ: പിന്നെ അന്തർവായുന്നൊന്നൊന്നു ണ്ടല്ലോ അതുപോലെ വെള്ളത്തിനടിക്കൂടാരിക്കും. അ തിനു ഞാനില്ല. ശ്വാസംമുട്ടിചത്തുപോകും,

മേരി: ഞാൻ പറയുന്നതൊന്നും പോത്തനു മന സ്സിലാകുന്നില്ല.

പോത്തൻ: ഉണ്ടേന്നേ। മലയാളമല്ലിയോപറേന്നതു്.

മേരി: പക്ഷെ നമ്മൾ തമ്മിൽ ഒപ്പമായിട്ടൊന്നുമില്ല.

പോത്തൻ: വരാലിനെപ്പോലെ നീ തെന്നിച്ചാടുന്നല്ലോ എന്നാൽ പോത്തൻ പിടിച്ചാൽവരാലും ചാടത്തില്ല. അതു പറഞ്ഞേക്കാം.

മേരി: നമ്മുടെ ആശയങ്ങൾ വിഭിന്നമാണു്.

പോത്തൻ: മേരിക്കുട്ടിക്കു ഒരു രാഞ്ജിയെപ്പോലെ കഴിയണമായിരിക്കും. അതല്ലേ പറയാനൊള്ളു. ഈ പോത്തൻ ഒരു രാഞ്ജിയെപ്പോലെ വളത്തത്തില്ലിയോ.

മേരി: ദൈവമെനിക്കു ഒരു വിശുദ്ധ പുഷ്പത്തെ കാട്ടിത്തന്നിട്ടുണ്ടു്. പിന്നെ ഞാനീ നിർഗന്ധകുസുമത്തെ അണിയണോ?

പോത്തൻ: അതില്ലമൊക്കെ .പഷ്ട് പൂ ഈ പോത്തൻ വാങ്ങിത്തരാമല്ലോ.

മേരി; പൂവിൻെറ മനോഹാരിതയും മാദകതയും മങ്ങിമറയുമ്പോൾ വെറുമൊരു വണ്ടത്താനെപ്പോലെ നിങ്ങൾ മാറിക്കളെയുകയില്ലേ? അപ്പോൾ കാണുന്നതു് കാട്ടുകടലിപ്പൂവാണെങ്കിൽ തന്നെയും.

പോത്തൻ: ഇല്ലേ പോത്തനങ്ങനെ ഉപേക്ഷിക്കത്തില്ല.

മേരി; നമ്മളു തമ്മിൽ മനസ്സുകൊണ്ടൊട്ടും അടുക്കത്തില്ല.

പോത്തൻ; അതൊക്കെ അങ്ങുമാറിക്കോളും.

മേരി; മാറുകയില്ല ഞാനൊരു കാര്യം ചോദിക്കട്ടെ! പോത്തച്ചൻ സത്യം പറയുമോ?

പോത്തൻ: പോത്തനീ നിമിഷംവരെം അസ ത്യമല്ലാത്തതു പറഞ്ഞിട്ടില്ലേ.

മേരി: നമ്മളെ രണ്ടുപേരെയും ചേർത്ത് ആളു കാം ഓരോന്നു പറയുന്നാതെന്താ? •

പോത്തൻ: അതുപിന്നവരുടെ കുററമാന്നോ പ കലുപോലെ വെള്ളത്ത കാര്യമല്ലിയോ.

മേരി: പോത്തച്ചൻ വല്ലോം പറയാതെ ആളു കളിങ്ങനെ പറയുമോ?

പോത്തൻ: ഞാനങ്ങനെ ബുത്തിയില്ലാണ്ടു വ ല്ലോം പറേമോ അതും കല്യാണം ഒറയ്ക്കുന്നാതി നമുന്നേ.

മേരി: പിന്നിതെങ്ങനെ അങ്ങാടിപ്പാട്ടായി.

പോത്തൻ: രണ്ടും രണ്ടുമഞ്ചെന്നു പറഞ്ഞൊ ണ്ടാകുന്ന മനുഷേക്കു് അതിനുവല്ലോം വെഷമമൊ ണ്ടോ? ആ തയ്യക്കാരനോട് പുത്തനുടുപ്പു തുന്നാൻ പറഞ്ഞകൊണ്ടവൻ പറഞ്ഞുനടന്നാരിക്കും. ആ വെ ളുക്കിത്തലയോടുംവല്ലോം പറഞ്ഞിട്ടൊണ്ടെങ്കിലും ര ഹസ്യമായിരിക്കണെന്നു് ശട്ടംചെയ്യുതാ.

മേരി: അതെന്തിനാ നടക്കാത്ത കാര്യം പറ ഞ്ഞുപരത്തുന്നതു്.

പോത്തൻ: അപ്പം നമ്മടെ കല്യാണം നടപ്പില്ല

മേരി: ഇല്ല.

പോത്തൻ: ഇനി ഞാനവരോടൊക്കെഎന്നാപ റയും എന്നുമുതലേ ഞാൻ കുരപ്പുംതറേലെ പുതുമാപ്പ ളയായതാ. ആളുകളെന്നെ ഇനീം കണ്ടാതൊഴുമോ? വല്ലപ്പഴമൊന്നു സൽക്കരിക്കുമോ? ഹെൻെറ പൊ ന്നുമേരിക്കുട്ടീ ഇക്കാര്യം വെളിയിൽ മിണ്ടരുതേ!

മേരി: ഇനി പോത്തച്ചൻ രാജകുമാരൻ ചമ

ഞ്ഞതൊന്നു നിത്തുമോ?

പോത്തൻ: പിന്നെനിത്താതെന്നാചെയ്യും. എനിക്കിനി ഏതാ രാജകുമാരി.

മേരി: അതിനെന്താ പോത്തച്ചനെ കാത്തു് എത്രരാജകുമാരികഠം ഇരിക്കുന്നു.

പോത്തൻ: ഒത്തതാണോ മേരിക്കുട്ടീ.

മേരി: ഞാനിപ്പം വേറൊരു കല്യാണമങ്ങു കഴിച്ചാൽ പോത്തച്ചൻ ചത്തുകളയുമോ?

പോത്തൻ: ഒടനെ ചാകത്തില്ല.

മേരി: പിന്നെ.....?

പോത്തൻ: എൻെറ മേരിക്കുട്ടിയെ കൂടാണ്ടു് അഞ്ചാറുമാസം അങ്ങു കരഞ്ഞുകഴിയും.

മേരി: അതു കഴിയുമ്പം.

പോത്തൻ: അതുകഴിയുമ്പഴോ. അങ്ങു സമാധാനമാകും. അപ്പം ഒന്നു കെട്ടും.

മേരി: ഇത്രയ്ക്കല്ലേ എന്നോടു സ്നേഹമുള്ളൂ. അതുകൊണ്ടാ ഞാൻ പറഞ്ഞതു നമ്മുടെ വഴിരണ്ടും രണ്ടാണെന്നു്.

പോത്തൻ: അതു പറേണ്ട. ഞാൻ കാലിയടിച്ചാൽ മേരിക്കുട്ടി മഠത്തിച്ചേരുവോ?

മേരി: ഇല്ല.

പോത്തൻ: പിന്നൊന്നാ നമ്മളു തമ്മിൽ വ്യത്യാസം?

മേരി: എനിക്കൊരിക്കലുംപോത്തച്ചനെകെട്ടണ്ടാ

പോത്തൻ: എന്നാൽ ഞാൻ പറഞ്ഞതിങ്ങെടുത്തു

മേരി: ഇതാണോ വലിയ സ്നേഹം. ഊതിയാ പറക്കുന്ന അപ്പൂപ്പൻതാടിയല്ല ഇതു്.

പോത്തൻ: എന്നെ കയിച്ചേടത്തു ഞാനെന്തി നനിക്കുന്നു.

മേരി: അതാ ബുദ്ധി!

പോത്തൻ: ഈ നാട്ടിൽപോലും ഇനിയെന്നെ കാണത്തില്ല.

മേരി! അയ്യോ പാവം!

പോത്തൻ: ദൈവംതമ്പുരാൻ വിളിച്ചാക്കൂടെ ഞാനൊട്ട വരത്തുമില്ല.

മേരി: പോത്തച്ചനിവിടുന്നു പോകരുത്ത്.

പോത്തൻ: ഇനിയെന്തിനാ നാണംകെട്ടു കിടക്കു ന്നതു്.

മേരി: അങ്ങനെ പറയല്ല്. എൻറമ്മച്ചിയുണ്ടാ യിരുന്നെങ്കിൽ പോത്തച്ചൻ കെറുവിച്ചുപോകുമോ. ആ സ്നേഹനിധിയെയോർത്ത് എന്നെ പോത്തച്ചൻെറ കൊച്ചുപെങ്ങളെപ്പോലെ വിചാരിക്കണം. ഞാനെ ന്നും ഇച്ചായനെപ്പോലെ സ്നേഹിക്കാം.

(പോത്തൻ നിന്നിമേഷനായി നോക്കിനിൽക്കുന്നു)

ഞാൻ പോത്തച്ചന് മറെറാരു ജീവിതം കാട്ടിത്തരാം പറുദീസായിലെ പൊന്മണിസൌധങ്ങൾ നമ്മെ മാടി വിളിക്കുമ്പോൾ പന്നിക്കൂട്ടിൽ അടിഞ്ഞുകിടക്കണ മോ? എറച്ചിക്കൊതിയരായ കഴുകന്മാക്ക് കൊത്തി ത്തിന്നാൻ എൻെറ മാടത്തക്കുഞ്ഞിനെ ഞാനയയ്ക്കു ത്തില്ല. പോത്തച്ചൻ എൻെറ പുന്നാരമക്കളെയും കളിപ്പിച്ചുകൊണ്ടു് ഇവിടെത്തന്നെ എന്നും താമസിക്ക ണം. കൊഞ്ചി കൊഞ്ചി അവരമ്മാച്ചാ എന്നു വി ളിച്ചോണ്ടു് എൻറിച്ചായൻെറ അടുക്കൽ ഓടിവരും. അവരെയെടുത്തു ഒരു മുത്തം കൊടുക്കത്തില്ലേ. പറയൂ പോത്തച്ചാ ഇവിടുന്നു പോകില്ലെന്നു്.

പോത്തൻ: (നിരുദ്ധകണ്ഠനായി) ഇല്ലമേരി ഞാനെങ്ങും പോകുന്നില്ല.

മേരി: ഇപ്പോഠം നമ്മഠം രണ്ടു മാലാഖമാരായി തീൎന്നിരിക്കുന്നു. വിശുദ്ധസ്നേഹത്തിലെ വെൺമേഘത്തുണ്ടുകഠംക്കിടക്ക് നമുക്ക് ഒളിച്ചുകളിക്കാം. അൎദ്ധചന്ദ്രന്റെ കൊച്ചോടത്തിൽ നമുക്ക് ആ നീല നീരാഴിയിൽ പാട്ടുംപാടി തുഴഞ്ഞുപോകാം. പാലൊളിപ്പൂനിലാവിൽ പഞ്ചാരമണലിൽ മിന്നിക്കിടക്കുന്ന ചിപ്പികളൊന്നൊന്നായി പെറുക്കിയെടുക്കാം. അതുകൊണ്ട് ഞാനൊരുമാലകൊരുത്ത് എൻറിച്ചായനു സമ്മാനിക്കാം. പോത്തച്ചാ എന്നെ ഒന്നുനോക്കിയേ ന്തുന്തുരു കുസൃതിത്തരങ്ങളുമായി നാട്ടുവഴിയെ ചിരിച്ചു പുളച്ചു വരുന്ന പള്ളിക്കൂടപ്പെണ്ണുമാത്രമാണോ ഞാൻ. ജീവിതവാടിയിൽ കാലൂന്നിയ ഒരു പ്രൗഢാംഗനയെപ്പോലെ കൗമാരം ഞാൻ തരണം ചെയ്തുകഴിഞ്ഞു. പള്ളിയിലെ മണിമാളികപോലെ എന്റെ ഹൃദയം ഉയൎന്നുകഴിഞ്ഞിട്ടുണ്ടു്.

പോത്തൻ: അതെ, നീ കന്യമറിയത്തെപ്പോലെ എന്നെ സന്തോഷിപ്പിക്കുന്നു.

മേരി: അതാണെന്റെ ആശയം. പോത്തച്ചൻ ഉണ്ണിയേശുവിനെപ്പോലെ എന്റെ മക്കളെ അനുഗ്രഹിക്കണം. കുഞ്ഞാടുകളെപ്പോലെ അവരെ അടുത്തിരുത്തി തലോടണം. തന്റെ പ്രിയ ശിഷ്യരെപ്പോലെ കൂടെകൊണ്ടുനടന്നു ജീവിതം കാട്ടികൊടുക്കണം.

പോത്തൻ: അതിനെനിക്ക് ശക്തിയുണ്ടോമേരീ

മേരി: ഉണ്ടു്. തീൎച്ചയായുമുണ്ടു്. കറയറ്റ സഹോദരസ്നേഹത്തിന്റെ ശക്തി മഹത്താണു്. ആ

ആത്മാക്കളുടെ കരുത്ത് അമൂല്യമാണ്.

പോത്തൻ: എന്തോ എനിക്കറിയാൻപാടില്ല. മേരിക്കുട്ടിക്ക് ജീവിതം മുഷിയുമ്പോൾ, കുട്ടികളെ കൊണ്ടുള്ള അലച്ചിൽ സഹിക്കാനൊലാതാകുമ്പോൾ ഒരു തമാശക്കാരനെപ്പോലെ ഞാനടുത്തുവന്നു രസിപ്പിക്കാം. ഒരു കരളായി നമുക്കങ്ങനെകഴിയാം.

മേരി: ഓരോ നക്ഷത്രത്തിനും അതിൻേറതായ വഴിത്താരയുണ്ട്. അടുത്ത അയല്ക്കാരനുമായി മുറിച്ചാൽ മുറിയാത്ത ആകർഷണമുണ്ട്. പക്ഷേ ആ അകലം കടന്നു അവ ആശ്ലേഷിക്കാൻ മുതിരുന്നില്ല. അതാണു ജ്യോതിസ്സുകളുടെ രഹസ്യം. അതുതന്നെ നമ്മുടെ ജീവിതവിജയത്തിൻേറയും മണിതാക്കോൽ.

പോത്തൻ: എനിക്കേതാണ്ട് മനസ്സിലാകുന്നുണ്ട് മേരീ.

(കർട്ടൻ)

## രംഗം അഞ്ച്.

അവറാച്ചന്റെ ഇരുപ്പുമുറി.

അവറാച്ചൻ: ഔതയെന്നാ മറുപടി പറഞ്ഞു പിള്ളേച്ചാ. അളവുകൊണ്ട് കൂട്ടത്തലൊള്ള നെലമിങ്ങ് മര്യാദയ്ക്ക് വിട്ടുതരത്തില്ലിയോ?

കൃഷ്ണപിള്ള: അതുഞാൻ നേരത്തെ പറഞ്ഞതല്ലേ ഒന്നുകൊണ്ടറിയേണം രണ്ടിന്റെ വരുംഫലം എന്നാ ആപ്തവാക്യം.

അവറാച്ചൻ: അവനെന്നാപറഞ്ഞെ അതു പറ പിള്ളേ.

കൃഷ്ണപിള്ള: ഞാൻ പറഞ്ഞതിന് എള്ളെട വ്യത്യാസമില്ല അവറാച്ചാ. അവൻ മനസ്സിൽ കണ്ടപ്പഴത്തേക്ക് ഈ കൃഷ്ണപിള്ള മരത്തേൽ കണ്ടു—മനസ്സിലായില്ല ഏതു് ഞാൻ കണ്ടെന്ന്.

അവറാച്ചൻ: ഒള്ളതങ്ങ് പറഞ്ഞുതൊലയ്ക്ക്.

കൃഷ്ണപിള്ള: എന്താന്നു പറയാനാ. അവൻ വാച്യാർത്ഥമായും വ്യംഗ്യാർത്ഥമായും തീർത്തങ്ങ് പറഞ്ഞു. അവന്റെ കൊക്കിൽ ജീവനുള്ളകാലംഒരടി മണ്ണുതരത്തില്ലെന്നു്.

അവറാച്ചൻ: ഒറപ്പിച്ചുതന്നെ പറഞ്ഞോ?

കൃഷ്ണപിള്ള: തിരിച്ചും മറിച്ചും, മറിച്ചും തിരിച്ചും ചോദിച്ചിട്ടവനൊന്നിളകണമല്ലോ? മലയിളകിലും മഹാജനാ നാം മനമിളകാ എന്നാ ആപ്തവാക്യം.

അവറാച്ചൻ: കാര്യം കോടതീപ്പോകുന്നതാന്ന് ഒന്നു വെരുട്ടിനോക്കിയില്ലേ പിള്ളേച്ചാ.

കൃഷ്ണപിള്ള: അതുവല്ലതും കൃഷ്ണപിള്ളയോട്ട് പ്രത്യേകം ശട്ടം ചെയ്യാനുണ്ടോ? ഓങ്ങ് എന്നു പറയുമ്പോഴത്തേക്ക് അടികഴിയുന്ന സ്വഭാവമാ എനിക്ക്.

സീവിലും ക്രമിനാലുമായി ഉടനെ അഞ്ചെട്ടു കേസങ്ങ പതിക്കുമെന്നു് ഞാൻ തട്ടിവിട്ടു. എന്നിട്ടവൻ ഒന്ന തിരിഞ്ഞുനോക്കണ്ണമല്ലോ?

അവറാച്ചൻ: കച്ചേരിത്തിണ്ണ നെരങ്ങിത്തന്നെ അവന്ന് നെറയത്തൊള്ളന്നാ തോന്നുന്നെ. കുഞ്ഞുകുട്ടിപ്രാരബ്ധം ഓർത്തെങ്കിലും അവൻ സമ്മതിക്കുമെന്നാ ഞാൻ നെനച്ചത്.

കൃഷ്ണപിള്ള: അതീന്നും ഒന്ന കൂട്ടി ഞാൻ പ്രയോഗിച്ചു. കാര്യം ലോഹ്യത്തിൽ തീന്നാൽ എട്ടോ പത്തോ വാങ്ങിച്ചുതരാമെന്നു്.

അവറാച്ചൻ: എന്നിട്ടോ? അവന്ന ബോദ്ധ്യമായോ?

കൃഷ്ണപിള്ള: ഔസേപ്പാരുപുള്ളി? നീരിലും കരേലും വിശ്വസിക്കാൻ കൊള്ളുകേയില്ല. അവനാരേ കണ്ടോണ്ടാ ഇങ്ങനെ മുള്ളേപിടിച്ചാലും മുറുക്കെ എന്നനിൽക്കുന്നതു്.

അവറാച്ചൻ: കണ്ട എരപ്പാളികളെല്ലാം ഒപ്പാരിക്കു കാണും. അവൻെറ ഒക്കെകാലമല്ലെ? നാണോം മാനോമൊള്ളോന്ന മര്യാദക്കു കഴിയാനൊക്കുമോ?

കൃഷ്ണപിള്ള: ഇതൊക്കെ കലികാലവിശേഷമാ—ഏതു കലികാലവിശേഷം. തനയൻ ജനകനെ വെട്ടിക്കൊല്ലും. അനുജൻ ചേട്ടനെ വെട്ടിക്കൊല്ലും. എന്നാ ആപ്തവാക്യം.

അവറാച്ചൻ: ആട്ടോംപാട്ടുംനിത്തിയേച്ചു ഇനിയത്തെ കാര്യം നെനയ്ക്കു്.

കൃഷ്ണപിള്ള: ഞാനതൊക്കെ പണ്ടേ കണ്ടതല്ലേ.

അവറാച്ചൻ: അല്ലേലും പുള്ള വ്വനാള്ള വീരനാ.

കൃഷ്ണപിള്ള: അതെൻെറ ജാതകഫലമാ—ഏതേ ജനനഫലമെന്ന്. കേസരിയോഗമാ കണിയാര് കുറിച്ചിരിക്കുന്നത്. യേനകേനപ്രകാരേണ കേസരിയോഗവും കാണുന്നു തന്ത്രാ. എന്നു വെച്ചാൽ സിംഹത്തെ പോലങ്ങു തകക്കുമെന്നു്സാരം.

അവറാച്ചൻ: എന്നാൽ പേടിക്കണമല്ലോ.

കൃഷ്ണപിള്ള: വേണ്ട. ആപ്തന്മാക്ക് ചന്ദ്രശീതളനും, എതിക്കുന്നവക്ക് സൂയ്യനെപ്പോലെ ഉജ്വലനുമാണുഞാൻ. അതിൻെറപേരാ സൂയ്യചന്ദ്രഫലകമെന്ന്. പിന്നെ, എനിക്കിപ്പോഠം രാഹുൻെറ അപഹാരമാ. ആരാ ഈ രാഹു. ഈ ലോകം കുടിവിഴുങ്ങുന്നോനാ-ങ്ങ് ആ. അതുകൊണ്ട് ദേശാന്തരഗമനമാഫലം. അച്ചട്ടല്ല, ഞാനിപ്പം വീടും കൂട്ടം വിട്ട് കാട്ടിൽ കിടക്കുവല്ലേ. ഈ ജാതകമെന്നു പറയുന്നതിൽ പതിരില്ല.

അവറാച്ചൻ: ഇതൊക്കെ കള്ളത്തരമാപിള്ളേ. പള്ളിക്കാക്കതിൽ വിച്ചാതവുമില്ല.

കൃഷ്ണപിള്ള: വേണ്ട. ഫലം കാണുന്നുണ്ടോന്ന് കേട്ടാട്ടെ. ആ നാണപ്പൻ നായരടെനാളെന്താ. മൂലം. ആൺമൂലം അറവക്കമെന്നാ ആപ്തവാക്യം. അങ്ങേരു ഉള്ള പുഞ്ചനെലമെല്ലാം വിററിട്ടങ്ങേറവെച്ചു. ഇടാൻ നെല്ലില്ലെന്നേയുള്ളൂ. അങ്ങേതിലെ ജാനകിച്ചേച്ചിയിരണ്ട് ഏഴാമടമാ. ഭർത്തൃസ്ഥാനത്തേക്കാ നോട്ടം. ആ പാവം മൂപ്പീന്ന് തൂങ്ങിചത്തില്ലേ? അതാജാതകത്തിൻെറ ശക്തി.

അവറാച്ചൻ: എന്നാൽ വെളിയിലാരും അറിയാതെ എൻെറകൂടെ ഒന്നു നോക്കിക്കാരുന്നു.

കൃഷ്ണപിള്ള: ജനനസമയത്തെ ഗ്രഹനിലയും ചന്ദ്രനേയും ആരുകണ്ടു? അല്ലെങ്കിൽ ഇനി എന്തൊന്നു നോക്കിക്കാനാ. അവറാച്ചനെപ്പോലെ ഭാഗ്യവാനായിട്ടാരുണ്ട്. പതിനൊന്നാമടത്തു വ്യാഴമായിരിക്കും.

അവറാച്ചൻ: പഴേകാലമാരുന്നേൽ ഞാനിതുവല്ലോമാണോ? ഇപ്പം സമ്പാദിക്കാൻ കൊള്ളുന്നകാലമല്ലപിള്ളേ.

കൃഷ്ണപിള്ള: എന്തിനാ അധികം. എല്ലാംകൂടെ ഒരു പെൺതരിയല്ലേയുള്ളൂ.

അവറാച്ചൻ: അവൾക്കു ഒരിക്കലും ദാരിദ്ര്യംവരരുതു പുള്ളേ പിന്നെ വല്യവാങ്കുകാരോ തോട്ടക്കാരോ വരാനാണേലും അവടെ സ്ത്രീധനം കൊറയാമോ?

കൃഷ്ണപിള്ള: അതുംശരിയാ. ഇപ്പോൾ പെണ്ണിന്റെ വീതം നോക്കിയല്ലാതെ്കല്യാണക്കാരുവരുമോ? ഈ കരയിൽ തന്നെ എത്രയെണ്ണം മൂത്തുനരച്ചങ്ങനെയിരിക്കുന്നു.

അവറാച്ചൻ: അപ്പം നമ്മടെ നെലത്തിന്റെ കാര്യം മറന്നോ?

കൃഷ്ണപിള്ള: അങ്ങനെമറക്കുമോ? അങ്ങോട്ടുകേറിയിങ്ങു വെട്ടിയെടുക്കണം. ആരാ കൈക്കുപിടിക്കുന്നതെന്ന് കാണാമല്ലോ?

അവറാച്ചൻ; ഔത വല്ല പോലീസിനേം വിളിച്ചോണ്ടു വന്നാലോ. എനിക്കീതൊപ്പിക്കാരെ ഇച്ചിര പേടിയാ.

കൃഷ്ണപിള്ള: അതറിയാഞ്ഞിട്ടുതോന്നുകാ. അങ്ങ്" ഇന്നങ്ങിയാൽ അവരു് തങ്കകുട്ടന്മാരാ—ഏതോ തങ്കകുട്ടന്മാർ

അവറാച്ചൻ: എന്നാലും വിച്ചാരിതിക്കാമ്പേലാ പിള്ള, എപ്പഴാ തിരിച്ചുപറയുന്നതെന്ന്.

കൃഷ്ണപിള്ള: അതെന്തോ അറിഞ്ഞില്ല. പക്ഷെ അവരിപ്പോൾ വസ്തുതർക്കത്തിനൊന്നും വരത്തില്ല. ഈ ലോകം മുഴുവനും അവറാച്ചൻ അങ്ങോട്ട് വെട്ടിപ്പിടിച്ചാലും അവരു കമാന്ന് മിണ്ടത്തില്ല. ആളു ചത്താലേ അവരു തിരിഞ്ഞു നോക്കൂ.

അവറാച്ചൻ: അതെന്നു തുടങ്ങിയാണോ പിള്ളേച്ചാ?

കൃഷ്ണപിള്ള: ഇപ്പഴത്തെ സാക്ഷാൽ ജനകീയത്തിലെ രീതിയാണ്. അതാ ഈ പത്രത്തിൽ കാണുന്ന പട്ടാപ്പകൽ പിടിച്ചുപറീം പെണ്ണുമോഷണോമൊക്കെ നടക്കുന്നത്.

അവറാച്ചൻ: ഇതാരിക്കും നമ്മുടെക്കൂട്ടരു പറയുന്ന അരക്ഷിതാവസ്ഥ.

കൃഷ്ണപിള്ള: അതെ അതുതന്നെ!

അവറാച്ചൻ: എന്നിട്ടുമെനിക്കൊരുപേടി, എന്റെ പിള്ളേച്ചാ അവൻ ആളെക്കൂട്ടിതല്ലിച്ചാലോ?

കൃഷ്ണപിള്ള: നമുക്കുടനെ ക്രിമിനൽ കേസുകൊടുക്കരുതോ വസ്തുതടങ്കലില് മെട്ടപ്പിക്കാം. അല്ല അതുണ്ടാകാൻ പോകുന്നില്ല. അവറാച്ചനോടെതിർക്കാൻ വല്ല വെന്തീങ്ങായും വരുമോ? ഉടനെ പള്ളീന്ന് പോടിക്കുകയില്ലേ? പിന്നെ ഞാനൊള്ളപ്പം നായർക്ക് ജനിച്ചോനാരും കമാന്നു മിണ്ടത്തില്ല.

അവറാച്ചൻ: ഇപ്പഴത്തെ അവരുടെ ഒരു കൃഷിസംകമോഷെല്ലോകിടല്ലാഏതാണ്ടില്ലേ അവിടെ പോയി ഒരു പരാതി ബോധിപ്പിച്ചാലോ?

കൃഷ്ണപിള്ള: ഇതു ചെവിക്കു ചെവി അറിയുന്ന വത്തമാനമാണോ? ഇതാന്നു പറയുന്നതിനുമുമ്പ് വെട്ടൊന്നു് കണ്ടം രണ്ടു്. അതൊക്കെ ഞാനേറാറു.

അവറാച്ചൻ; പിള്ളേച്ചൻെറ മോൻതന്നെ ആ ശെയ്ത്താന്മാരുടെ കൂടെ കൂടിനടക്കുവല്ലിയോ? കണ്ട പെലത്തറേം ചോവൻെറ വീട്ടുംനെരങ്ങി. ഇപ്പം വല്യപ്രസംഗക്കാരനായിരിക്കുവാന്നുകേട്ടു. ഓ ഇവരുടെയൊക്കെ ഒരു പ്രസംഗം. ഞങ്ങടെ പള്ളീലെ ഒരൊറ ഞാറാഴ്ച പ്രസംഗത്തിൻെറട്ടത്തെങ്ങാനും വരുമോ? അതുകേട്ടിരുന്നാച്ചങ്ങു ഒറങ്ങിപ്പോകത്തില്ലിയോ? നല്ലൊരുകൊച്ചൻ. ഞാനന്നേ പറഞ്ഞതല്ലിയോ ഞങ്ങടെപള്ളിക്കൂടത്തിലോട്ടങ്ങു ചേരാൻ. എന്നാലിപ്പം രൂഭാ എണ്ണിവാങ്ങാരുന്നു. അപ്പമതിയാന്നു് അമ്പതിനൊപ്പിട്ടാൽ അമ്പതും വേണം. അതൊക്കുന്ന പണിയാണോ.

കൃഷ്ണപിള്ള: എന്തിനു പറയുന്നു അവറാച്ചാ, തലേലെഴുത്തു അമുക്കിച്ചെരച്ചാൽ പോകുന്നതാണോ? അപ്പോഴും കൊതിച്ചാൽ വിധിച്ചതേ കിട്ടു.

അവറാച്ചൻ: എന്നാലുമെൻെറ സങ്കടം കൊണ്ടുപറേന്നതാ. മിടുക്കനൊരു പയ്യനാരുന്നു. ഇങ്ങനെ വാലും തലേമില്ലാതെ പോയല്ലോ. പിള്ളേച്ചനൊന്നു പറഞ്ഞുനോക്കരുതോ?

കൃഷ്ണപിള്ള: എന്തിനാ. മുജ്ജന്മവാസന: അതു പറഞ്ഞാൽ മാറുമോ? കാരസ്കരത്തിൽ കുരുപാലിലിട്ടാൽ കാലാന്തരേ കയ്പു ശമിപ്പതുണ്ടോ? എന്നാണാപ്തവാക്യം.

അവറാച്ചൻ: അതുകൊണ്ടു് പിള്ളേച്ചൻെറ മോനിപ്പം വഴക്കിനു വരുമോ? കൂടെ കൂടാൻ കണ്ടപരട്ടകളും കാണും.

കൃഷ്ണപിള്ള: അങ്ങനെ സംശയിക്കാനില്ല. അവൻ കുടുംബമഹത്വം വിട്ട് കണ്ടവരുകൂടി ചീത്തയായെങ്കിലും ഞാൻ എന്തെടാ എന്നു ചോദിച്ചാൽ നിന്നെടത്തുനിന്നു മൂത്രമൊഴിക്കും. അത്രക്കു പാവമാ അവറാച്ചാ. വല്യകരങ്ങന്മാരവനെക്കൊണ്ടു ചൂട്ടുപോവുമാന്തിക്കുകല്ലേ. ദ്രോഹികള്.

അവറാച്ചൻ: അതിയാൻെറ കൂടെ കാണുന്നമറേറ സിങ്കളകുട്ടനേതാ?

കൃഷ്ണപിള്ള: ആ വെളുത്തുനീണ്ട് പച്ചകുമ്പാളപോലിരിക്കുന്നതോ?

അവറാച്ചൻ: അതല്ലാ ഇരുനെറത്തിൽ ഒരു തക്കിടി മുണ്ടൻ.

കൃഷ്ണപിള്ള: അതു നമ്മുടെ രാമൻപിള്ള സാറിൻെറ മോനല്ല്യിയോ? നാലാമത്തെമോനേ. ഉണ്ണിയെകണ്ടറിയണം ഊററിലെപഞ്ഞം. എന്നാ ആപ്തവാക്യം. സാറിനിപ്പം നാലുപുക്രം പെൻഷൻ കിട്ടുന്നതുകൊണ്ട് ഇവനെയൊക്കെ പുലത്താനാകുമോ? അണ്ണാൻ വാ.തുറന്നാൽ മലയോളം വരുമോ എന്നാ ആപ്തവാക്യം.

അവറാച്ചൻ: ആ കൊച്ചൻ മഹാനിഷേധിയാ, എൻെറ വത്തുക്കളെല്ലാം പിടിച്ചു പറിച്ചതും കള്ളപ്രമാണംശെയ്തുണ്ടാക്കിയതുമാണെന്ന് അവൻ പ്രസങ്ങിച്ചിരിക്കുന്നു. നാലുപേരെ വിളിച്ചങ്ങു തല്ലിച്ചാലോന്നു ഞാൻ വിജാരിച്ചതാ. പിന്നെ പാവംപിടിച്ച പിള്ളാരല്ല്യിയോന്ന് പൊറുത്തേനെ കൊണ്ടു.

കൃഷ്ണപിള്ള: അതാ യോഗ്യൻെറലക്ഷണം. മൗനം വിദ്വാനു ഭൂഷണം എന്നാ ആപ്തവാക്യം.

അവറാച്ചൻ: ആശെയ്ത്താൻെറ മോൻകേറി കോക്ക്ത്തില്ലേന്നാ ഞാൻ വിജാരിക്കുന്നതെ! കാര്യം നടന്നില്ലേൽ പിന്നെ ജീവിക്കണോ? ഒരുത്തനുമെന്നെ തോപ്പിക്കാനില്ല. എന്നാലും ആളുകൾ മൊകത്തുനോക്കി കൊഞ്ഞനം കാണിക്കുവേലേ

കൃഷ്ണപിള്ള: അതുപിന്നെ പറയാനുണ്ടോ. കാലത്തെ കുളിക്കാത്തോനേം, കുളിച്ചാൽ കുറിയിടാത്തോനേം, പടയിൽ തോറേറാനേം കണ്ടാൽ കുളിക്കണമെന്നാ ആപ്തവാക്യം.

അവറാച്ചൻ: അതുകൊണ്ടു നമ്മളുചെന്നാൽ നേടിപ്പോരാമോ.

കൃഷ്ണപിള്ള: നനച്ചിറങ്ങിയേ കുളിച്ചുകേറണം, അതീകൃഷ്ണപിള്ളയ്ക്കു വലിയ നിർബന്ധമുള്ള കാര്യമാ. ആ പെരുക്കനൊന്നും വരത്തില്ല. അല്ലവന്നാൽ തന്നെ "പോടാ പോ" എന്നു പറഞ്ഞാൽ മിണ്ടാതെ കേറിയങ്ങുപോകും. വല്ല ബീഡിക്കും ചായയ്ക്കും കൊടുത്തേച്ചാൽ പരമസന്തോഷം. അല്പനത്ഥം കിടച്ചാൽ......

അവറാച്ചൻ: അതുകള. എന്നാൽ പുള്ളച്ചനങ്ങോട്ടു ചെന്ന് കാലത്തെ നാലുപേരേം വിളിച്ചോണ്ടു പോതിയങ്ങുവരാൻപറ. കാര്യമെന്നതാന്നു ശോദിച്ചാല് ഒന്നും അറിയത്തില്ലെന്നു പറ.

കൃഷ്ണപിള്ള: എന്നാലങ്ങനെയാകട്ടെ!

(കർട്ടൻ)

## രംഗം ആറു്.

അവറാച്ചൻെറ വീടിന്റെ മുൻവശം. വരാന്തയിൽ രണ്ടുനാലു കസേരകൾ ഇട്ടിട്ടുണ്ട്. രാജുവും ശേഖരം പ്രവേശിക്കുന്നു. നല്ല വേഷം, മന്മലും ബുഷ്ഷർട്ടും. അകത്തുനിന്നും ഒരു നായ് മുരളുന്നു.

ശേഖർ: ഇവിടെ ആൾപാർപ്പുള്ള ലക്ഷണമൊന്നും കാണുന്നില്ലല്ലോ. വാടകയ്ക്കു കൊടുക്കാനിട്ടിരിക്കുകയാണോ?

രാജു: നിനക്കെന്താ കുറച്ചുവെയിൽ കൊണ്ടതുകൊണ്ടു് തലക്കിളക്കം തുടങ്ങിയോ? ഇവിടെല്ലാം മാന്തിക്കൊണ്ടു നടക്കുന്നൊന്നാരഢസ്സൻ കോഴികളേയും ചിനക്കി വിളിക്കുന്ന ഗിനികളേയും നിനക്കങ്ങു കൊണ്ടുപോകാമെന്നാണോ മോഹം

ശേഖർ: ഉടമസ്ഥനില്ലാത്തതാണെങ്കിൽ നമുക്കു് സർക്കാരിലേക്കു മുതൽ കൂട്ടാം.

രാജു: അതുപററി. കുറച്ചുനേരമായി നമ്മുടെ വരവിൽ ശക്തിയുക്തം പ്രതിഷേധിക്കുന്ന ആ അൽസേഷൻെറ ഞരക്കം നിനക്കു കേട്ടുകൂടെ! നാം മുററത്തു നിന്നും ഒരു പടികയറിയാൽ അവൻ അലാറം മുഴക്കി തുടങ്ങും. അപ്പോൾ കാണാം ചോദിക്കാനാളുണ്ടായെന്നു്.

ശേഖർ: നിൻെറ ജന്തുവാത്സല്യവിഹീനതയിലല്ലേ അതിന് പ്രതിഷേധം.

രാജു: പോടാ മണ്ടാ, ജനകീയ ശക്തികളെ മ ണത്തറിയാൻ ഇതിനെയും പ്രത്യേകം പരിശീലിപ്പി ച്ചിട്ടുള്ളതാണു്.

ശേഖർ: നീയപ്പോഴും പറഞ്ഞുവരുന്നതു് ശ്വാനവർഗ്ഗത്തിലും പിൻതിരിപ്പൻവാസനക്കാരുണ്ടെന്നാണോ?

രാജു: സംശയമെന്താ. ഏലത്തോട്ടത്തിലെയും തേയിലത്തോട്ടത്തിലെയും വെളുത്ത മനുഷ്യരുടെ നീല രക്തം തന്നെയാണു് ഇവൻെറ ഞരമ്പുകളിലും ഓടുന്നതു്. ഇവൻെറ സാക്ഷാൽ യജമാനനെപ്പോലെ ഇവനും നാട്ടുകാരായ ജീവികളെ പുല്ലുപോലെയാണു കരുതിയിരിക്കുന്നതും.

ശേഖർ: പക്ഷേ തൻെറടമായിട്ടു് എതിർത്തുനിന്നു് കടിച്ചുമുറിപ്പണമെങ്കിൽ നാട്ടുകാരൻ തന്നെയാഭേദം. ഇവൻെറ ധടപടപ്പും തീററക്കൊതിയും പാവങ്ങളെ പേടിപ്പിക്കാനേ ഉതകൂ.

രാജു: അതുതന്നെ സായിപ്പന്മാർ വളർത്തിയെടുത്ത മഹത്തായ സംസ്കാരത്തിൻെറ വിശേഷം. ഏററവും കുറഞ്ഞ വേലയും ഏററം കൂടിയ വേതനവും ഇതാണല്ലോ ഇന്നത്തെ മുദ്രാവാക്യം.

ശേഖർ: എന്നാൽ ഇതുപോലും ചെയ്യാതെ വാനകളിൽ സുഖയാത്രചെയ്തും, നാട്ടിലങ്ങിങ്ങു് ചുററിനടന്നും ക്ഷേമരാഷ്ട്രമുയർത്താനുള്ള ചിലവിൽ പത്തിനെട്ടും ശമ്പളവും അലവൻസുമായി ചോർത്തുകയും ചെയ്യുന്നവരുടെ കാര്യമോ?

രാജു: അതിൻെറ പേരല്ലേ പദ്ധതി, പദ്ധതീന്നു്.

ശേഖർ: പദ്ധതിജയിച്ചു കൊടി പാറിവരുമ്പോഴ് മനുഷ്യന്റെ അസ്ഥികൂടങ്ങളായിരിക്കുമല്ലോ അവശേഷിക്കുക.

രാജു: അതാണു പദ്ധതിയുടെ ഇരട്ടത്തലയൻ വിജയം. പദ്ധതിയും പുരോഗമിക്കും. എല്ലുപൊടിക്ഷാമവും തീരും.

ശേഖർ: അതാവരുന്നതാരാണെന്നു നോക്ക്.
(മേരിക്കുട്ടി പ്രവേശിക്കുന്നു. ഒരു പുഞ്ചിരിയോടുകൂടി രണ്ടു പേരേയും തൊഴുന്നു.)

മേരി: നിങ്ങൾ വന്നിട്ട് കുറച്ചുനേരമായിരിക്കും. അപ്പച്ചൻ പാടത്തുനിന്നിങ്ങു വന്നില്ലല്ലോ. ഇനിയും കാത്തിരിക്കണമെന്ന് പറയേണ്ടിവന്നതിൽ ക്ഷമിക്കണം.

ശേഖർ: ആ പ്രതിഷേധക്കാരനെ അഴിച്ചുവിടാതിരിക്കുകയാണെങ്കിൽ ഞങ്ങളെത്രനേരംവേണമെങ്കിലും കാത്തിരുന്നു കൊള്ളാം.

രാജു: ഈ കാത്തിരുപ്പ് ഞങ്ങൾ ക്കൊട്ടുംപുത്തരിയല്ല.

മേരി: അപ്പച്ചൻ എന്തോ ധൃതിപണിയായിട്ട് പാടത്തു നില്ക്കുവാ. ഇങ്ങുപോരാനുള്ള നേരമായി

ശേഖർ: എന്നുതന്നെ എനിക്കും തോന്നുന്നു. ഈ പണികൊണ്ട് ഫലമുണ്ടാകുന്ന നേരംപോയി. ഇനിയിങ്ങുപോരും.

മേരി: പള്ളിക്കൂടത്തിൽ പഠിക്കുമ്പോഴത്തെ അത്ഥം വച്ചുള്ളപറച്ചിൽ ശേഖർ മറന്നിട്ടില്ല.

ശേഖർ: നിങ്ങളിൽ ഏശുന്ന മുനയതിനില്ല.

മേരി: അങ്ങനെ എനിക്കു തോന്നുന്നില്ല.

രാജു: ശേഖർ വിചാരിക്കുന്നതുപോലെയല്ല മേരിക്കുട്ടി

ശേഖർ: ഓ കണ്ടോ ഒരാളുടെ കനിവ്.

(മേരിക്കുട്ടിയെ രാജു സാകൂതം നോക്കുന്നു. ശേഖർ അർത്ഥഗർഭമായി ഒന്നു മൂളുന്നു).

രാജു: ഞാൻ പ്രത്യേകിച്ച്......

ശേഖർ: ഹേ, ഒന്നുമില്ലെന്ന്. അങ്ങനൊന്നും പറയാനില്ല.

രാജു: എനിക്ക് മേരിക്കുട്ടിയെ അടുത്തറിയാവുന്നതുകൊണ്ട് പറഞ്ഞതാണ്.

ശേഖർ: അടുത്തെന്നുവച്ചാൽ എത്രയടുത്ത്?

രാജു: ഛെ, നീ കാര്യമായി സംസാരിക്കണം.

ശേഖർ: ഞാനകാര്യംവല്ലതും പറഞ്ഞോ മേരിക്കുട്ടീ (മേരിക്കുട്ടി ചിരിക്കുന്നതേയുള്ളു.)

രാജു: എനിക്കു മേരിക്കുട്ടിയെ ചെറുപ്പം മുതലേ അറിയാം.

ശേഖർ: ഇല്ലെന്നാരെങ്കിലും പറഞ്ഞോ?

രാജു: ഞങ്ങളൊന്നിച്ചു കളിച്ചു നടന്നിട്ടുള്ളവരാണ്.

ശേഖർ: നടന്നിട്ടുള്ളവരാണ്. മേലിലും അങ്ങനെ നടക്കണം

രാജു: നീ കളിമതിയാക്കു.

ശേഖർ: അതാ ഞാനാ കടവരെപോയി രണ്ടു സിഗററു വാങ്ങിച്ചുകൊണ്ടുവരട്ടോ?

രാജു: അന്നയുണ്ടെങ്കിൽ ഞാൻ പോയിട്ടുവരാം.

ശേഖർ: അതുവേണ്ട. ഞാൻ തന്നെപോകാം.

(പോകാൻ തുടങ്ങുന്നു)

രാജു: എന്നാൽ ഞാൻ കൂടെവരാം

(കൂടെ നടക്കുന്നു)

ശേഖർ: ഛേമോശം. രണ്ടു ബക്കിലിക്കവേണ്ടി രണ്ടാണുങ്ങളുപോകണോ. നീയിവിടിരി: ഞാനിപ്പംവരാം. (നടന്നുകൊണ്ടു്)ഒന്നുംപേടിക്കണ്ടാകേട്ടോ.

മേരി: ഇനിതനിയെ ഇരിക്കണമല്ലോ?

രാജു: മേരിക്കുട്ടിയല്ലേ ഇവിടെനില്ക്കുന്നതു്?

മേരി: ഞാനകത്തേക്കുചെന്നു് കുറച്ചുകാപ്പിതയ്യാറാക്കട്ടെ!

രാജു: അതിനിത്ര തിടുക്കം കൂട്ടാനെന്തു്?

മേരി: നമ്മൾ സംസാരിച്ചുകൊണ്ടുനില്ക്കുന്നതു് അപ്പച്ചൻ വന്നു കണ്ടാൽ......

രാജു: അല്ല വന്നുകണ്ടാൽ. നാം അയൽപക്കക്കാരല്ലേ ചെറുപ്പത്തിൽ ഒരുമിച്ചു് നടന്നുവളന്നവരല്ലേ?

മേരി: എന്നുവച്ചു് അന്നത്തെ സ്വാതന്ത്ര്യം ഇന്നുണ്ടോ?

രാജു: അപ്പോൾ കാലംകൊണ്ടു് മേരിക്കുട്ടിയുടെ നിലക്കു് മാററം വന്നിരിക്കുന്നു എന്നത്ഥം. അതെ അതു ഞാൻ മറക്കാൻ പാടില്ല. കൊച്ചുതോട്ടിൽ വിരിഞ്ഞുനില്ക്കുന്ന ആമ്പൽ പൂവിനുവേണ്ടി എൻെറ ചെങ്ങാത്തം പിടിച്ചു്നടന്നിരുന്ന മേരിപ്പെണ്ണാണോ ഇന്നത്തെ മിസ്സ് മേരിക്കുട്ടി. ചെറുകല്ലേലങ്ങളുടെ അണിമുറിച്ചു്, കിഴക്കോട്ടുന്നിയാൽ വടക്കോട്ടു നീങ്ങുന്ന കൊതുമ്പുവള്ളത്തിൽ മുങ്ങിയും പൊങ്ങിയും പാടത്തു കളിച്ചു നടന്ന കൊച്ചുകുട്ടിയല്ല ഈ വീട്ടിലെ ഗൃഹലക്ഷ്മിയെന്നു ഞാനോക്കേണ്ടതാണു്. അണ്ണാനെപോലെ തൈത്തെങ്ങിലിയിൽ കയറി പഴുത്ത ചക്കകൾ ഞെട്ടമ്പിനു് കടിച്ചുപിടിച്ചുകൊണ്ടു് ഇറങ്ങിവന്നിട്ടുള്ള അതേ സൗഹൃദംതന്നെ എൻെറ മനസ്സിൽ വള

ന്നിട്ടുള്ളതു്. പക്ഷെ അതോടൊപ്പം യഥാർത്ഥലോകവും വിശാലമായില്ലെന്നു് ഞാനറിഞ്ഞില്ല.

മേരി: ആ കുട്ടിക്കാലം തീർച്ചയായും മധുരമേറിയതായിരുന്നു.

രാജു: ചെത്തിയും ചെമന്തിയും നിറഞ്ഞ കളിസ്ഥലങ്ങൾ. മുക്കുററിയും മുള്ളുപൂവും ഇടതിങ്ങിയ മേട്ടുംപ്രദേശങ്ങൾ, തേന്മാവും തേക്കുപാട്ടുംവളരുന്ന ശീതളഛായകൾ, ഒരായിരം ഓമനക്കിളികൾ കളഗാനം പെയ്യുന്ന ഗ്രാമീണദേവതയുടെ നൃത്തരംഗം ഇതൊക്കെ നമ്മുടെ സാമ്രാജ്യമായിരുന്നപ്പോൾ പ്രഭുകന്യകയും കുചേലബാലനുമായി അന്തരമില്ലായിരുന്നു. ഇന്നതൊക്കെ മാറിപ്പോയില്ലേ?

മേരി: ഞാനതുദ്ദേശിച്ചല്ല പറഞ്ഞതു്.

രാജു: വേണ്ട, ഭംഗിവാക്കുകൊണ്ടർത്ഥമില്ല. ഒരു മഹാസമ്പന്നൻെറ ഏകസന്താനം, പ്രതീക്ഷകൾമൊട്ടിട്ടുനില്ക്കുന്ന ഭാവിയിൽ തങ്കക്കിനാവുകൾ മെനഞ്ഞുചേർക്കുന്ന മനോജ്ഞതാരുണ്യം, ശരൽക്കാലത്തു തെളിഞ്ഞുനില്ക്കുന്ന ആകാശത്തു മിന്നിത്തിളങ്ങുന്ന അനർഘരത്നങ്ങൾക്കു കൈനീട്ടിയാലും അതിനോടൊത്തു് കൊണ്ടുവന്നുകൊടുക്കുന്ന വാത്സല്യനിധിയായ പിതാവിൻെറ ലാളനയിൽ തഴച്ചുവളരുന്ന സുഖസംതൃപ്തി, ഇവയെല്ലാം പരിചയ്യചെയ്യാനുള്ളപ്പോൾ പണ്ടെങ്ങാണ്ടു് കളിച്ചുനടന്ന ഒരു വെറും തോഴനെ മേരിക്കുട്ടി മറക്കുന്നതിൽ അത്ഭുതത്തിനവകാശമില്ല.

മേരി: ദയവുചെയ്തു് കഠിനമായ വാക്കുകൾ പറയരുതു്. ഞാനൊരിക്കലും കുട്ടിക്കാലത്തെ സൗഹൃദത്തെ ഞെക്കിക്കൊല്ലാൻ നോക്കിയിട്ടില്ല, നേരെ മറിച്ചു് താലോലിച്ചു് വളർത്തിയിട്ടേയുള്ളു.

രാജു: പക്ഷേ അന്നത്തെ ബാലസ്നേഹം സമുദായ നീതിയുടെ കനത്ത ഭിത്തിക്കുള്ളിലിരുന്ന് വീർപ്പുമുട്ടുകയല്ലേ? പൊട്ടച്ചിരട്ടയും പ്ലാവിലയുംകൊണ്ടു വീടുണ്ടാക്കികളിച്ച ബാല്യകാലവിശ്വാസം ശ്വാസം വിടാൻ നിർവാഹമില്ലാതെ കിടന്നു പിടയുകയല്ലേ?

മേരി: അല്ല. ഒരിക്കലുമല്ല. അനന്തഭാസുരമായ അന്തരീക്ഷത്തിൽ ഉയർന്നുപറന്നുകൊണ്ടു് ആ അരിപ്രാവു് ഒരനശ്വരസന്ദേശമരുളുകയാണു്. അതോടെ എന്റെ ഹൃദയത്തിന്റെ കല്പാളയുടെ കനകകവാടങ്ങൾ തുറക്കപ്പെടുകയാണു്. ഇടുങ്ങിയ അന്ധവിശ്വാസങ്ങളുടെ അസഹനീയത മാറുമാൻ അലൗകികപ്രേമത്തിന്റെ കുന്തിരിക്കം പുകയുകയാണു്. പരസ്പരവിശ്വാസത്തിന്റെ മെഴുകുതിരികൾ എരിയുകയാണു്. അവിടെ നമ്രശിരസ്കയായി മുട്ടിന്മേൽനിന്നു പ്രാത്ഥിക്കുന്ന എന്നിൽ മനുഷ്യത്വം പുനസ്ഥാപിക്കാൻവേണ്ടി ആത്മാഹൂതിചെയ്ത ദൈവപുത്രൻ കുരിശിന്മേൽനിന്നും എന്നിൽ കരുണാകടാക്ഷം പൊഴിക്കുകയില്ലേ!

രാജു: തീർച്ചയായും. മേരിക്കുട്ടി ഈശ്വരകാരുണ്യത്തിനർഹയാണു്. എന്നാൽ ഒരു പാറപ്പുറത്തു് എത്രനാളീ പൂ നില്ക്കുമെന്നു് ഞാനത്ഭുതപ്പെടുകയാണു്

മേരി: ഉം അതെന്താ?

രാജു: ഞാൻ പറയുന്നതുകൊണ്ടു് തെററിദ്ധരിക്കരുതു്. നിത്യേന പരദ്രവ്യത്തിൻ കണ്ണുവച്ചു് കഴിയുന്ന ഒരു പരുന്തിന്ന് ഒരരയന്നകുഞ്ഞിനെ എത്രനാൾ താലോലിക്കാൻ സാധിക്കും.

മേരി: രാജു പറയുന്നതെനിക്കു് മനസ്സിലാകുന്നുണ്ടു്. അപ്പച്ചന്റെ കടുത്ത സാധുദ്രോഹത്തിൽ എ

നിക്കപങ്കില്ല. പീലാത്തോസിനെപോലെ ഞാനെ ന്നോ അതിൽനിന്നും കൈകഴകി മാറിയതാണു്.

രാജു: ഇതും ഒരുവക തീരാവ്യാധിയാണു്. തന്നെ ത്താനനുഭവിക്കാൻ വേണ്ടിയല്ല വലിച്ചു കൂട്ടുന്നതു് സ്വാദിക്കുന്നതുതന്നെ ഒരു കവിത. മായാദാസനെപ്പോലെയായിരുന്നെങ്കിൽ നരകയാതനയിൽ ചില ഹതഭാഗ്യർ വീഴാതെകഴിയുമായിരുന്നു.

മേരി: ഞാൻ മനസ്സുനിറഞ്ഞും ദുഃഖിക്കാറുണ്ടു്. പക്ഷെ ഒരു പെണ്ണായ ഞാൻ വിചാരിച്ചാൽ എന്തു ചെയ്യാനാണു്. മഗ്ദലനയോടും ജൂദാസിനോടും പൊറുത്ത ദൈവപുത്രൻ അപ്പച്ചനോടും ക്ഷമിക്കട്ടെ!

രാജു: അതുപോരാ. ഇതിനും പ്രതിക്രിയ ചെയ്യാനുള്ള ചുമതലയും ഉപശാന്തിനല്കാനുള്ള ശക്തിയും മേരിക്കുട്ടിയിലാണു് നിക്ഷിപ്തമായിരിക്കുന്നതു്.

മേരി: എനിക്കു ശരിക്കു് മനസ്സിലായില്ല.

രാജു: അതു പിന്നീടൊരവസരത്തിൽ പറഞ്ഞുകൊള്ളാം.

മേരി: ഇത്രയും സംസാരിച്ചുനിന്നതുകൊണ്ടു് കാപ്പി വൈകി. ഇനിഒന്നു ജാഗ്രത ചെയ്യട്ടെ' (പോകുന്നു)

ശേഖർ: (പ്രവേശിച്ചുകൊണ്ടു്) സിഗററു വലിക്കാൻ ധൃതിയില്ലല്ലോ?

രാജു: നീപോയിട്ടു് എത്രനേരമായി.

ശേഖർ: ഒരു തരത്തിലതു നന്നായില്ലേ?

രാജു; ഏതു്?

ശേഖർ: ഇത്രയും താമസിച്ചതു്.

രാജു ഉ-ം അതെന്താ?

ശേഖർ: അല്ല, ഞാനങ്ങോട്ടു്. ഓടിപ്പോയേച്ചു് അതുപോലിങ്ങു തിരിച്ചുവന്നാൽ അതത്രയോഗ്യതയാണോ?

രാജ്ജു: അതിലെന്താ അയോഗ്യത?

ശേഖർ: എന്നാലുമപ്പഴൊരു കവിതയുണ്ടോ· ഒരു കവിത

രാജ്ജു: നിന്റെ കവിതേം കഴുതേം.

ശേഖർ: അതങ്ങനെ തോന്നാം.

രാജ്ജു: ഏതു്. നീയൊരു കഴുതയാണെന്നോ?

ശേഖർ: അല്ല. തീരുന്നാവരെ നല്ല കവിതയാണെന്നു തോന്നും. അങ്ങനെയങ്ങ് പാടിപ്പോകും തീന്നാൽ നിനക്കുതന്നെ ഒരു കഴുതയാണല്ലോ എന്നുതോന്നും. അതാരുടേയും കുററമല്ല.

രാജ്ജു: അതുപോകട്ടെ, നീ പോയകാര്യം.

ശേഖർ: ഒരുദ്ദേശം സാധിച്ചതിന്റെ ലക്ഷണം നിന്റെ മുഖത്തുണ്ടല്ലോ? മറേറതെന്റെ പോക്കററിലും.

രാജ്ജു: എന്നാൽ ഇങ്ങോട്ടുകൊണ്ടുവാ. തീപ്പെട്ടിയുണ്ടോ?

ശേഖർ: അല്ല ഇതു് ഒട്ടുംകുറഞ്ഞലക്ഷണമല്ലല്ലോ?

രാജ്ജു: നീയെന്തൊന്നാ പറയുന്നതു്? സിഗററിങ്ങ് എടുക്ക്

ശേഖർ: അതുതന്നെ ഞാൻ പറയുന്നതു്. ശരിക്കുള്ള ഇളക്കത്തിന്റെ മട്ടുണ്ടു്.

രാജ്ജു: നിനക്കാവട്ടു്.

ശേഖർ: അതങ്ങനെയാതോന്നുക.

രാജ്ജു: പിന്നെനിക്കാണെന്നാ നീ പറയുക.

ശേഖർ: സംശയമുണ്ടോ?

രാജ്ജു: ഇത്രപെട്ടന്നു് ഉണ്ടാകാൻ കാരണം.

ശേഖർ: എന്റെ അസാന്നിദ്ധ്യവും...

രാജു: നിൻെറ അസാന്നിദ്ധ്യംകൊണ്ടു് ആകാശ മിടിഞ്ഞുവീണു.

ശേഖർ: വേറൊരാളുടെ സാന്നിദ്ധ്യത്തിൽ സ്വർഗ്ഗത്തിലേയ്ക്കൊന്നെത്തിനോക്കി. അതിൻെറ വാങ്ങലാ ഈ ഭ്രതിയിളക്കം.

രാജു: നീയെന്തുഭ്രതിയിളക്കമോ കണ്ടുപിടിച്ചതു്.

ശേഖർ; വെറും വയററിൽ സിഗററുവലിക്കണമെന്നു പറയുന്നതിൽ കവിഞ്ഞഭ്രതിയിളക്കം വേറൊന്നുണ്ടോ?

രാജു: നിൻെറ കമ്പനിറക്കാൻ ഇവിടാരാണിരിക്കുന്നു. എന്നിട്ടു സിഗററുവലിച്ചു് സുഖിക്കാനൊരുങ്ങിയിരുന്നോ

ശേഖർ: എനിക്കില്ലേലും എൻെറ രാജുവിനു് കിട്ടുമല്ലോകൂട്ടത്തിൽ എന്നെക്കൂടെ ഒഴുന്നാരത്തോണ്ടാൽ മതി,

രാജു: ഇവിടിപ്പം കാപ്പിം പലഹാരോം കൊണ്ടുവരാൻ നിൻെറ അമ്മായിയമ്മ ഇരിപ്പില്ലേ!

ശേഖർ: അതില്ലേലും അതുപോലെ സ്നേഹമുള്ളവരുണ്ടായാൽ പോരേ.

രാജു: എടാകൊതിയാനീയൊന്നുമിണ്ടാതിരിക്കു്.

ശേഖർ: ഞാൻ പറഞ്ഞതു തെററാണോയെന്നു നോക്കണം. അതാവരുന്നതു ചൂടുകാപ്പിയും നല്ലകടിയുമല്ലേ

(മേരിക്കുട്ടിഒരു തട്ടത്തിൽ മൂന്നുകപ്പു കാപ്പിയും കുറെ ബിസ്കററുകളുമായി വരുന്നു. ഒരു ചെറിയ മേശമേൽ വെയ്ക്കുന്നു. കസേരകൾ അടുപ്പിച്ചു് എല്ലാവരും ഇരിക്കുന്നു)

മേരി: എന്നാൽ കപ്പികുടിക്കണം.

ശേഖർ: ഞാൻ പറഞ്ഞപ്പോൾ ഇയാൾക്ക വിശ്വാസമായില്ല.

മേരി: എന്തോന്ന്?

ശേഖർ: അല്ല കാപ്പികിട്ടാതിരിക്കയില്ലെന്ന്

(എല്ലാവരും ചിരിക്കുന്നു. അവറാച്ചൻവരുന്നു).

അവറാച്ചൻ: പെണ്ണേ നീ അപ്പുറത്തുപോ. ഞാനിവിടില്ലാത്തപ്പം ഇതിയാന്മാക്കെന്നാ ഇവിടെ കാര്യം.

ശേഖർ: ഇവിടെ വന്നപ്പോൾ പാടത്താണെന്ന് അറിഞ്ഞു.

അവറാച്ചൻ: എന്നാപിന്നങ്ങോട്ടു പോരാഞ്ഞതെന്നാ?

ശേഖർ: ഇങ്ങോട്ട് ഉടനെ വരുമല്ലോയെന്ന് വിചാരിച്ചു

മേരി: ഉള്ളതാ അപ്പച്ചാ ഞാനാപറഞ്ഞത് വേഗം വരുമെന്ന്.

അവറാച്ചൻ: നിന്നോടല്ലിയോടീ അകത്ത്ക്ക പോകാൻപറഞ്ഞതെ. നീയിവിടെന്നാ പെരുന്നാള് കാണുകാണോ

മേരി: അവരോടാ കാപ്പികുടിച്ചോളാൻ പറഞ്ഞൊട്ടപ്പച്ചാ

അവറാച്ചൻ: നീന്നോടാരുപറഞ്ഞെടീ കണ്ടോരെയെല്ലാം വീട്ടിൽ വിളിച്ചിരുത്തി കാപ്പിസൽക്കാരം ചെയ്യാൻ?

മേരി: ഇതു നമ്മുടെ കൃഷ്ണപിള്ള സാറിന്റെ മകനല്ലേ? ഇതു എന്നെ പഠിപ്പിച്ച രാമൻ നായരു സാറിൻെറ മകനും. ഞങ്ങളൊന്നിച്ച് പഠിച്ചവരാ അപ്പച്ചാ.

അവറാച്ചൻ: നിത്തെടീ നിൻെറ കിണ്ണാരം പ റച്ചിൽ. യോഗ്യന്മാരെ മാനിക്കാൻ നീയെന്നെ പ ടിപ്പിക്കണ്ട കേട്ടോ. പിന്നെ വഴിയാം നീളെനടക്ക ന്നോരെ യോഗ്യന്മാരാക്കാനും നീനോക്കണ്ട. കേട്ടോ

മേരി: എന്നാലും അവരു വീട്ടിൽ വന്നപ്പോൾ മാനിക്കാഞ്ഞാൽ നമുക്കല്ലേ അപ്പച്ചാ അതിൻെറ മാ നക്കേട്.

അവറാച്ചൻ: എടികൊച്ചേ; മാനിക്കേണ്ടാ രേതിരിച്ചറിയാൻ നിൻെറ ഗിരിപ്രസംഗമൊന്നും എ നിക്ക വേണ്ട പറഞ്ഞേക്കാം. നീ അപ്പുറത്തുചെന്ന് വല്ല പണീം നോക്ക്.

മേരി: ഞാൻ പോയേക്കാമപ്പച്ചാ. എന്നാൽ അപ്പച്ചൻ ദൈവത്തെയോർത്ത് ഇവരെ അധിക്ഷേപി ക്കരുത്. കാപ്പികുടിച്ചിട്ടേ പോകാവേ ശേഖർ.

രാജു: മേരിക്കുട്ടി ഞങ്ങൾ കാപ്പികുടിച്ചതായിത ന്നെ വിചാരിച്ചുകൊള്ളണം. അവറാച്ചൻെറ നിന്ദ യോടുകൂടിയുള്ള ഈ സല്കാരം ഞങ്ങൾക്കാവശ്യ മില്ല.

മേരി: എൻെറ ദൈവമേ, ഇപ്പോഴും മനുഷ്യ രെ അറിയത്തില്ലെന്നു വന്നാൽ......ഹാ...(പോകുന്നു)

അവറാച്ചൻ: ഇതുംകൂടി എടുത്തോണ്ടുപോടീ. ഇന്നാ (മേരി എടുത്തുപുറകേ നടന്നു ചെല്ലുന്നു.)

ശേഖർ; രാജു. വിധിച്ചതേ കിട്ടു. നിൻെറ കൂ ടൊഇറങ്ങിത്തിരിച്ചപ്പഴേ ഞാനെണ്ണിയതാ ഇന്നു പ ട്ടിണിയാണെന്ന്.

രാജു: ഇതുവലിയ മനുഷ്യത്വമില്ലായ്മ ഒരു ത ലമുറകൊണ്ട് മാറികിട്ടിയല്ലോ എന്നു ഞാൻ സമാധാ നിക്കയാണ്.

ശേഖർ: നിനക്ക പിന്നെയും അതാണു നോട്ടം. എനിക്കെൻെറ വയററിൻെറ എരിച്ചിലും.

രാജു: നമുക്കിനി വേഗം കാര്യംപറഞ്ഞിട്ട് ആ കാപ്പിക്കടെയിലേക്കങ്ങു കേറരുതോ.

ശേഖർ: ആ ദാരിദ്രവിലാസത്തിലെ ഒഴിഞ്ഞതബ ലമാരിക്ക് നമ്മുടെ വേട്ടയെ തടഞ്ഞുനിത്താനുള്ള ശ ക്തികാണുമോ എന്തോ?

അവറാച്ചൻ: (തിരികെ വന്നിട്ട്) ഇതിയാന്മാർ കൊറെനേരമായല്ലോ മെനക്കെട്ടുന്നു. എന്തിനാ വന്നു കേറീരിക്കുന്നെ.

രാജു: ഞങ്ങൾ പിരിവിനൊന്നും വന്നതല്ല.

ശേഖർ: അതുപറയേണ്ട കാര്യമില്ല. കഴന്നി നം പെരുന്നാളിനുമല്ലാതെ ഈ വീട്ടിന്നു പിരിവില്ലാ

അവറാച്ചൻ: ഞാൻ കൊറെ ടെണ്ണിച്ചോണ്ടാ ക്കിയതൊക്കെ കണ്ട ആശ്രു പത്രിക്കും നാടകംകളിക്കാ നും കൊടുക്കാനൊള്ളതല്ല. വന്നകാര്യം പറ •പി ള്ളാരേ.

രാജു: ഔസേപ്പുമായുള്ള അനാവശ്യത്തക്കം ഇ രുക്കൂട്ടക്കും നല്ലതിനല്ല.

അവറാച്ചൻ: തനിക്കെന്നാ ഔതേടെ വക്കാല ത്തുവല്ലോമെണ്ടോ? അല്ല ഞാനറിയാണ്ടു ചോദിക്കു വാ: അതാ അവൻ നിങ്ങടെ അളിയനോ മച്ചുന നോമറേറാ ആരണോ?

രാജു: അതൊന്നുമല്ല ഇവിടെ പ്രശ്നം. ഒരു സാധുവിനെ കൈയ്യേറാൻ ഞങ്ങൾ സമ്മതിക്കയില്ല.

ശേഖർ: അതിനു മുതലാളി ആഗ്രഹിക്കുകയും വേണ്ട.

അവറാച്ചൻ: അവനെ തല്ലാനും കൊല്ലാനുമൊ

ന്നം ആരും പോകുന്നില്ല.

രാജ: അതിലും കഷ്ടമല്ലേ അവന്റെ ചോറു മുട്ടിക്കുന്നതു്.

അവറാച്ചൻ: ഇതെന്താ കുന്തമാ. എന്റെ നെലം എനിക്കു കിട്ടണ്ടാന്നാ?

രാജ: അതുമുഴുവൻ ഇപ്പോഴും കൈയ്യിലുണ്ടല്ലോ

അവറാച്ചൻ: അതു പറയേണ്ടതു നിങ്ങളല്ല.

ശേഖർ: അതു നിശ്ചയിക്കാൻ മുതലാളിക്കും അധികാരമില്ല.

അവറാച്ചൻ: ഇതു പറയാനെകൊണ്ടാണോ വന്നിരിക്കുന്നെ.

രാജു: ഇതുയുമല്ല. വല്ല ദുരുദ്ദേശങ്ങൾക്കും ഭാവമുണ്ടെങ്കിൽ അതരുതെന്നു് വിലക്കാൻകൂടി.

അവറാച്ചൻ: ഞാനറിഞ്ഞില്ലല്ലോ. കുട്ടനാട്ടിലെ മജിസ്ട്രേട്ടാ.

ശേഖർ: അതു ചോദിക്കേണ്ടവർ ചോദിച്ചുകൊള്ളും

അവറാച്ചൻ: നിങ്ങടെ വേലയൊന്നും എന്നോടെട്ടുക്കണ്ട.

ശേഖർ: ങ്ഹാ അത്രയ്ക്കു സമർത്ഥനാണോ?

രാജു: നീ മിണ്ടാതിരിക്കെടാ. അയാൾക്കു ബോധമുണ്ടോ.

അവറാച്ചൻ: ആർക്കാടോ ബോധമില്ലാത്തതു്. മാനം മര്യാദയുള്ളോരു് ആണുങ്ങളില്ലാത്ത വീട്ടിക്കേറുമോ? പ്രായമായ പെൺകൊച്ചുങ്ങളോട്ട് കൊഞ്ചാൻ നിക്കുമോ?

ശേഖർ: മുതലാളി നിലമറന്നു് സംസാരിക്കരുതു്

അവറാച്ചൻ ഞാൻ കിട്ടനപിള്ളേച്ചനോട്ട

ശോദിക്കട്ടെ ഇങ്ങനാണോ ആമ്പിള്ളേരെ വളത്തുന്ന തെന്നു്.

രാജു: ഇല്ല അവറാച്ചാ, ഞങ്ങളും അഭിമാനമുള്ള തറവാട്ടിൽ ജനിച്ചവരുതന്നെ.

അവറാച്ചൻ: നിങ്ങടെ ജാതിക്കാ അപ്പിമാനം.

ശേഖർ: അഭിമാനം മുതലാളിയുടെമാത്രം കുത്തകയായിരിക്കും. ഞങ്ങൾ നാട്ടുമര്യാദയോർത്തു് ക്ഷമിക്കുന്നു.

അവറാച്ചൻ: ഇല്ല ശെമിച്ചില്ലേലാതാണ്ടു് പെണഞ്ഞു.

(കർട്ടൻ)

പുഞ്ചനിലം. നടുക്കുകൂടി ഒരു ഇടവരമ്പ്. അതിൻെറരണ്ടറത്തും ഓരോ സർവ്വേകല്ലുകാണാം അവറാച്ചൻ ബദ്ധപ്പെട്ടു വരുന്നു.

അവറാച്ചൻ: പൂഹോയ്.....എടാ ചോതിയേ, എടാ കാളിയേ! എല്ലാ ശെയ്ത്താന്മാരും എവിടെ പോയികിടക്കുന്നെടാ......ഇത്രവെള്ളോം മോന്തികൊണ്ട് ഇതാവരുന്നേന്നു പറഞ്ഞിട്ട് ഒരു പരട്ടേം കാണുന്നില്ലല്ലോ. ഇപ്പം ഈ ഔത്തേടെ ആളൊന്നുമില്ലായിരുന്നു. ഒത്തനേരത്താ അവന്മാരെ കാണാത്തത്. കുരുത്തംകെട്ട നക്കികൾ! ഇപ്പം ഇതിങ്ങ് പിഴുതിട്ടേച്ചാൽ കാര്യം പററിയതായിരുന്നു.......ഓ വരുന്നുണ്ടെന്നാ തോന്നുന്നെ! ഹെൻെറ കർത്താവേ, ഞാനാ കുരിശുംമൂട്ടിൽ അരക്കുപ്പി എണ്ണ ഭായ്ക്കു് തിരി കത്തിച്ചേക്കാമേ കാര്യം പോലെ നടത്തിത്തരണേ!

(കൃഷ്ണപിള്ള പ്രവേശിക്കുന്നു) എന്തിയേപിള്ളേച്ചാ അവന്മാര്? ഇത്രേം നേരമായിട്ടും കണ്ടില്ല.

കൃഷ്ണപിള്ള: അല്ല, അവരിങ്ങു വന്നില്ലിയോ? ആ പോത്തനെ അങ്ങോട്ടയച്ചതായിരുന്നല്ലോ? ഇതാ പറേന്നതു് തന്നിക്കുതോന്നും പുരയ്ക്കു തൂണുമെന്ന്.

അവറാച്ചൻ: അവൻ പോയേച്ചാലൊത്തു. ഒള്ളതും കൂടി കാണത്തില്ല.

കൃഷ്ണപിള്ള: ഇവിടിപ്പം ഒരുത്തനെങ്കിലും ഇറങ്ങിയോന്ന് നോക്കിയാട്ടെ. അതാ പറയുന്നതു് തോടിനോടടുക്കുമ്പോൾ ഇത്തിരിപുളിക്കുമെന്ന്.

അവറാച്ചൻ: നമ്മടെ ആളിങ്ങുവന്നാൽ കാര്യമൊത്തു.

കൃഷ്ണപിള്ള: ഹതാ പറേഞ്ഞ കാററിനൊ

ത്തുറററിക്കോണനമെന്നു്.

അവറാച്ചൻ: എന്നാൽ പിള്ളേച്ചനൊരു കാര്യം ശെയ്യു്. ഓടിച്ചെന്നു് ചോതിയെ ഇങ്ങു് വിളി.

കൃഷ്ണപിള്ള: ഞാനതു് ആലോചിക്കാതിരുന്നില്ല. ശുശ്രൂഷിച്ചുകൊണ്ടിരിക്കേണ്ടതു് ശുമ്പാരെയല്ലാക്കരുതു് എന്നാ ആപ്തവാക്യം. (പോകുന്നു)

അവറാച്ചൻ: ഇതിയാനും, ഇതിയാന്റെ ആപ്തവാക്യോം. ആളു ചുത്തപൊള്ളയാ. വെള്ളത്താടന്റെ കഴുതേടപ്പാലെ അങ്ങുപൊമന്നോളും. വല്ലോം രണ്ടോ നാലോ കൊട്ടുത്തേച്ചാ കാലുമുതൽ തലവരെ നക്കും. ഇങ്ങനത്തോരും കൊറഞ്ഞുപോയല്ലോ ദൈവംതമ്പുരാനേ!

(പോത്തൻ വരുന്നു എളിയിൽ ഒരു പൊതിയുമുണ്ടു്)

അവറാച്ചൻ: നീയെന്താടാ ചന്തക്കു പോയ നായെപ്പോലെ. ഇങ്ങുപോന്നതു്. ഒരുത്തനേം കിട്ടിയില്ലേപ്യാ?

പോത്തൻ: അമ്മാച്ചൻപറഞ്ഞതു് ഒരക്ഷരം കൊറക്കാതേം ഒരക്ഷരംക്രൂടാണ്ടും. ഞാനവരോടു് പറഞ്ഞു.

അവറാച്ചൻ: എന്നിട്ടെന്തിയേ?

(പോത്തൻ കണ്ണുമിഴിക്കുന്നു. വാ പിളന്നുനിൽക്കുന്നു)

നിന്റെ നാക്കുതാണുപോയോടാ.

(പോത്തൻ നാക്കിൽ തൊട്ടുനോക്കുന്നു) നിന്നെ പറഞ്ഞുവിട്ട എന്നെയാ തല്ലേണ്ടതു്.

പോത്തൻ: പോത്തൻ തല്ലത്തില്ലേ അതു കുരുത്തക്കേടല്ലേ?

അവറാച്ചൻ: എടാ മത്തുപോത്തേ നീയെന്താ ചോതിയെ വിളിച്ചോണ്ടുവരാഞ്ഞെ?

പോത്തൻ: അതിനവൻ വരാതെന്നാചെയ്യും?

അവറാച്ചൻ: അവൻവരത്തില്ലെന്നപറഞ്ഞോ?

പോത്തൻ: അങ്ങനെ നേരെചൊവ്വേ പറഞ്ഞില്ല.

അവറാച്ചൻ: പിന്നെ നീയെങ്ങനെ അറിഞ്ഞെടാ കഴുതേ!

പോത്തൻ. അമ്മാച്ചാ, പോത്തനിങ്ങനെ നടക്കന്നെങ്കിലും അവനുമുണ്ടിത്തിരി മാനാഭിമാനം.

അവറാച്ചൻ: അതെന്നു തുടങ്ങിയെടാ മച്ചുനാ.

(പോത്തൻ മിണ്ടുന്നില്ല. രാജു, ശേഖർ, ഔസേപ്പുംപ്പെടെ നാലുകർഷകർ. എന്നിവർ പ്രവേശിക്കുന്നു. അവറാച്ചൻ വ്യക്തമായി ഞെട്ടുന്നു. പോത്തൻ പതുക്കെ വലിയുന്നു)

രാജു: ഞങ്ങൾ നല്ലവാക്കു പറഞ്ഞതൊന്നും സാരമാക്കാതെ അവറാച്ചൻ സാഹസത്തിനൊരുങ്ങുകയാണോ?

ഒരാൾ: പാവങ്ങളോടെന്തുമാകാമെന്ന മുഷ്ക്ക് കൊള്ളുകയില്ല.

രണ്ടാമൻ: ഔസേപ്പ് ഇല്ലാത്തോനാണെങ്കിലും അയാളുടെപുറകിൽ ഞങ്ങളെല്ലാമുണ്ടെന്ന് മുതലാളി മനസ്സിലാക്കുന്നതു നന്ന്.

മൂന്നാമൻ: വേണ്ടാതീനത്തിന് ചാടിപ്പുറപ്പെട്ടിട്ട് നാണംകെടുന്നതിനേക്കാൾ ഇപ്പഴേ അങ്ങുകേറിപ്പോകുന്നതാണുബുദ്ധി!

അവറാച്ചൻ: നിങ്ങളെ പേടിച്ചങ്ങ് കേറിപ്പോകാൻ അവറാച്ചനത്ര അവത്ത പോയിട്ടില്ല പിള്ളാരേ.

ശേഖർ: ന്യായം കേൾക്കുന്നതു് അവസ്ഥക്കുറവല്ല.

അവറാച്ചൻ: നാലുപേരുകൂടി പറഞ്ഞാലെന്തും

ന്യായമാകുമെന്നാണോ നിങ്ങടെ വിജാരം.

ഒന്നാമൻ: അപ്പോഠം മുതലാളി വഴക്കിനുതന്നെ തീരുമാനിച്ചു അല്ലേ?

അവറാച്ചൻ: അതു ശോധിക്കാൻ താനാരാടോ?

രണ്ടാമൻ; ഞങ്ങളും ഈ നാട്ടിലുള്ളവർതന്നെ.

അവറാച്ചൻ; അതിനു ഞാനെന്നാവേണം.

മൂന്നാമൻ: നാട്ടുകാരെ ജയിച്ച് ഒന്നും നേടാവുന്നകാലമല്ല മുതലാളി.

നാലാമൻ: പഴേ പയറ്റെല്ലാം കാലഹരണപ്പെട്ടുപോയി.

അവറാച്ചൻ: ഞാൻ ഇറങ്ങിത്തിരിച്ച കാര്യമൊന്നും പാതിക്കിട്ടേച്ചു പോയിട്ടില്ല കൊച്ചന്മാരേ! ആ റോട്ടുവെട്ടുകൊണ്ടുതന്നെ കുരപ്പുംതറേൽ അവറാച്ചനെ നിങ്ങഠംക്കു ബോദ്ധ്യപ്പെട്ടെന്നാ ഞാൻ വിജാരിച്ചേ! അതുകൊണ്ടുമായില്ലേൽ ഇന്നത്തേടം.കഴിയുമ്പം മനത്തിലാകും.

ഒന്നാമൻ: മുതലാളി വഴിതടഞ്ഞിട്ട് ഇന്നു നാട്ടുകാർ നടക്കാതിരിക്കയാണോ?

അവറാച്ചൻ: നിങ്ങളു നടക്കുന്നതു സക്കാരുവഴീക്കൂടല്ലിയോ? ഞാൻ തന്നവഴിക്കല്ല.

രണ്ടാമൻ: ആ അഭിമാനംപോലും ഇന്നു ബാക്കിയില്ലാതായില്ലേ, നാട്ടുകാരുടെ വാക്കു കേഠംക്കാഞ്ഞതുകൊണ്ട്.

അവറാച്ചൻ: എനിക്കതു കുറച്ചുമതി.

മൂന്നാമൻ:കേസിനുപോയിട്ട് ബാക്കി എന്തുണ്ട്?

അവറാച്ചൻ: കേസിനു ചെലവാക്കിയതെന്റെ ഇഠം. വത്തുവിൻെറവെല ഞാൻവാങ്ങിച്ചോ അതുമതി.

നാലാമൻ: ചുണ്ടക്കാ കാൽപ്പണം ചുമട്ടുക്കൂലി

മുക്കാൽ പണം.

ശേഖർ: മൂന്നര സെന്റിന്ന രൂപാ നൂററെഴുപത്തിയഞ്ച്. രണ്ടു കോടതി കയറിഇറങ്ങിയതിന്ന രൂപാ മുന്നൂറ്.

അവറാച്ചൻ: അതിലാക്കാ ഇത്ര ദെണ്ണം.

ശേഖർ: ആക്ഷേമില്ലേ.

രാജു: ആ കേസിന്ന ചിലവാക്കിയതു വെട്ടിയില്ലം, പാവങ്ങൾക്കൊരുപകാരം ചെയ്യേന്നു് നാട്ടുകാക്കിടയില്ലം ബാക്കിയിരിക്കുമായിരുന്ന അത്രയും സ്ഥലം സംഭാവന കൊടുത്തിരുന്നെങ്കിൽ!

അവറാച്ചൻ: അതിനെനിക്കാരും പതിച്ചു തന്നിട്ടില്ല പിള്ളേ.

രാജു: മുതലാളിയേക്കാൾ ആയിരത്തിനൊന്ന പാവങ്ങളായ എത്രയോപേർ കിടക്കാടത്തിന്റെ ഒരററം കൊടുത്തിട്ടാണു് ആ വഴി വെട്ടിച്ചതു്. ·നാട്ടുകാക്ക് ഇങ്ങനെയല്ലാതെ വല്ല സഹായവും ചെയ്യാനൊക്കുമോ?

അവറാച്ചൻ: ആരാ ഇതിയാൻ പറേന്ന ഈ നാട്ടുകാര്. ഒരുനേരം ഉൗതിക്കുടിക്കുന്നോനെ കണ്ണെടുത്തു കണ്ടുക്രൂടാത്തവരല്ലേ ഈ നാട്ടുകാര്? അയലത്തു തീപുകയുന്ന കണ്ടാൽ ഉറക്കംവരാത്തോരല്ലേ?

രാജു: മുതലാളിയുടെ ധാരണയൊക്കെ തെററാണ്. ഇന്നു സമുദായത്തിൽ ഒരാൾക്കു് ഏകനായി ജീവിക്കാൻ സാദ്ധ്യമല്ല. നാടാകെ നന്നാകാതെ വീടു 'നന്നാക്കിയതുകൊണ്ടു്' ഫലമുണ്ടാകുന്ന കാലമല്ല, ഇന്നു്.

അവറാച്ചൻ: എന്നാൽ നിങ്ങളീകുട്ടനാട്ടു മുഴവൻ നന്നായിട്ടേ കുത്തി കുടിക്കാവൂ. എനിക്കതൊ

ക്കത്തില്ല.

ശേഖർ: എന്നല്ലപറഞ്ഞത് നാട്ടുകാരെ ആവ്വ നാത്തും സഹായിക്കാൻ എല്ലാവരും തായ്യറാകേണ്ട കാലമാണെന്നാണ്.

അവറാച്ചൻ എനിക്കതിനു മനസ്സില്ലെങ്കിലോ?

ശേഖർ; മനസ്സില്ലെങ്കിൽ മനസ്സുതാനേ ഉണ്ടാകുന്ന കാലമായിയെന്നാ ഞങ്ങൾ പറയുന്നത്. അഥവാ മനസ്സില്ലെന്നുപറഞ്ഞു പുറകോട്ടുമാറുന്നവരെ അങ്ങനെ വിടാനും ഞങ്ങൾ തീരുമാനിച്ചിട്ടില്ല. പത്തിനു രണ്ടു വീതം വാങ്ങിയ പലിശപ്പണം, ആ ദരിദ്രരുടെ ആശയുടെ ചാമ്പൽക്കൂമ്പാരത്തിൽ കിടന്നു നീറിനീറി മുകളിൽ അട്ടിനിറച്ചിരിക്കുന്ന കറൻസിനോട്ടുകളുടെ കെട്ടുകൾക്കും പ്രമാണത്തിൻെറ അട്ടികൾക്കും ബന്ധവാഗ്നികൊളുത്തുന്ന സുപ്രഭാതം ഉദയംചെയ്യാറായി. അതാണു മുതലാളിയെ കിടിലംകൊള്ളിക്കുന്ന ആ സുവർണ്ണ ദിനം! അതെ കർഷകരുടേയും തൊഴിലാളിലക്ഷത്തിൻെറയും സ്വാതന്ത്ര്യപ്രഖ്യാപനത്തിൻെറ അനശ്വരദിനം! കേരളത്തിലെ മാഗ്നാകാർട്ടാദിനം! അന്നുമുതൽ നിങ്ങളെപ്പോലുള്ളവർ കാത്തുരക്ഷിച്ചുപോരുന്ന വൻകോട്ടയുടെ ഓരോ ആണിക്കല്ലും ഇളകിത്തുടങ്ങും. യരുശലേമിലെ പള്ളിപോലെ. താങ്ങിനിർത്താൻ അന്ന് നാട്ടുകാരെ അന്വേഷിക്കരുത്. അന്നുതന്നെ ജന്മി പൌരോഹിത്യമുതലാളിത്തദുഷ്പ്രഭുത്വത്തിൻെറ കുറിഞ്ഞിക്ക് തീ കൊളുത്തപ്പെടും. ആ പൊട്ടിത്തെറിക്കലിൽ പരിഭ്രമിച്ച് പരക്കം പായുമ്പോൾ നാട്ടുകാരുടെ നേരെ സഹായഹസ്തം നീട്ടരുത്.

അവറാച്ചൻ: അതു ഞാൻ നോക്കിക്കോളാം.

ശേഖർ: അയല്ക്കാരനെ നിന്നെപ്പോലെ സ്നേഹിക്കാനുപദേശിച്ച മഹത്തായ മാനവസംസ്കാരമെവിടെ, കൊച്ചുമത്സ്യത്തെ പിടിച്ചുവിഴുങ്ങുന്ന സ്രാവിനെപ്പോലുള്ള നിങ്ങളുടെ സംസ്കാരശൂന്യതയെവിടെ? തുരുമ്പും ചിതലും തിന്നുപോകുന്ന സമ്പാദ്യത്തിനു പുറകേയാണു നിങ്ങളുടെ ഓട്ടം. നിങ്ങളാണുപോലും സ്വർഗ്ഗരാജ്യം സ്ഥാപിക്കാൻപോകുന്നതു്!

അവറാച്ചൻ: ഞങ്ങടെ വിശ്വാസത്തെ തൊട്ടു കളിച്ചാൽ വെറുതെ പോകത്തില്ല അതുപറഞ്ഞേക്കാം.

ശേഖർ: വേണ്ട അതേപ്പററി നമുക്കു തർക്കിക്കേണ്ടാ. ഈ വരമ്പു മാററുന്നതിലുള്ള ന്യായമെന്താണു്?

അവറാച്ചൻ: എൻെറ നിലത്തിലോട്ടു കേറിക്കിടക്കുന്നു എന്നതുതന്നെ.

രാജു: പത്തുപന്ത്രണ്ടുകൊല്ലമായിക്കിടക്കുന്ന വരമ്പും കല്ലും സാരമില്ലെന്നോ?

അവറാച്ചൻ: ഞാനളപ്പിച്ചപ്പോഠം വരമ്പു കേറിക്കിടക്കുന്നതു കണ്ടു.

രാജു: ഇതൊക്കെ ആരെ ബോദ്ധ്യപ്പെടുത്തിയുള്ള അളവു്.

അവറാച്ചൻ: ആരെയെങ്കിലും ബോദ്ധ്യപ്പെടുത്തണോ?

രാജു: വസ്തു അളന്നുതിരിക്കുന്നതിലും മററും ചിലനിയമങ്ങളെല്ലാമില്ലേ. ഔസേപ്പിനെക്കൂടെ ഒന്നു ബോദ്ധ്യപ്പെടുത്തേണ്ടേ?

അവറാച്ചൻ: അതിനെൻെറ പട്ടിവരും.

രാജു: അങ്ങനെപറഞ്ഞാൽ കല്ലുമാററാനൊക്കത്തില്ല.

അവറാച്ചൻ: അല്ല മാററിയാൽ?

രാജു: അതുണ്ടാകാൻ പോകുന്നില്ല. എന്നിട്ടാലോചിച്ചാൽപോരെ.

ശേഖർ: കൈയ്യുകൾകൊണ്ട് കാര്യം നേടിപ്പോകാമെന്നു വിചാരിക്കേണ്ട.

അവറാച്ചൻ: അതു ഞാൻകൂടി ഒന്നു കണ്ടോട്ടെ

ഒന്നാമൻ: കാണാൻ പോണ പൂരം പറഞ്ഞറിയിക്കണോ

രണ്ടാമൻ: വേണ്ടാതീനത്തിനു പാടിയാൽ മുറിപ്പത്തലാ സമ്മാനം കൊടുക്കേണ്ടതു്.

മൂന്നാമൻ: ഈ കിടക്കുന്ന വർമ്മേമ്പന്ന് ഈക്കിലിവണ്ണം മാററാനൊക്കത്തില്ല.

നാലാമൻ: എന്നാൽ പിന്നെ തടിമിടുക്കില്ലാത്തോന് ജീവിക്കണ്ടായല്ലോ.

(അവറാച്ചൻ അസ്വസ്ഥനായും നിരാശ്രയനായും അങ്ങോട്ടുമിങ്ങോട്ടും നടക്കുന്നു. കൃഷ്ണപിള്ളയും പുറകേ മടിച്ചുമടിച്ച് പോത്തനും പ്രവേശിക്കുന്നു)

കൃഷ്ണപിള്ള: മനുഷ്യരായാൽ ഉണ്ടചോറിനു ചിതംകാട്ടണം. അവൻെറയൊരു വയററിവേദന!

അവറാച്ചൻ: ചോതിയപ്പം വരത്തില്ലേ?

കൃഷ്ണപിള്ള: ആലേൽ കാ പഴുത്തപ്പോൾ കാക്കയ്ക്ക് വായിൽപുണ്ണ്—ഏതോ വായിൽ പുണ്ണെന്നു്.

അവറാച്ചൻ: അവൻെറ അനിയൻ കാളിയോ?

കൃഷ്ണപിള്ള: അവനാരു പുള്ളി. ചേട്ടൻെറനിയൻ കോന്തക്കുറുപ്പ്.

ശേഖർ: മുതലാളീ. നല്ലകാര്യത്തിനു ചോതിയോ കാളിയോ നിങ്ങളുടെ അടുത്തുണ്ടായിരിക്കും. എന്നാൽ അർദ്ധപട്ടിണിക്കാരനെ മുഴുപ്പട്ടിണിക്കാരനാ

ക്കാൻ അവർ കൂട്ടുകൂടത്തില്ല. ഈ നാട്ടിൽ ഔസേപ്പിൻെറ നിലം വെട്ടിയെടുക്കാൻ നിങ്ങൾക്കാളെ കിട്ടുകയില്ല. ഇന്നത്തെ സാഹസത്തിനു വിരാമമിടുകയാനല്ലത്തു്.

കൃഷ്ണപിള്ള: നിന്നെയൊന്നു നല്ലോണം കാണട്ടെ! നമ്മുടെ രാമൻനായരുചേട്ടൻെറ ചെറുക്കനോണോ ഈ പ്രസംഗിക്കുന്നതു്. എൻെറ പിള്ളാരേ നിങ്ങൾ പൊല്ലാപ്പൊന്നും ഉണ്ടാക്കാതെ കേറിയങ്ങു പോകിൻ. ഞങ്ങൾ കാര്യം ന്യായത്തിൽനിന്നു വിട്ടു നടത്തുകയില്ല.

ശേഖർ: അതിനു് അമ്മാവനു സാമർത്ഥ്യമുണ്ടോ? ധൈര്യമുണ്ടോ?

കൃഷ്ണപിള്ള: എടാ മിടുക്കാ ഇതെന്തു ചോദ്യം. കത്തുന്നാ വനശിഖി.. ...

അവറാച്ചൻ: നിത്തുപിള്ളേച്ചാ ഇവരോടൊന്നു കണ്ടിട്ടുതന്നെകാര്യം. അത്രയ്ക്കായോ?

കൃഷ്ണപിള്ള: അതിൻെറയൊന്നും ആവശ്യമുദിക്കുന്നില്ല അവറാച്ചാ. അവരങ്ങു് മര്യാദക്കു് കേറിപൊയ്ക്കോളും. എടാ ശേഖരൻ കുഞ്ഞേ പൂച്ചക്കെന്നാ പൊന്നുരുക്കുന്നിടത്തുകാര്യം?

ശേഖർ: ആ പൊന്നു് അതിൻെറക്കൂടെ മുതലാണെങ്കിലോ?

കൃഷ്ണപിള്ള: സബാഷ്! എൻെറ ചോദ്യത്തിനു എതിരുചോദ്യം. ആഗ്നേയാസ്ത്രത്തിനു് ഇന്ദ്രാസ്ത്രം എന്നാൽ ഞാൻ ചോദിക്കട്ടെ, ഇവിടത്തെ തക്കമാരുതമ്മിലാ.

ശേഖർ: ഔസേപ്പും അവറാച്ചനും തമ്മിൽ.

കൃഷ്ണപിള്ള: അതിൽ നെനക്കുമെനിക്കുമെ

ന്തൊകാര്യം?

ശേഖർ: ഒന്നുമില്ല. എന്നാൽ ഔസേപ്പുപാവമാണ്. അവറാച്ചനോടെതിർക്കാൻ അവൻ അശക്തനാണ്.

കൃഷ്ണപിള്ള: അതുകൊണ്ടുതന്നെ അവൻ ക്ഷമിക്കേണ്ടതല്ലേ.

ശേഖർ: അവൻ സഹതാപത്തിനർഹനാണ്.

കൃഷ്ണപിള്ള: ഇഷ്ടംപോലെ ഞാനും സഹതപിക്കാം. അതിൽകവിഞ്ഞ നഷ്ടം നമുക്കില്ലല്ലോ?

ശേഖർ: അവനുവേണ്ടിയും നീതിക്കുവേണ്ടിയും ഞങ്ങൾ നിലകൊള്ളുന്നു.

കൃഷ്ണപിള്ള: നീ ചോദിച്ചതിനുത്തരംപറ. ഔസേപ്പിന്റെ രണ്ടുപറനിലം പോയതുകൊണ്ട് നിന്റെവീട്ടുകാർക്കോ എന്റെ വീട്ടുകാർക്കോ വല്ല നഷ്ടവുമുണ്ടോ?

ശേഖർ: അതല്ലപ്രശ്നം. അക്രമത്തെ ഞങ്ങൾ വെറുക്കും.

കൃഷ്ണപിള്ള: ഈലോകത്തിൽ നടക്കുന്ന അക്രമത്തിനെല്ലാം നമ്മെക്കൊണ്ട് പോംവഴികാണാനൊക്കുമോ?

ശേഖർ: നമ്മുടെ ചുററുപാടുമുള്ളതിനെയെങ്കിലും എതിർക്കുകയാണ് ഞങ്ങളുടെ വ്യക്തമായനയം.

കൃഷ്ണപിള്ള: അതു കൊള്ളാമെന്ന് ഞാനും സമ്മതിക്കുന്നു.

അവറാച്ചൻ: എന്നാ പുള്ളേച്ചാ ഇതിയാനും കാലുമാറുവാന്നോ?

കൃഷ്ണപിള്ള: ഞാൻ ന്യായം പറഞ്ഞാൽ അതങ്ങ സമ്മതിക്കും.

അവറാച്ചൻ: നിങ്ങളെയൊക്കെ വിച്ചപതിച്ച എന്നെ പറയണം.

കൃഷ്ണപിള്ള: എന്നാലും കാര്യമീപതനത്തിലാ യില്ലടാ കുഞ്ഞേ. ഇവിടുന്ന മാനമായിട്ട് അവറാച്ച നെഴകററിഅയക്കേണ്ടതു് നമ്മുടെ ധമ്മമല്ലേ? ശവ ത്തേൽ കുത്തുന്നതു് നായർക്കു വിധിച്ചതാണോടാ ശേഖരാ.

ശേഖർ: എന്നാൽ അമ്മാവൻ തന്നെ ഒരിടനി ലനിന്നേക്കണം. ഞങ്ങൾക്കും സമ്മതമാണു്.

കൃഷ്ണപിള്ള: നീയാടാ ശൊണക്കുട്ടി. ഇവിടിപ്പം ഒടയോനും ഓടിനും കേടുവരാതിരിക്കാനല്ല നമ്മള നോക്കേണ്ടതു്. നമക്ക് അവറാച്ചനും വേണം ഔസേ പ്പും വേണം. അതുകൊണ്ട് ഔസേപ്പിന് സങ്കടം കൂ ടാതെയും അവറാച്ചന് നാണക്കേടില്ലാതെയും കാര്യ മങ്ങ തീരണം. പറഞ്ഞതു മനസ്സിലായോ.

ശേഖർ: മനസ്സിലായി. അതിനുള്ള വഴികൂടി പറഞ്ഞേക്കണം.

കൃഷ്ണപിള്ള: നീതന്നെ മിടുക്കൻ. ഇപ്പം അ വറാച്ചൻ തുനിഞ്ഞ കാര്യമങ്ങ നടത്തിക്കൊടുക്ക്. ര ണ്ടു ദിവസം കഴിഞ്ഞു് കുറപ്പും തറേലേക്കു വന്ന് എന്താ വേണ്ടതെന്നു പറഞ്ഞാൽ അവറാച്ചൻ മനസ്സ റിഞ്ഞിങ്ങുതരും. അതു ഞാനേററു. അപ്പോം കാണാം താളീം ഒടിക്കാം.

ശേഖർ: ഇതു പണ്ടാരാണ്ടു പറഞ്ഞതുപോലാ ണല്ലോ. ചേട്ടൻ വേലികെട്ട്, ഞാൻ ചാത്തത്തിനു പോകാം. അല്ലേൽ ഞാൻ ചാത്തത്തിനു പോകാം ചേട്ടൻ വേലികെട്ടെന്ന്.

കൃഷ്ണപിള്ള: എനിക്കെൻെറ അവറാച്ചൻെറ മാനം കാക്കണം. അവറാച്ചൻ പറേന്നതാ എൻെറ വേദവാക്യം. അല്ലേ അവറാച്ചാ.

" അവറാച്ചൻ: അതെപിള്ളേ. പിള്ളേച്ചൻ നെറിയൊള്ളോനാ. പിള്ള പറഞ്ഞാൽ ഞാൻ വല്ലോം കൊടുത്തേക്കാം.

ശേഖർ: ഞങ്ങൾ ഭിക്ഷ യാചിക്കാൻ വന്നവരല്ല. ഔസേപ്പിൻെറ ഒരടിമണ്ണ് അപഹരിക്കാൻ ഞങ്ങൾ സമ്മതിക്കയില്ല.

കൃഷ്ണപിള്ള: അങ്ങനെയങ്ങു തീർത്തു തീരുമാനിച്ചോ?

(എല്ലാവരുംകൂടി) തീരുമാനിച്ചു.

കൃഷ്ണപിള്ള: എന്നാൽ ഞങ്ങൾ വരമ്പു മാററാൻ പോകുകയാ. പോത്തച്ചാ ആ കല്ലിങ്ങു പിഴുതോ.

അവറാച്ചൻ: എടാ പോത്താ. നീ പേടിക്കേണ്ട. ഞങ്ങളുണ്ടു കൂടെ· നീ ആ കല്ലിങ്ങു കൊണ്ടുവാ· ഏതവനാ കൈക്കു പിടിക്കുന്നതെന്നു കാണാമല്ലോ.

പോത്തൻ: ഇതിനു ഞാൻതന്നെ വേണോ അമ്മാച്ചാ.

അവറാച്ചൻ: നിനക്കു വയ്യെങ്കി ഞാൻപിടിക്കും.

കൃഷ്ണപിള്ള: അതു വരട്ടെ അവറാച്ചാ. പോത്തച്ചൻ പിഴുമല്ലോ?

പോത്തൻ: എ്നിക്കിതിനൊന്നും ഭയമില്ല. എന്നാലും നാളേം നാട്ടുകാരെ കാണണ്ടായോ?

(ശേഖരംകൂട്ടരും ഹർഷാരവമുയത്തുന്നു)

അവറാച്ചൻ: നിനക്കപ്പോൾ എന്നാ വേണ്ട.

പോത്തൻ: എന്നു ഞാൻ പറഞ്ഞോ അമ്മാച്ചാ.

അവറാച്ചൻ: എന്നാൽ നീ കല്ലു പിഴു്.

കൃഷ്ണപിള്ള: നേരംകളയാതെ കാര്യമങ്ങ് നടത്ത്പോത്തച്ചാ.

പോത്തൻ: എനിക്ക് അമ്മാച്ചനും വേണം നാട്ടുകാരും വേണം. പിന്നീ പാപത്തിലെന്തിനാ ഞാൻ കൈ വയ്ക്കുന്നതു്.

അവറാച്ചൻ: നീയാകല്ലു പറിച്ചില്ലെങ്കിൽ നിന്നെ ഇനി വീട്ടിൽ കേററുകേല. അതോർത്തോ.

ശേഖരും കൂട്ടുകാരും: പോത്തൻ കല്ലേൽ തൊടരുതു്.

പോത്തൻ: എൻെറ നാട്ടുകാരേ, നിങ്ങളെന്നെ ഒന്നും ചെയ്യല്ലേ. അമ്മാച്ചൻ പറഞ്ഞാൽ ഞാനെന്നാ ചെയ്യും.

(പോത്തൻ നടന്നു കല്ലിനെ സമീപിക്കുന്നു. ദേഹമാസകലം വിറയ്ക്കുന്നു.)

അവറാച്ചൻ: } പിഴെടാപോത്താ.
കൃഷ്ണപിള്ള } ഇങ്ങോട്ടു പിഴുതോപോത്തച്ചാ!

ശേഖർ: കല്ലനക്കരുത് പോത്താ.

രാജു: സർവ്വേകല്ലു് അവിടെ നില്ക്കട്ടെ!

(പോത്തൻ കല്ലിൽ പിടിക്കുന്നു. എല്ലാവരും കൂടിയടുക്കാൻതുടങ്ങുന്നു.)

പോത്തൻ: (എളിയിൽനിന്നും മടക്കിയ പേനാക്കത്തിയെടുത്തുകാണിച്ചുകൊണ്ടു്) ഇതുകണ്ടോ (കല്ലിൽ വട്ടംപിടിക്കുന്നു. ശേഖരും രണ്ടാളുകളും കൂടി പുറകിൽനിന്നും ചാടിയടുക്കുന്നു.)

പോത്തൻ: (മലന്നുവീണുകൊണ്ടു്)അയ്യോ എൻെറ കർത്താവേ!

അവറാച്ചൻ: അവനെ കുത്തിയോ?

കൃഷ്ണപിള്ള:പോത്തച്ചനവല്ലോംപററിയോ?

ശേഖർ: ഞങ്ങളാരുമൊന്നും ചെയ്തില്ല.

എല്ലാവരുംകൂടി: എന്നാപററിപോത്തച്ചാ.

പോത്തൻ: (കണ്ണുതുറന്നിട്ടു്) എനിക്കെൻെറ അമ്മച്ചിയെ കാണണം. എൻെറ വീട്ടിൽപോണം.

ഒരാൾ: എന്നാൽ എഴുന്നേരു്, നമുക്കു പോകാം.

പോത്തൻ: (എഴുന്നേററിട്ടു്) അമ്മാച്ചാ ഞാൻ പോട്ടെ!

അവറാച്ചൻ; പോയിത്തുലയെടാകഴുതേ.

(പോത്തൻ പോകുന്നു. എല്ലാവരുടേയും ശ്രദ്ധ അങ്ങോട്ടു തിരിയുന്ന തക്കത്തിനു കൃഷ്ണപിള്ള കല്ലിൽ പിടിക്കുന്നു.)

കൃഷ്ണപിള്ള: അവറാച്ചാ എവിടാകല്ലിടണ്ടതെന്നു പറഞ്ഞേ.

അവറാച്ചൻ; ഞാൻകൂടെ സഹായിക്കാമെന്നേ.

(രണ്ടുപേരുംകൂടി കല്ലു് ഇളക്കിയെടുക്കുന്നു. കൃഷ്ണപിള്ള അതു തോളിലെടുത്തുകൊണ്ടു്ഒരടി നീങ്ങുന്നു.)

രാജു: അച്ഛാ കല്ലവിടെത്തന്നെ കുഴിച്ചിടണം.

കൃഷ്ണപിള്ള: നീയൊന്നും പറയണ്ട. നിനക്കിതിൽ കാര്യമില്ല.

രാജു: അതിരുമാററാൻ സാദ്ധ്യമല്ല.

കൃഷ്ണപിള്ള: നീ മാറിനിൽക്കെടാ.

രാജു: അച്ഛൻ കല്ലവിടെയിടാതെ ഞാൻ മാറുകയില്ല.

[കൃഷ്ണപിള്ള മുമ്പോട്ടു നടക്കുന്നു. രാജു ഉറച്ചു നിൽക്കുന്നു. പിതാവു് പുത്രനെ തുറിച്ചുനോക്കുന്നു. രാജുവിൻെറ മുഖം വിവർണ്ണമാകുന്നെങ്കിലുമയാൾ മാറുന്നില്ല. കൃഷ്ണപിള്ള കല്ലുകൊണ്ടു മകൻെറ നെററിക്കിടിക്കുന്നു. രാജു പിറകോട്ടു മറിയുന്നു.

രണ്ടുപേർ അയാളെ താങ്ങുകയും ശേഷംപേർ കൃഷ്ണപിള്ളയെ വട്ടം പിടിക്കുകയും ചെയ്യുന്നു. കൃഷ്ണപിള്ളയുടെ കൈയ്യിൽനിന്നും കല്ലു താഴെ ഇട്ടുവിക്കുന്നു.]

ശേഖർ: അമ്മാവാ, അമ്മാവനീ കാണിച്ചതെന്തു കടുംകയ്യാണു്. തന്നത്താൻ മറന്നു് സ്വന്തം രക്തത്തിൽ ജനിച്ച സന്താനത്തെ ഇടിച്ചു് താഴെ വീഴ്ത്തത്തക്കവണ്ണം അയാറം അമ്മാവനോടെന്തു് അപരാധം ചെയ്തു? ആററുനോററിരുന്നു് അവൻെറ രൂപം കണ്ട ദിവസം അമ്മാവനുണ്ടായ ആനന്ദം ഇത്രപെട്ടെന്നു മറന്നുപോയോ? ആ പിതൃസ്നേഹം ഇത്ര ദുർബലമോ? പത്തുമാസം ചുമ്മി പ്രസവിച്ച അവൻെറ മാതാവിനെയോർത്തെങ്കിലും ഇതു ചെയ്യരുതായിരുന്നു. ആ സ്നേഹമയിയോട്ടു് നിങ്ങളിതിനെങ്ങനെ ഉത്തരം പറയും? (രാജുവിനെ താങ്ങിയെടുത്തുകൊണ്ടു പോകുന്നു.) പൊന്നുപോലെവളർത്തിയെടുത്ത ഓമനമകൻ രക്തത്തിൽ കുളിച്ചുകിടക്കുന്ന ആരംഗം കാണുന്നമാതൃഹൃദയം അനുഭവിക്കുന്ന പ്രാണസങ്കടത്തിന് നിങ്ങളെന്തു പോംവഴി കണ്ടു. "എൻെറ മകനേ, നിന്നോടിതാരു ചെയ്തു" എന്നു് അലച്ചുനിലവിളിച്ചോടിയെത്തുന്ന ആ അമ്മയോട്ടു് ആരു പറയും അവൻെറ അച്ഛനാണിതു ചെയ്തതെന്നു് (കൃഷ്ണപിള്ള ഏങ്ങലടിക്കുന്നു) അല്ല ഈ കഠോരവാക്കുകേട്ടു് മോഹംവിട്ടു് നിലംപതിക്കുന്ന ആ സ്വാധ്വിയെ ഒന്നു സമാധാനിപ്പിക്കാനാരുണ്ടു്? പൊന്നുമകനെ കെട്ടിപ്പിടിച്ചു് കരയുന്ന മാതാവിൻെറ കണ്ണീർക്കയത്തിൽ അമ്മാവൻെറ മനുഷ്യത്വത്തിൻെറ അവസാന ശ്വാസം ലയിച്ചുപോകയില്ലേ? ഹേ മനുഷ്യാ നിങ്ങളെങ്ങനെ ഇവിടെ ഉറച്ചു നില്ക്കുന്നു. ആ പാവത്തിൻെറ മാതൃഹൃദയം നുറുങ്ങിപ്പൊട്ടുമ്പോൾ,



UNIVERSITY LIBRARY 18 OCT 1975

എറിഞ്ഞുവീർപ്പിട്ടമ്പോഠം നിങ്ങളിവിടെ... (കൃഷ്ണപിള്ളഓടിപ്പോകുന്നു.)

ശേഖർ: അങ്ങനെ ഈ നിലംവെട്ട് അവസാനിച്ചു. മുതലാളീ നിങ്ങഠംക്കു തൃപ്തിയായില്ലേ? പിതാവിനെകൊണ്ട് പുത്രൻെറ രക്തം ചിന്തിച്ചു കഴിഞ്ഞപ്പോഠം നിങ്ങളുടെ മനോരഥം പൂർണ്ണമായില്ലേ? എന്നാൽ നിങ്ങളൊന്നോർത്തുനോക്കിയാൽ കൊള്ളാം. ദിവ്യമായ പിതൃപുത്രബന്ധത്തിൻെറ പരിപാവനതയാണ് നിങ്ങളിന്നു ചവുട്ടിമെതിച്ചത്. മനുഷ്യവികാരങ്ങളുടെ ചുടലക്കാട്ടിലാണ് നിങ്ങളിന്ന് താണ്ഡവമാടാൻ രംഗം കണ്ടുപിടിച്ചത്. എന്നാൽ നിങ്ങളിന്നു കൈക്കൊണ്ട പൈശാചികവൃത്തിയുടെ തിരിച്ചടി നിയതിയുടെ ഉരുക്കുമൂശയിൽ രൂപംപ്രാപിക്കുന്നുണ്ടെന്നുള്ള മഹാസത്യം നിങ്ങളേയും കിടിലം കൊള്ളിക്കും. മാലിക്കു കടമില്ലെന്നോർത്തോളു. അന്നു നിങ്ങളും കരയും. ഹൃദയംനൊന്ത് കരയും.

(കർട്ടൻ)

## രംഗം എട്ട്.

(അവറാച്ചന്റെ വീട്ടുമുററം)

അവറാച്ചൻ: നിന്റെ സൂക്കേടൊക്കെ പൊറു ത്തോടാ.

ചോതി: ഏൻ തറേകെടന്നു ഉരുളുവാരുന്നേ! തലകുത്തിമറീണ ദെണ്ണം തമ്രാ.

അവറാച്ചൻ: എന്നും വരുന്നവയററു വേദനയാ യിരുന്നോ അതോ ഇന്നലത്തേക്കുമാത്രം വെച്ചിരുന്ന താണോ.

ചോതി: ഏനിതുപോലൊന്നു തകിച്ചിട്ടില്ലാമ്രാ ദെണ്ണം വരുമ്പം ഇച്ചിരി മരവെള്ളം മോന്തിയേച്ചാ അതങ്ങു പോം തമ്രാ.

അവറാച്ചൻ: എന്നിട്ടിന്നലെ പോയില്ല അല്ലേടാ.

ചോതി: ഒരു കൊടംഅങ്ങു ചെരിച്ചേച്ചും കെട ന്നു കൊടുത്തൂട്ടു. അപ്പമിത്ര ആറിക്കിട്ടിന്നേ!

അവറാച്ചൻ: നിന്റെ സൂത്രമൊന്നും എന്റടു ത്തു ചെലവാക്കാൻ നോക്കാതെടാ. നിനക്കിന്നലെ ഒരു സൂക്കേടുമില്ലാരുന്നു.

ചോതി: ഏൻ ശഠിപറാരുണോ തമ്രാ.

അവറാച്ചൻ: ഇല്ലെടാ ഞാൻ നിന്നെയൊക്കെ നല്ലവണ്ണം അറിഞ്ഞോണ്ടുതന്നെയിരിക്കുന്നതു്. നി നക്കു സൂക്കേടാരുന്നേൽ നിന്റെ അനിയനെന്തുവാരു ന്നു? നിന്റെ വയററു വേദന അവനും പകന്നോ.

ചോതി: ഏൻ കാളീനെ പറഞ്ഞു വിട്ടതാ തമ്രാ.

അവറാച്ചൻ: എന്നിട്ടവനെ സാത്താൻ പിടി ച്ചോണ്ടു പോരയോ. അതൊന്നുമല്ല കാര്യം. നീയൊ

ക്കെ ഉള്ളാലെ ഔതേടെ ഒററകാരാ. നീ തന്നെ നടി ച്ചിലുവെള്ളം വിട്ടുകൊടുത്തതു്. പിന്നാ വരമ്പുവെ ട്ടാൻ വരുന്നതെ.

ചോതി: ചോതിയൊന്നും അറിഞ്ഞതല്ലേ.

അവറാച്ചൻ: ഔതയിപ്പം ജയിച്ചു നടക്കുവ ല്ലേ? നിന്നെയൊക്കെ വിചാരതിച്ചോണ്ടു് ചാടിയിട്ടു വന്ന ഏനക്കേട്. ഹ, കള. എന്നാലും ഞാൻ അവ നെ ചുമ്മാ വിടത്തില്ല. ഒടനെ കേസു കൊടുക്കാൻ പോവാ. സീവിലും ക്രിമിനാലുമായി. നീയങ്ങ ചെന്നു പറഞ്ഞേരു്.

ചോതി: എന്നതിനാ തമ്രാ ആപച്ചപ്പാവത്തി നെ കത്തുപാള എടുപ്പിക്കാൻ നോക്കുന്നെ ദൈവശോ ദ്യം ഒണ്ടാക്കല്ലേ.

അവറാച്ചൻ: അവൻ തെണ്ടണം. അവനെ ഞാൻ തെണ്ടിക്കും. എത്ര രൂഭാ പോയാലും എനി ക്കു് പുല്ലു്. ഓ അവൻെറ ഒരു നിഷേദം.

ചോതി: ആ പാവമെന്നാപെഴച്ചു·

അവറാച്ചൻ: എടാ എനിക്കിനി എന്നാ വരാ നാ! ഒള്ളതു മുക്കാലും കൂടിപ്പം മേിക്കുട്ടിയുടെ ശ്രീദന ത്തിനെഴുതി രജിസ്ട്രാറാക്കീരിക്കുവാ. നാലഞ്ചു ലച്ച ത്തിൻെറ ഒരുത്തൻ വരുമ്പം കല്യാണമങ്ങുറയ്ക്കും. ഇപ്പഴേ ചെല ആലോജന ഒണ്ടെന്നുകണേ്ടാ. അത ങ്ങു കഴിഞ്ഞാ എനിയ്ക്കെൻെറ പാട്.

ചോതി: അല്ലേ. ചോതിക്കുഞ്ചു്പറ നെപ്പോരു വേണേ?

അവറാച്ചൻ: ഇല്ലെടാ ഇവിടിനി ഒരു കടോം ഇല്ല നിന്നെയൊന്നും ഞാൻ സഹായിക്കാൻ തീരുമാ നിച്ചിട്ടില്ല. ദിവസക്കൂലിക്കു് ഇനിമൊണ്ടേൽ ചെയ്യു്

(കൃഷ്ണപിള്ള കടന്നു വരുന്നു.)

കൃഷ്ണപിള്ള: ആരരാ ചോതിയല്ലിയോ?

അവറാച്ചൻ; അതെ അവൻ തന്നെ. കടം പറവാൻ വന്നിരിക്കുന്നു. നടപ്പില്ലെന്നു ഞാൻ പറഞ്ഞു.

കൃഷ്ണപിള്ള: നന്നായിപ്പോയി പറഞ്ഞാലറിയാത്തോൻ കൊള്ളുമ്പോഴറിയട്ടെ!

അവറാച്ചൻ: നമ്മക്കിപ്പോഴം ഇവനല്ലേൽ വേറൊരുത്തൻ. ആക്കായാലും കൂലികൊടുക്കാതെ പണിയത്തില്ല;

കൃഷ്ണപിള്ള: അതു ശരിയാ. ഞൊണ്ടിക്കാളെ എന്തിനാ വളത്തുന്നതു്. അവനിവിടെ നടന്നു തിന്നു് മടിപിടിച്ചു.

അവറാച്ചൻ: ഔതേടെ പേരിൽ പുള്ളാച്ചൻ പറഞ്ഞ എന്നാ കേസാ അതങ്ങു കൊടുക്കാൻ നിശ്ചയിച്ചു. ഒന്നു വക്കീലിൻറത്രടം പോയേച്ചുവാ.

കൃഷ്ണപിള്ള: അതിനെന്താ പോകാമല്ലോ. അല്ലെങ്കിൽ നമുക്കു ഒരുനീട്ടുകേസുതന്നെയങ്ങുകൊടുക്കാം അതാകുമ്പം പിന്നാപ്പിലുമില്ല. ഇപ്പഴത്തെ കേസൊക്കെ നീട്ടിലല്ലേ, ഉദ്യോഗത്തീന്നുപിരിച്ചാലും വണ്ടിക്കുവാടം കിട്ടാഞ്ഞാലുമൊക്കെ ഇതിലല്ലേ ഇപ്പഴത്തെ കേസ്സ്. അതു നമുക്കു ആലോചിച്ചു ചെയ്യാം. പിന്നൊരു കാര്യം പറയാനായിട്ടാ ഞാൻ വന്നതു്.

അവറാച്ചൻ: ഉം എന്നതാ?

കൃഷ്ണപിള്ള: പാട്ടവസ്തുവിനൊക്കെ കൊഴപ്പം വരാൻ പോകുകാണെന്നു കേട്ടു ഏതാണ്ടു പാട്ടം കുറയ്ക്കുമെന്നോ ഒഴിയേണ്ടാന്നോ ഒക്കെ.

ചോതി: ഒള്ളതാദനാ. ഏനും കേട്ടു

അവറാച്ചൻ: അതു നല്ലതല്ലേ പുള്ളേച്ചാ. പാട്ടവസ്തുവെല്ലാം പാട്ടക്കാക്കിരിക്കേണ്ടതാന്നാ എൻെറ

അഭിപ്രായം. പിള്ളേച്ചൻെറ പാട്ടത്തിന്ന വല്ല കൊഴപ്പോമൊണ്ടോ?

കൃഷ്ണപിള്ള: കുഴപ്പമൊന്നുമുണ്ടായിട്ടല്ല. അവറാച്ചനെ വിശ്വാസമില്ലാഞ്ഞുമല്ല. പിന്നെ പെമ്പറന്നോൾക്ക് വല്യ നിർബന്ധം! അതു കൊണ്ടാ.

അവറാച്ചൻ: ഇതു പോലങ്ങ നടക്കവാനല്ലതു്.

കൃഷ്ണപിള്ള: ഞാനങ്ങനെയൊരു കാര്യത്തിനും നിർബന്ധം പറയാറില്ലല്ലോ. ഇതങ്ങിനെയുള്ള ഒരു സംഗതിയായിട്ടാണു് പറയുന്നതെന്നു അവറാച്ചൻ ധരിക്കണം.

അവറാച്ചൻ: പിള്ളേച്ചൻെറ മാത്രമായിട്ടങ്ങ ഒഴിഞ്ഞുതന്നാൽ ഛേഷമൊള്ളോരുവിട്ടമോ? എല്ലാവരുമിങ്ങ ഓടിവരത്തില്ലിയോ, എൻേറതു മെൻേറതു മെന്നു പറഞ്ഞോണ്ടു്.

കൃഷ്ണപിള്ള: അങ്ങനെ പറയരുതു് അവറാച്ചാ.

അവറാച്ചൻ: ഇപ്പഴത്തെപ്പോലെ നടക്കുന്നതു കൊണ്ടു് ഒരു ദോഷോം വരാനില്ല.

കൃഷ്ണപിള്ള: അപ്പോഠം മൂന്നുതരം എൻെറ നിലം വിട്ടുതരികയില്ല അല്ലേ?

അവറാച്ചൻ: പാട്ടം കൊടുത്താ മതീന്നു് സക്കാരീന്നു പറയുമ്പം ഞാനെന്തിനാ ചുമ്മാ കയ്യിലൊള്ളതു കളയുന്നെ.

കൃഷ്ണപിള്ള: എല്ലാവരേയും പോലെ എന്നെ വിചാരിച്ചാൽ മതിയോ? ഞാനെന്തെല്ലാം സഹായങ്ങളാണു് അവറാച്ചനു ചെയ്തുതന്നിരിക്കുന്നതു്. കൊയ്ത്തുകാലത്തു് പാടത്തുപോയികാവലുകിടന്നും, റബ്ബറു വെട്ടുകാലത്തു തോട്ടത്തിൽ താമസിച്ചും ഒരാളുടെ പിടിപ്പതു ജോലി ഞാൻ ചെയ്യുന്നതിനു് ശമ്പളമെണ്ണി വാങ്ങുന്നുണ്ടോ?

അവറാച്ചൻ: അപ്പം പിള്ളേരുടെ പിലവൊക്കെ നടക്കുന്നില്ല.

കൃഷ്ണപിള്ള: അതെ എൻെറകാലക്കേട്ട് അന്നോ മാധവിപറഞ്ഞതാ കണ്ടോരെ നിലവിട്ട് വിശ്വസിക്കരുതെന്ന്.

അവറാച്ചൻ: ഞാൻ പുറകെ നടന്നിട്ടല്ലല്ലോ നെലമിങ്ങോട്ട് ഏൾപ്പിച്ചതെ! എനിക്കന്നേ മേലന്ന് പറഞ്ഞില്ലേ? എന്നിട്ടിപ്പം കുററം.

കൃഷ്ണപിള്ള: അവറാച്ചൻെറ തോട്ടം കാക്കാൻ എൻെറ മണ്ണുഞാൻ ഉപേക്ഷിച്ചു. നിങ്ങൾക്കിപ്പോൾ രണ്ടുമുണ്ട്. എനിക്കൊന്നുമില്ല. ശരി ഇതുംകൂടി നിങ്ങൾക്കിരിക്കട്ടെ.

(പോകാനായി ഭാവിക്കുന്ന മേരിക്കുട്ടി പ്രവേശിക്കുന്നു.)

മേരി: സാറുപോകാൻ വരട്ടെ! ഞാനെല്ലാം കേട്ടു. അപ്പച്ചാ സാറിൻെറ നിലം വിട്ടുകൊടുക്കണം.

അവറാച്ചൻ: നിനക്കറിയാമേല മോളേ. പാട്ടമെന്നാൽ തീറിനേക്കാൾ ഉറപ്പുള്ള കാലമ.

മേരി: അതെന്തുമായിക്കൊള്ളട്ടെ! സാറ് അപ്പച്ചനെ വിശ്വാസമായിട്ടേല്പിച്ചതിൽ പാട്ടവും തീറുമൊന്നും നോക്കേണ്ടയാവശ്യമില്ല.

അവറാച്ചൻ: എല്ലാവരും വിശ്വാസമായിട്ടു തന്നെ ഏല്പിച്ചിരിക്കുന്നതു്.

മേരി: അപ്പച്ചൻ മുട്ടാപ്പോക്കൊന്നും പറയരുത്. സാറിനോടെങ്കിലും നീതി കാണിക്കേണ്ട കർത്തവ്യം അപ്പച്ചനുണ്ട്.

അവറാച്ചൻ: നിൻെറ ഒരു നീതിയും മര്യാദയും ഇതുവല്ലോം നോക്കിക്കൊണ്ട് ജീവിക്കാനൊക്കുമോടി. ഇവരൊക്കെ വലിയ കള്ളന്മാരല്ലേ, അവരോടാ നീതി നോക്കുന്നെ!

മേരി: ഇതു പറയാൻ അപ്പച്ചനെങ്ങനെ ധൈര്യം വന്നു. കൃഷ്ണപിള്ള സാറ് കള്ളനാണുപോലും! തോട്ടത്തിൽ ചെന്ന് മലയണ്ണാനേയും മുള്ളനേയും ഓടിക്കാൻ കാത്തുകിടന്നപ്പോഴൊന്നും സാറു കള്ളനായിരുന്നില്ല. പാട്ടനെല്ലും കൊണ്ട് മഴയും തണുപ്പും സാരമാക്കാതെ തോടായ തോടൊക്കെ ഊന്നിച്ച് പലരുടേയും അറവാതുക്കൽ കാത്തുകെട്ടി കിടന്നപ്പോഴൊന്നും അതിയാൻ കൊള്ളരുതാത്തവനായിരുന്നില്ല അപ്പച്ചൻെറ കേസു കെട്ടും കൊണ്ട് കച്ചേരിതോറും കേറി ഇറങ്ങിയപ്പോഴൊന്നും അദ്ദേഹം വേണ്ടാത്തവനായിരുന്നില്ല. ഇപ്പോഠം ഇങ്ങനെ കരിമ്പിൻ ചണ്ടുപോലെ വലിച്ചെറിയുന്നതു് യോഗ്യതയാണോ അപ്പച്ചാ?

അവറാച്ചൻ: നിനക്കിവരു ക്രൂടോത്രം തന്നിട്ടുണ്ടെന്നാ എനിക്കു തോന്നുന്നതെ! അല്ലേൽ നീയെന്തിനിതിയാൻെറ ഭാഗം പിടിക്കുന്നു.

മേരി: അപ്പച്ചനെപ്പോലെ കഴിഞ്ഞ കാര്യങ്ങളെല്ലാം നിമിഷം കൊണ്ട് മറക്കാൻ സാധിക്കാത്തതുകൊണ്ട്.

കൃഷ്ണപിള്ള: മേരികുഞ്ഞേ! എനിക്കുവേണ്ടി അപ്പൻെറ വിരോധം സമ്പാദിക്കേണ്ട. ഇതൊക്കെ ഞാനനുഭവിക്കേണ്ടുവനം. വരാനുള്ളതു വഴിയിൽ തങ്ങുമോ?

മേരി: സാറെ ഈ സങ്കടത്തിനു ഒരു പോംവഴികാട്ടിത്തരാതെ ഞാൻ ക്ഷമിക്കുകയില്ല. അപ്പച്ചൻ സമ്മതിക്കുന്നതുവരെ ഞാനിതിനായി വഴക്കടിക്കും.

കൃഷ്ണപിള്ള: കുഞ്ഞിനു നല്ലതുവരട്ടെ!

(ചോതിയും കൃഷ്ണപിള്ളയും പോകുന്നു.)

അവറാച്ചൻ: നീയെന്തോന്ന നിനച്ചോണ്ടാടീ അതുമിതുമൊക്കെയെങ്ങ കേറിപറയുന്നതെ?

മേരി: ഞാനെല്ലാം മനസ്സിലാക്കിത്തന്നെ പറയുന്നതു്.

അവറാച്ചൻ: ഈ കാണുന്ന സൊത്തെല്ലാം നിനക്കുള്ളതാടി.

മേരി: അതുകൊണ്ടു തന്നെ എനിക്കീ പാപത്തിൻെറ പങ്കു കൂടി വേണ്ടന്നു പറയുന്നതു്.

അവറാച്ചൻ: സമ്പാദിക്കുന്നതു പാപമാണോടീ.

മേരി: നേരായമാൎഗ്ഗത്തിൽ കൂടി സമ്പാദിക്കുന്നതിൽ തെററില്ല. എന്നാൽ ശരിക്കുള്ള വില കൊടുത്ത ഒരൊററ വസ്തുവെങ്കിലും നമുക്കുണ്ടോ? പാവങ്ങളുടെ ദീർഘനിശ്വാസത്തിലും തോരാത്ത കണ്ണീരിലും കെട്ടിപ്പടുത്തതാണീ സമ്പത്തിൻെറ അസ്ഥിവാരം. അതിനുറപ്പുണ്ടാകയില്ല.

അവറാച്ചൻ: ഇതൊക്കെ നിൻെറ ചെറുപ്പം കൊണ്ടു് തോന്നുന്നതാ മോളേ! കല്യാണം കഴിഞ്ഞു നാലഞ്ചു പ്രാരാബ്ധോം ആകുമ്പം ഈ കന്നവൊക്കെ അങ്ങു മാറും.

മേരി: എങ്കിലും ആ സാറിൻെറ കാൎയ്യത്തിൽ അപ്പച്ചൻ വിട്ടുവീഴ്ച ചെയ്യില്ലെങ്കിൽ എനിക്കു വളരെ സങ്കടമുണ്ടു്,

അവറാച്ചൻ: നിനക്കെന്നാ സങ്കടത്തിനു കാൎയ്യം? അതിയാൻ നിൻെറ അമ്മാച്ചനാണോ.?

മേരി: അതുപോലെ തന്നെ ഞാൻ ചെറുപ്പം മുതലേ കരുതിപ്പോയി.

അവറാച്ചൻ: പോടീ ചുത്തമണ്ടീ നീയൊരു പാവമായിട്ടാ ഇങ്ങനൊക്കെ തോന്നുന്നെ! ഇതു തന്നെ യാരുന്നു അവടെ സൊഭാവോം. പാവങ്ങക്കെന്നും പ്പറഞ്ഞു് എന്തും മാത്രമാരുന്നു വാരിക്കൊടുത്തിരുന്നെ! എന്നാലും എൻെറ മോക്കു് ഒരു താങ്ങാരുന്നേനെ ഇന്നവളുണ്ടാരുന്നേൽ! എന്തു ചെയ്യാം.

മേരി: അമ്മച്ചിക്കു ഈ ദുഃഖമൊന്നും സഹിക്കേണ്ടി വന്നില്ല.

അവറാച്ചൻ: നിനക്കിവിടെന്നതാടീ ഒരു കുറവ്. എന്നാവേണേലും ഈ അപ്പച്ചൻ സാധിച്ചു തരുന്നില്ലേ.

മേരി: എൻെറ മനസ്സിൻെറ നീററലിന്നു് ഒരു ഉപശാന്തിയില്ലല്ലോ.

അവറാച്ചൻ: അതല്ലിയോ മോളേ ഞാനാകല്യാണമങ്ങു എളുപ്പം ഒറപ്പിച്ചതേ! ഇപ്പം വല്യപാടാ ഏനത്തിനൊരു ചെറുക്കനെ കിട്ടാനക്കൊണ്ടു്. ഈ രണ്ടാഴ്ചകൊണ്ടു് പത്തു പതിനഞ്ചു കൂട്ടക്കാരല്ലിയോ കേറിയെറങ്ങിനടന്നാതെ! അതെന്നാ നിൻെറ ശ്രീധനത്തിൻ രജിസ്റ്റ്രാക്കിയിരിക്കുന്നാതെത്രെ ലച്ചത്തിൻേറ താനാവിജാരം. ഇപ്പം കഞ്ഞികുടിക്കാൻ വകയില്ലാത്തോൻെറ നോട്ടം പത്തും പതിനായിരവുമാ! പള്ളിക്കു പ്രസാരോം ചെറുക്കനു പോക്കററിലിടാനും പൊന്നും പൊടിയുമെല്ലാം കൂടെത്രയാ വേറെ. എൻ്റീശോ എനിക്കു കിട്ടിയതു് അഞ്ഞൂറു പുത്തനാ അതുവല്ലോം പറഞ്ഞാലിന്നു നടക്കുമോ? പോട്ടെ പണം കൊടുക്കാമെന്നു വെക്കാം. ചെറുക്കനു് പെണ്ണിനെ പിടിക്കാനക്കൊണ്ടാ പാടു്. ഇവന്മാരുടെ വാക്കുകേട്ടാ കോങ്കണ്ണും, കറുത്തനെറോം; മൊടമ്പല്ലും, മന

ഷേതുണ്ടാക്കുന്നതാന്നു തോന്നും. പിന്നെ കല്യാണവീട്ടിലോട്ടുവന്നാലത്തെ പുകിലാ പുകില്! ഒരുമീനിന്റെ മുള്ളു് നല്ലനേരം നോക്കി ചീമ്പുന്നോന് കോഴി സൂപ്പേ വേണ്ടി. നിമിഷത്തിനു നിമിഷത്തിനു സിഗ്രേറു വലിക്കണം. അതൊക്കെ പോട്ടെ അവന്റെ കൊതിയല്ലിയോ. ഇവന്മാരുടെ ഇരുപ്പും ഗമേമാ ഇനിക്കു തീരെ പിടിക്കാത്തെ!

മേരി: ഇതിലൊക്കെയെത്രയോ നല്ല ചെറുപ്പക്കാരു് നമ്മുടെ അയലത്തുണ്ടു്.

അവറാച്ചൻ: അവക്കെല്ലാം തോട്ടമൊണ്ടോ, കായലൊണ്ടോ? നമ്മുടെ ഒല്ലാള ചാണ്ടിച്ചേട്ടനിനാളൊരു പററു പററി, അങ്ങേരും സിക്കട്ടേരിലെ ഒരു വീ. ഏ. കൊച്ചനും കൂടെ ഒരിടത്തു പെണ്ണു കാണാൻ പോയി ചെറുക്കനെങ്ങു പെരുത്തു സമ്മതോമായി. കണ്ടാൽ നല്ല ശൊണക്കുട്ടി പല്ലാണേൽ മുല്ലമൊട്ടുപോലെ. തലേലാണെങ്കിൽ അവനെയിട്ടുമൂടാനൊള്ള മുടി, നല്ല വെളുത്തുശെമന്നു് വെള്ളരിക്കാപോലൊള്ള തടി. കാര്യോണോം നടന്നു. രണ്ടു മാതം കഴിഞ്ഞു് ചാണ്ടിച്ചേട്ടൻ ആവഴി ചെന്നപ്പം ചെറുക്കനൊണ്ടു് കൊല്ലാനെക്കൊണ്ടു നിക്കുന്നു. എന്നാകാര്യമെന്നറിഞ്ഞോ· മണവാട്ടിക്കു് വായിലൊരു പല്ലില്ല. തലേലൊരു പിടി മുടിയില്ല. കറുത്തു കരുമാക്കി. പിന്നെങ്ങനെ അവൻ കെറീക്കാതിരിക്കും.

മേരി: കല്യാണചന്തയിൽ മണവാളനു് വില കൂടുന്തോറും സാധുക്കളായ പെണ്ണിന്റെ വീട്ടുകാർ ഇതൊക്കെ ചെയ്യേന്നു വരാം.. അവരല്ലാതെ എന്തു വേണം?.

അവറാച്ചൻ. എന്റെ മോക്കീ സങ്കടമൊന്നും വരത്തില്ല. അപ്പച്ചൻ കണ്ടു നിശ്ചയിച്ചിരിക്കുന്ന പയ്യൻ ബഹു യോഗ്യനാ. വല്യകാശുകാരൻ പത്തിരുപതു ലോറീം നാല്പതമ്പതു തോട്ടോം വനം കൺട്രാക്ടും ഒക്കെ ഒള്ളോനാ. റവറും തേയിലേം ഏഴെട്ടു കെട്ടിടം നെറച്ചാ അട്ടിവച്ചിരിക്കുന്നെ. പയ്യന്റെ കൂടെ നടക്കാനെകൊണ്ടു് മൂന്നുപേരാ ഒള്ളതു്. കാറിന്റെ വാതലു് തൊറക്കാനും കൊട പിടിക്കാനും കൂടെ ഒരുത്തൻ, വല്ലോരുമായിട്ട് മിണ്ടാനെകൊണ്ടു് വേറൊരുത്തൻ, ഉടുപ്പീടീക്കാനും പിത്താൻ കുത്തിക്കാനുമായിട്ടൊരുത്തൻ, എൻറീശോ എന്തൊരു ബാക്യവാൻ. എന്റെ മോളിനിയാരാ? അവന്റെ രാജ്ഞിയല്ലിയോ?

മേരി: എനിക്കിപ്പം കല്യാണം വേണ്ടപ്പച്ചാ?

അവറാച്ചൻ: അതെന്നാടീ നിയിപ്പഴും കൊച്ചുകുഞ്ഞാന്നോ.

മേരി: എന്റെ പഠിത്തം കഴിയാതെ കല്യാണം വേണ്ടാ

അവറാച്ചൻ: എടീ മണ്ടീ, ഈ കല്യാണമങ്ങു കഴിഞ്ഞാലും നിനക്കു പടിക്കരുതോ, മതീം കൊതീം തീരുന്നവരെ. ഇപ്പം കയ്യിൽ കിട്ടിയ ലാക്കു തെററിച്ചാൽ നെലാവുദിക്കുവോളംപന്നിനിക്കുമോടീ മോളേ!

മേരി: എനിക്കീ കല്യാണം വേണ്ട.

അവറാച്ചൻ: നീയെന്താ മഠത്തിച്ചേരാൻ പോവാന്നോ?

മേരി: എനിക്കീ കല്യാണം ഇഷ്ടമല്ലപ്പച്ചാ

അവറാച്ചൻ: നെനെക്കെന്നതാ ഇഠക്കേടു്. കൊച്ചനു് പൂരാകാശില്ലിയോ? കുടുമ്മക്കാരനല്ലിയോ?

പരിശ്ക്കാരിയല്ലിയോ? സിങ്കളക്കുട്ടനല്ലിയോ? പിന്നെന്നാ ഒരു കൊറവ്? നാളെ പെണ്ണുകാണാൻ അവരു വരുന്നുണ്ടേ!

മേരി: വന്നോച്ചു പോകട്ടെ! ഞാനിതിന്ന് സമ്മതിക്കത്തില്ല.

അവറാച്ചൻ: നീ ആലോചിച്ചു പറ മോളേ? ഇതിനേക്കാൾ നല്ല കല്യാണം നിനക്കു വരത്തില്ല. ഒന്നോയൊള്ളല്ലോന്നു വിജാരിച്ചു ഞാനിത്തിരി കൊഞ്ചിച്ചേച്ചതിന്റെ പലമാ നിന്റെ നിഷേദവാക്ക് അല്ലിയോ.?

മേരി: ഇതെന്നല്ലാ ഇങ്ങനെയുള്ള കച്ചവട കല്ല്യാണമേ എനിക്കു വേണ്ടാ.

അവറാച്ചൻ: എടീ പരട്ടേ നീയെന്തു പറഞ്ഞെടീ? കച്ചോടകല്യാണമോ? ഇത്രനാളും കൊണ്ട് നീയിതാ പഠിച്ചതെ, അല്ലിയോ? കണ്ട എരപ്പാളികളു പറയുന്ന പേവാക്കും കേട്ടോണ്ട് എന്റെ മുമ്പിൽ നിന്നു വെളഞ്ഞാലൊണ്ടല്ലോ, നിന്റെ മുട്ട ഞാൻ തല്ലിയൊടിക്കും. എന്നോട്ട് തട്ടാ മുട്ടീം കൊണ്ടുവരുന്നോ. അതൊക്കെ നിന്റെ മനസ്സിവെച്ചേച്ചരു്. എന്നോടെട്ടുക്കണ്ട കേട്ടോ. നാളെ നിന്റെ കല്യാണമൊറയ്ക്കും. മററന്നാൾ ആദ്യത്തെ വിളിച്ചു ചൊല്ല് മാനം മര്യാദയ്ക്ക് പറേന്നാകേട്ട് നടന്നില്ലെങ്കിൽ ഒററയടിക്ക് ഞാൻ പല്ലുതൂപ്പിക്കും. നീ കൊറെ പഠിച്ചെന്നു വച്ച് അധികംകേറി ചാടാതെ നില്ല്. നെനക്കീ കല്യാണം പിടിച്ചില്ലെന്നു്. ഏതു രാജകുമാരനാടീ നിന്നെ കാത്തിരിക്കുന്നതു്. ഞാൻ പാടു പെട്ട് നല്ലൊരു കൊച്ചനെ കൊണ്ടുവന്നപ്പം നെനക്കതു് ഇഠമായില്ല അല്ലേടീ. നിന്നെ ഇനി ഇഠം പോലെ

നടത്തിയേക്കാം. ഈ വീട്ടീന്ന വെളീലെറങ്ങിപ്പോയാൽ അന്ന നിൻെറ പൊറം ഞാമ്പൊളിക്കം. ഞ്ഞും ഹ്ലും, ഈ കല്യാണം നടക്കമോന്ന് എനിക്കൊന്ന കാണണമല്ലോ. നീയെന്നാശെയ്യുമെന്നാ? നാടുവിട്ടു പോകുമോ.? (മേരിക്കുട്ടി ഏങ്ങലടിക്കുന്ന.) ങ്ഹേ ഇപ്പം നെനക്ക് സങ്കടം വരുന്നോ. എന്നാ മര്യാദക്ക് ഞാൻ പറേന്ന കേട്ട് നടക്കാൻ നോക്ക്.

(കർട്ടൻ)

## രംഗം ഒൻപതു്.

കൃഷ്ണപിള്ളയുടെ വീട്ടു്. ഒരു കട്ടിലിൽ രാജു കിടക്കുകയാണു് നെററിയിൽ ഒരു കെട്ടുണ്ടു് മുഖത്തു ശ്മശ്രുക്കരം മാധവിഅമ്മ അടുത്തു സ്റ്റൂളിന്മേലിരിക്കുന്നു.

മാധവി: എന്താ മോനേ, ഇപ്പം തലയ്ക്കുവേദനയെങ്ങനിരിക്കുന്നു. ഇന്നാഴിക്കുമ്പോരം പഴുപ്പില്ലെങ്കിൽ പേടിക്കാനില്ലന്നാ ഡാക്കിട്ടരു പറഞ്ഞിരിക്കുന്നതു്.

രാജു: ഇപ്പോരം വലിയ അസുഖ തോന്നുന്നില്ല. തലയ്ക്കുള്ള ആ പെരുപ്പ് മാറിയിട്ടില്ലെന്നേയുള്ളു. എങ്കിലും അച്ഛനിതെന്നോടു ചെയ്തല്ലോ. അതോക്കുമ്പോരം എൻെറ മനസ്സിടിയുന്നു.

മാധവി: അങ്ങോക്കു ആ മാപ്പിള കൈവെഷമോ ക്രുടോത്രമോ, ചെയ്തിട്ടുണ്ടെടാ മോനേ! ഇല്ലേലിങ്ങനെ നെഴല് പോലെ പൊറകേ നടക്കുമോ?

രാജു: ഈ നിസ്വാർത്ഥസേവനത്തിനു ഒരു നന്ദിവാക്കുപോലും പ്രതിഫലം കിട്ടുന്നില്ലെന്നുള്ളതാണ് സങ്കടകരം.

മാധവി: അതെ അവിടുന്നു കിട്ടി. അയാളു കൊടുത്തിട്ടുണ്ണാൻ നോക്കിയിരുന്നോണ്ടാൽ മതി. ചുമ്മാ ഇങ്ങേരെയിട്ട്. ഓടിക്കുവല്ലിയോ?

രാജു: അതു പറഞ്ഞാൽ അഛൻ സമ്മതിക്കുകയില്ല.

മാധവി: സമ്മതിക്കേണ്ട. അവിടുന്നു് കണ്ണല്ലാത്തതെല്ലാം പൊന്നാക്കിക്കോണ്ടു് ഇങ്ങു പോരട്ടെ!

രാജു: എന്നാണോ അവറാച്ചൻ തൻെറ വിശ്വരൂപം കാട്ടി കൊടുക്കുന്നതെന്നു് നോക്കിയിരുന്നോണ്ടാൽ മതി.

മാധവി: അയാളെ ഞാനറിയാത്തതാണോ? ഇവിടാദ്യം ഒരു കൊച്ചു നാലുകാലുപെരേം കെട്ടി താമസിയ്ക്കാൻ വന്നിട്ട് നോട്ടായിട്ടും പണമായിട്ടും പലിശക്കു കൊടുത്ത് അങ്ങനങ്ങോട്ട് കേറിയതല്ലേ? പിന്നെ പെമ്പിള വീട്ടുകാരും കൊറെ സഹായിച്ചു. അന്നിവിടെ നൂറു നൂററമ്പതു നായർ വീട്ടുകാരുണ്ട്. എല്ലാം രണ്ടും നാലുമായിരം പാട്ടം കിട്ടുന്നത്. അവരെല്ലാം അടിയന്ത്രം കഴിച്ചും കേസു കളിച്ചും തറവാടുവരെ പണയപ്പെടുത്തി. ഓരോ മിടുക്കന്മാർ തക്കം നോക്കി തട്ടിയെടുത്തു.

രാജു: അതു നമ്മുടെ കുററം കൊണ്ടല്ലേ? അവർ കണ്ടോന്റെ മണ്ണിലായാലും പണിയെടുത്തുയന്നപ്പോൾ നമ്മൾ ഉള്ള മണ്ണുകൂടി വിററു തിന്നാൻ മാത്രമേ നോക്കിയുള്ളു

(ശേഖറും ചോതിയും വരുന്നു.)

മാധവി: കുഞ്ഞാ പായേലൊട്ടിരി.

ശേഖർ: ഇരിക്കാമല്ലോ. എങ്ങിനെയിരിക്കുന്നു വേദന? ചതവ് അപകടമായിട്ടുണ്ടോ.?

രാജു: ഉദ്ദേശിച്ചപോലെ കിട്ടിയില്ല, മന്ദത ഒന്നുമാറിക്കിട്ടിയാൽ ജയിച്ചു.

ശേഖർ: ആ കാട്ടുമൃഗത്തിനു വേണ്ടി അമ്മാവനിതു ചെയ്യുമെന്ന് ഞാനൊട്ടും വിചാരിച്ചില്ല. അല്ലെങ്കിൽ ഞാൻ നേരത്തെ ചാടിപ്പിടിക്കുമായിരുന്നു.

ചോതി ഏട്ടനിതു കേട്ടപ്പമന്തിച്ചുപോയി.

രാജു: പക്ഷേ അതോടുകൂടി അച്ഛനിൽ വലുതായിരിക്കുന്ന ഒരു മാററം വന്നിട്ടുണ്ട് ശേഖർ.

മാധവി: അതാ കൂടോത്രത്തിന്റെ ശക്തി. സ്നേഹമാന്ന് നമുക്ക് തോന്നും. എപ്പഴാ കേറി തല്ലുന്നതെന്ന് നോക്കിയിരുന്നോണം.

ശേഖർ: ഏതായാലും ഇത്രയുമേ പററിയുള്ള ല്ലോ.

ചോതി: ഏനും കട്ടത്തു പേടിച്ചു്, ശെന്നാ കളിയാന്നു പറ.

മാധവി: സ്നേഹിക്കുന്നോർക്കുവേണ്ടി പൊണ്ട ജീവൻ കളയുന്നാ സ്വഭാവമാ. എന്നാൽ കുനട്ടു വിദ്യ കാണാനുള്ള മിടുക്കുമില്ല.

ശേഖർ: എല്ലാംകൂടി ഒന്നിച്ചു കിട്ടുമേ

മാധവി: കരുണ്ടോരു സഹായിച്ചാലെന്തു സഹായിക്കാനാണെടാ പിന്നെൻെറ കുഞ്ഞിനെ കുരുതിക്കു കൊടുത്തേച്ചുള്ള സമ്പാദ്യമൊന്നും എനിക്കു വേണ്ട. അവിടുത്തെ കൊച്ചു് ഒരുനല്ല സ്വഭാവക്കാരിയാ. അല്ലാരുന്നേൽ ഞാൻ ക്ഷമിക്കുമെന്നാണോ നീ വിചാരിക്കുന്നതു്.

ശേഖർ: ആരാ മേരിക്കുട്ടിയാണോ?

മാധവി: മേരിയോ കീരിയോ എനിക്കീ കന്ത്രാണ്ടം പിടിച്ച പേരൊന്നും അറിയത്തില്ല. വല്ലപ്പോഴും കണ്ടാൽ വർത്താനം ചോദിക്കുന്നതു തന്നെ എന്തു കൗതുകമാണെന്നോ? ഏതു പാവങ്ങളും ഓടിച്ചെന്നാൽ ഉപേക്ഷിക്കത്തില്ലെന്നാ കേക്കുന്നതു്.

ചോതി: ഒള്ളതാന്നേ! ചോതിക്കറിയാമേ. പൊന്നും കൊടത്തെ മനതാന്നേ!

മാധവി: അങ്ങനൊള്ള പെണ്ണുങ്ങളിരിക്കുന്നിടത്തു് ശ്രീ ഭഗവതി തന്നെ ഓടിച്ചെല്ലും.

ശേഖർ: അപ്പോഠം ഈ ശ്രീ ഭഗവതിക്കു് ക്രിസ്ത്യാനി വീട്ടിലും പോകാമോ?

മാധവി: അതെങ്ങനാ പോകുന്നതു്. പാലാഴിയിൽ ചോദിക്കാനാളില്ലേ? ഇപ്പഴത്തെ പെണ്ണുങ്ങടെ കൂട്ടു വല്ലോമാന്നോ?

ശേഖർ: അതെന്താ ഇവക്ക് ഒരു വിശേഷം.

മാധവി: നീ അതൊന്നും ഏന്നെക്കൊണ്ട പറയിക്കല്ലേ്. കോളേജീപ്പ പഠിച്ച്, കണ്ണും കഴിഞ്ഞു്, കവിള്ളമൊട്ടി, കമ്മായോം പൂശിക്കോണ്ട് റോട്ട നീളെ നടന്നോണ്ടാ മതിയല്ലോ? ആളുകളെ തെള്ളിമറിച്ചോണ്ടല്ലീയോ വണ്ടീക്കേറേറവും സിമിനാ കാണലും അല്ല അവരെയങ്ങനെ വിട്ടിട്ടാ. അതു കൊണ്ടെന്താ വീടാംതോറും നാലുമഞ്ചും മൂത്തു കൊരച്ചങ്ങളനെയിരിക്കവല്ലിയോ?

ശേഖർ: ആൺകുട്ടികൾ വധുവിൻെറ വിത്തിൻെറ ഫലം നോക്കിയും സ്ത്രീധനത്തിൻെറ മാററു മോഹിച്ചും അലഞ്ഞു തിരിയുന്നതാണ് ഇതിനു കാരണം.

മാധവി: എന്താ പഠിച്ച ജയിച്ച് പള്ളിക്കൂടത്തിലും കച്ചേരീലുമൊള്ള തുങ്ങളെ ആരുമൊന്നും കൊത്തികൊണ്ടുപോകാത്തതു്.

ശേഖർ: ക്രമേണ അത്തരക്കാരിലേക്കാകും യുവാക്കളുടെ ശ്രദ്ധ. രണ്ടു മൂവായിരത്തിനുവേണ്ടി അനക്ഷരകളേയും വിരൂപികളേയും ഏറെറടുക്കുന്ന രീതിയവർ മാററണം. അപ്പോൾ സ്ത്രീധനപ്രശ്നം മാഞ്ഞുകൊള്ളും.

മാധവി: ഉം-ഹും. കൊററെ പുളിക്കും. നിങ്ങടെക്രുട്ട് നീട്ടിപ്പിടിച്ച് പ്രസംഗിച്ചോണ്ടുനടക്കുന്നോരെ ആക്കാ വേണ്ടതു്. വല്ല പറമ്പിലും കെളയ്ക്കാനൊ, നെലത്തിൽ പൂട്ടാനൊ, നിങ്ങൾക്കറിയാമോ? കണ്ട മാടക്കടെതോറും കേറിയെറങ്ങിയേച്ചാൽ വീട്ടിലെ കാര്യം തന്നേയങ്ങു നടക്കത്തില്ലേ?

(ഇതിനിടയിൽ രാജു മയങ്ങിപ്പോകുന്നു.)

ശേഖർ: പണ്ടും ഇതിലൊന്നും മെച്ചമായിരുന്നില്ലല്ലോ? അനന്തരവരു് വേലചെയ്തുണ്ടാക്കുന്നതു കൊണ്ടു് കാരണോന്മാരു് ഭാര്യവീട്ടുകാരെ പുലത്തുകയല്ലേ ചെയ്തിട്ടുള്ളതു്.

മാധവി: അന്നത്തെ തറവാട്ടു ചെലവൊക്കെ പിന്നാരാ നടത്തിക്കൊണ്ടിരുന്നതു്. ആറടിയന്തിരോം കെട്ടുകല്യാണോമൊക്കെ ചില്ലറക്കാര്യമാണോ? ഞങ്ങടെ തറവാട്ടിൽ—അല്പ്പകുഞ്ഞു് പഴേ എട്ടുകെട്ടും പെരേം കണ്ടിട്ടൊണ്ടോ? കണ്ടുകാണുകേല. തൊണ്ണൂറ്റെട്ടിലെ വെള്ളപ്പൊക്കത്തിനു മുമ്പേ തന്നെ ഓലകെട്ടിക്കാനാളില്ലാതെ ഇറുന്നു പൊളിഞ്ഞു പോയില്ലേ? എന്തൊരരേം പെരേമായിരുന്നു. മുഴക്കെ വടക്കനൊഞ്ഞിലിീം തേക്കുമാരുന്നു. ഭാഗമങ്ങോട്ടു കഴിഞ്ഞപ്പം കണ്ടോരുകാളയായി.

ശേഖർ: മിക്കതറവാടുകളും തമ്മിൽ തല്ലിയും കാരണോന്മാരുടെ തോന്ന്യവാസം കൊണ്ടുമല്ലേ കുളം തോണ്ടിപ്പോയതു്.

മാധവി: നല്ലോരു കാരണോന്മാരെയെന്തിനു് കുററം പറയുന്നെടാ? പിള്ളാരായാൽ നല്ലനേരത്തു ജനിക്കണം അതാ വേണ്ടതു്.

ചോതി: അടിയനുമതു തന്നെയാ ബോദ്ധ്യം.

മാധവി: നീ കേക്കു് എനിക്കാങ്ങളമാരെന്നു പറയാൻ പഞ്ചപാണ്ഡവന്മാരെപ്പോലെ എട്ടെണ്ണമൊണ്ടു്. എന്നാൽ ഒന്നിനെക്കൊണ്ടെങ്കിലും ശേഷമുള്ളവക്കു് വല്ല ഉപകാരവുമുണ്ടോ?

ചോതി: അതെന്നതാന്നോ തമ്പ്രാട്ടീ.

മാധവി: ഓരോന്നിനുമില്ലിയോടാ ഓരോ മൂതേവികളു്! അതുങ്ങളു് എടം വലം തിരിക്കുമോ.?

ചോതി: അതൊത്തതാ തമ്പ്രാട്ടീ, ഈ വഹയേ പേയാ.

മാധവി: പെണ്ണുങ്ങളിലുമുണ്ടെടാ കുടുമ്മത്തിൽ ജനിച്ചവര്. അവരുമായിട്ടേ ബന്ധം പിടിക്കാവൂ. ഇപ്പമതുവല്ലോം പറഞ്ഞാൽ ചെല്ലുമോ. തൊലിപ്പൊറമല്ലിയോ എല്ലാവനും നോട്ടം. കുടുമ്മമാക്ക് വേണം.

ചോതി: ഏനും പറേന്നത് അതെന്നെ തമ്പ്രാട്ടീ

മാധവി: നീ വിവരമുള്ളവനാ. അപ്പം നമ്മള പറഞ്ഞുവന്നതെന്തുവാ.

ചോതി: തൊലിപ്പൊറത്തിൻെറ കാര്യേ അല്ലേ ശേഖരൻകുഞ്ഞേ!

മാധവി: അതല്ലടാ ഞാൻ വേറേതാണ്ടു പറഞ്ഞല്ലോടാ.

ചോതി: തേണ്ടാ മെള്ളപൊക്കത്തിൻെറ കാരിയം അതല്യോ തമ്പ്രാട്ടീ.

മാധവി: ഓത്തെടാ ഓത്തു. ഞങ്ങടെ വീട്ടിലെ പണ്ടത്തെകാര്യം. അന്നത്തെ പ്രതാപമെന്തോന്നു പറയാനാ പല്ലക്ക്, വില്ലുവണ്ടി, ഓടിവള്ളം, ആനച്ചങ്ങല, ആട്ടവെളക്ക്, നൂറെറാന്നുനാഴിവാപ്പ് അങ്ങനെയില്ലാത്ത കാര്യമുണ്ടോ. കളരിയാശായ്മ, അഞ്ചു ഗ്രാമത്തിനു ദേശവാഴ്ച, ഒൻപതു കോവിലിനു ഊരാണ്മ ഇതൊക്കെ ഉണ്ടാരുന്ന തറവാടല്ലാരുന്നോ! പന്തീരായിരപ്പറ നെല്ല് പാട്ടോം ഏഴെണ്ണായിരം പണം മിച്ചവാരോം, പൊന്നുതമ്പുരാൻെറ തൃക്കയ്യിന്ന് രണ്ടുരേം കോപ്പും 'കിട്ടിവന്നിരുന്ന കുടുമ്മമല്ലാരുന്നോ? ഒരൊററ പന്തലിൽ വച്ച് നാലുമഞ്ചും കെട്ടുകല്യാണമല്ലിയോ അങ്ങപൊടി പൊടിച്ചിട്ടുള്ളതു്.?

വല്യമ്മാൻെറ പിണ്ണത്തിന് നാലുകരക്കാരേം രണ്ടായിരം അടിയാരേം ഒന്നിച്ചല്ലിയോ അങ്ങ ക്ഷണിച്ചത്. ഇതുവല്ലോ മിന്നാരറിയുന്നു?

ശേഖർ: പിന്നെ ഇഹ്ച്ചേയിയെങ്ങെനെയാ ഇവ്ടെ വന്നതു്.

മാധവി; അതൊക്കെ തലേലെഴുത്ത്.

(കൃഷ്ണപിള്ള പ്രവേശിക്കുന്നു. മുഷിഞ്ഞ വേഷം. പറക്കുന്ന തലമുടി. അമ്പരപ്പാന്ന മുഖഭാവം.)

കൃഷ്ണപിള്ള: എൻെറ കുഞ്ഞിനെങ്ങനിരിക്കുന്നെടാ മോനേ! അവനു ബോധക്ഷയോ മൊണ്ടോടീ മാധവീ.

മാധവി: എൻെറ ശേഖരാ. എനിക്കിങ്ങേരെ കണ്ടിട്ട് ഒരാധി.

ശേഖർ: ഒന്നും സാരമില്ല അമ്മാവാ. രണ്ടുദിവസംകൊണ്ട് മാറാനുള്ള തേയുള്ളൂ.

കൃഷ്ണപിള്ള: എന്നാലുമെൻെറ കുഞ്ഞേ, എൻെറകാരണോരു് എന്നെകൊണ്ടീ കടുംകൈചെയ്യിച്ചല്ലോ. ഞാനിനി എന്തുപ്രതിവിധിയാ ചെയ്യേണ്ടതെന്നു പറയെടാ.

(മാധവി സംശയദൃഷ്ടിയോടെ എഴുന്നേററ് കട്ടിലിനപ്പുറത്തേക്കു മാറിനില്ക്കുന്നു)

ശേഖർ: അങ്ങനെ ദുഃഖിക്കാനില്ല അമ്മാവാ. ചില ദുർബലനിമിഷങ്ങളിൽ മനുഷ്യർ സ്വയം വിസ്മരിച്ച് പലതുംപ്രവത്തിച്ചു പോകാറുണ്ട്. അതൊന്നും മനപൂർവ്വമല്ല.

കൃഷ്ണപിള്ള: അയ്യോ മനസ്സിൽ കരുതികൊണ്ട് ഞാനെൻെറ കുഞ്ഞിനെ കൊല്ലാൻ നോക്കുമോ? അതും ആ അറുകുലയ്ക്കുവേണ്ടി.

മാധവി: എടാ ഞാൻ പറഞ്ഞില്ലിയോ. നീയ ങ്ങേരെ പിടിച്ചോ. ഇല്ലേലിപ്പം എൻെറ കുഞ്ഞിനെ കീന്തികുടിക്കും

കൃഷ്ണപിള്ള: നീയെന്തോന്നാടീ പറയുന്നതു്. എനിക്കെൻെറ കുഞ്ഞിനെ കണ്ടുകൂടാന്നോ? ഹെന്റെ പരദൈവങ്ങളാണെ ഞാനിനി മറക്കത്തില്ലേ. ഇതു സത്യം സത്യം.

മാധവി: നീയെന്തോന്നാടാ നോക്കിനില്ക്കുവാന്നോ. ഒന്നു പിടിയെടാ. ഇല്ലേലിപ്പം ഇവിടെ കൊല്ലാകൊല നടക്കും

കൃഷ്ണപിള്ള: എനിക്കെന്തോ ബാധകേറിയെന്നാണോ നീ വിചാരിക്കുന്നതു്. എനിയ്ക്കൊന്നുമില്ലെടീ മാധവീ. (മാധവി നില്ക്കുന്നിടത്തേക്കു ചെല്ലുന്നു. മാധവി പരിഭ്രമിച്ചു് കട്ടിലിനൊരു വട്ടം ഓടുന്നു).

എടീ, നിൻെറയൊരുപേടി! (വീണ്ടും കൃഷ്ണപിള്ള മാധവിയെ സമീപിക്കുന്നു. ഒരു നിലവിളിയോടെ മാധവി ഓട്ടം പിടിക്കുന്നു.)

മാധവി: എടാ ചോതിയേ, എടാ രാജുവേ. നിൻെറ യച്ഛനിപ്പം എന്നെ കൊല്ലുമെടാ. ഒന്നോണീരെടാ. ഒടനെ ഒരു കോഴിയെ വെട്ടിക്കാമേ. ഒന്നുതിരിച്ചുവിളി ദേവീ! (കൃഷ്ണപിള്ള സ്തബ്ധനായിനില്ക്കുന്നു. രാജുചാടിയെഴുന്നേല്ക്കുന്നു. ചോതി ഒരു വടികൊണ്ടു് നിലത്തഞ്ചാറു് അടിക്കുന്നു.)

രാജു: എന്താ എന്താമ്മേ, ഇവിടെന്തോന്നു പററി?

മാധവി: നിൻെറച്ഛനെ ഒന്നു പിടിച്ചോ. കോഴിയെ വെട്ടാമെന്നു കേട്ടപ്പം ഒന്നടങ്ങിനിക്കുവാ. ഇല്ലേലിപ്പം കാന്നോരുടെ അറുകൊല എന്നെ കൊന്നേനെ!

കൃഷ്ണപിള്ള: എടാ നിൻെറയമ്മക്ക് വെള്ളത്തിന്നോതാണ്ടു പേടികിട്ടിയിട്ടുണ്ട്. വെള്ളിയാഴ്ചയും ചൊവ്വാഴ്ചയും ത്രിസന്ധ്യക്ക് കുളിക്കാൻ പോകരുതെന്ന് ഞാൻ പറഞ്ഞിട്ടുള്ളതാ.

മാധവി: അപ്പമെനിക്കാ ബാധ കേറിയത്?

കൃഷ്ണപിള്ള: അല്ലാതെ പിന്നെനിക്കാ.

മാധവി: നിങ്ങളല്ലേ കൊല്ലാൻവന്നത്?

കൃഷ്ണപിള്ള: നീയെന്തിനാ നിലവിളിച്ചത്?

മാധവി; ആ അറുകൊലയെപ്പേടിച്ച്.

കൃഷ്ണപിള്ള: ഏതറുകൊല?

മാധവി: നിങ്ങടെ വല്യകാരണോരടെ.

കൃഷ്ണപിള്ള: അയ്യോ അങ്ങേര് പച്ചപരമാത്ഥിയായിരുന്നു. ഒരുത്തരേം നുള്ളിനോവിച്ചിട്ടില്ല.

മാധവി: പിന്നേതാ അറുകൊല?

കൃഷ്ണപിള്ള: എനിക്കറിയാമോ? നീയല്ലിയോ പറഞ്ഞത്.

മാധവി: അപ്പം ഇങ്ങേര് ചുമ്മാപറഞ്ഞതാ അറുകൊലേന്ന്. അല്ലിയോ?

കൃഷ്ണപിള്ള: അതാ അവറാച്ചൻെറ കാര്യമല്ലിയോ. അങ്ങേരെന്നെ തെണ്ടിച്ചില്ലേ?

എല്ലാവരുംകൂടി: എന്തോ ചെയ്തു?

കൃഷ്ണപിള്ള: നമ്മുടെനിലം വിട്ടുതരത്തില്ലെന്ന് അങ്ങു മയ്യാദപാട്ടം വാങ്ങിക്കോണമെന്ന്.

മാധവി: ഇങ്ങേക്കിതുപററണം. ശേഷമൊള്ളോരു പറഞ്ഞാകേക്കുമോ?

രാജു: തീത്തങ്ങുപറഞ്ഞോ അമ്മാ

(കൃഷ്ണപിള്ള മിണ്ടുന്നില്ല)

ശേഖർ: അയാളിതും ചെയ്യും ഇതിനപ്പുറവും ചെയ്യും.

(കർട്ടൻ)

## രംഗം പത്തു്.

കൃഷ്ണപിള്ളയുടെഭവനം. ഒരുനാല്കാലിയിൽ കൃഷ്ണപിള്ള ഇരിക്കുന്നു. കാവിമുണ്ടും തോൎത്തും. കഴുത്തിൽ രുദ്രാക്ഷമാല സൎവ്വാംഗം ഭസ്മക്കുറി. മുമ്പിലൊരു നിലവിളക്കു്.

കൃഷ്ണപിള്ള: രാമരാമ രാമഹരെ, രാമജയരാമ രാമആമയംകളഞ്ഞു രാമ കാത്തുകൊൾക രാമചന്ദ്ര എടീ മാധവിക്കുട്ടീ കാലത്തിത്ര ചൂടുവെള്ളം തരണമെന്നു പറഞ്ഞാൽ നീ കേൾക്കുകയില്ല അല്ലേ?

മായയായി വന്നമാനെ കൊന്നരാമപാഹിമാം
ജായയായ സീതയെ തിരഞ്ഞ രാമപാഹിമാം.

എന്താടീ വിളിച്ചതു കേട്ടില്ലിയോ? നീ അടുക്കളേലെന്തൊന്നെടുക്കുകാ......(പോയി നോക്കിയിട്ടു വരുന്നു) ഒരു പുകകൂടെ കാണുന്നില്ല. ഞാനിവിടിരുന്നു പൊരിയുകയാ. എന്നിട്ടവൾക്കു് അനക്കമുണ്ടോയെന്നു നോക്കിയേ: ഈ പെണ്ണുങ്ങടെ കൂട്ടു് കണ്ണിച്ചോരയില്ലാത്ത ഒരു കൂട്ടം!

മാധവി: (വന്നിട്ടു്) ഇങ്ങേരു കാലത്തെ വെളിച്ചപ്പാടു തുള്ളിത്തുടങ്ങിയല്ലോ?

കൃഷ്ണപിള്ള: ഞാനിത്ര നാമം ജപിക്കാമെന്നു വിചാരിച്ചു് ഇവിടെ ഇരുന്നതാ. അതിനും നീ സമ്മതിക്കയില്ല അല്ലേ?

മാധവി: ഇങ്ങനെ എടുത്തുചാടികൊണ്ടാണോ നാമം ജപിക്കുന്നതു്?

കൃഷ്ണപിള്ള: ഇരിപ്പുറയ്ക്കാതെ ഞാനെന്തു ചെയ്യും. കാലത്തെ ദാഹിച്ചു വലഞ്ഞുകൊണ്ടു് നാമം ചൊല്ലിയാൽ ഫലമില്ലെന്നു നിനക്കറിഞ്ഞുകൂടേ!

മാധവി: എന്നാലിത്ര പച്ചവെള്ളം കോരി കുടിക്കരുതോ. അതുചെയ്യാതെ ഇവിടെ കിടന്നു പുരപൊളിക്കണോ?

കൃഷ്ണപിള്ള: കാലത്തെ പച്ചവെള്ളംചെന്നാൽ വായു കോപിക്കും. നിൻെറയീ കഠിനം ഈശ്വരന്മാരെങ്കിലും അറിയാതിരിക്കയില്ലെടീ—ഇല്ല.

മാധവി: എന്നാലാ ഈശ്വരന്മാരോടു പറഞ്ഞു° ദാഹമങ്ങുതീക്ക്

കൃഷ്ണപിള്ള: അതിന്നീ സ്വർഗ്ഗത്തിൽ കാപ്പിച്ചെടിയുണ്ടോടീ.

മാധവി: അപ്പഴതാകാര്യം. അതു പറഞ്ഞാൽ പോരേ.

കൃഷ്ണപിള്ള: പറഞ്ഞിട്ടുംനിനക്കനക്കമുണ്ടോ? കല്ലാണു നീ, കല്ലു°.

മാധവി: എന്നാലും നിങ്ങളുടെ മുതലാളിയേക്കാറം ഭേദമല്ലേ

കൃഷ്ണപിള്ള: ദ്രോഹി: അവൻ വെള്ളമെറങ്ങിചാകുമോടീ രാമ രാമ രാമ ഹരേ, പാപമൊക്കെ നീക്കഹരേ!

മാധവി: ഒണ്ടാരുന്നതൊക്കെ കളഞ്ഞേച്ച് ഇപ്പം പാട്ടും പാടി നടക്കാമെല്ലോ?

കൃഷ്ണപിള്ള: കളഞ്ഞെങ്കിൽ അതു നിൻെറ കാരണോന്മാരു തന്നാവഹയൊന്നുമല്ല. എൻെറ തറവാട്ടീന്നു കിട്ടിയതാ

മാധവി: നേരം വെളുത്തപ്പം നിങ്ങള് വഴക്കിനു കേറിനിക്കുവാന്നോ. എൻെറ കാരണോന്മാരെ പറയാൻ കൊറെ ചേതമൊണ്ടു°. പറഞ്ഞേക്കാം.

കൃഷ്ണപിള്ള: ഞാനറിയാത്തതല്ലേ ആലഞ്ചേരി കാരണോന്മാരുടെ പ്രതാപമെല്ലാം. അല്പനർത്ഥം കിട്ടിയാൽ അർദ്ധരാത്രിക്കു കുട അല്ലാതെന്താ?

മാധവി: എന്നെക്കൊണ്ടൊന്നും പറയിക്കല്ലേ് കേട്ടോ.

കൃഷ്ണപിള്ള: അല്പ പറഞ്ഞാലെത്രടം വരെ പറയും.

മാധവി: ഇങ്ങേരടെ എട്ടത്താപൊങ്ങാത്ത ബുദ്ധീം സാമത്ഥ്യംകൊണ്ടു് കിടപ്പാടമല്ലാതിപ്പം എന്തോ ബാക്കിയൊണ്ടു്.

കൃഷ്ണപിള്ള: വേണ്ടാമാധവീ ഞാനെല്ലാം സഹിച്ചോളാം. എനിക്കുള്ളതൊക്കെ ശ്രീ വല്ലഭ തൃപ്പാദത്തിങ്കൽ സമർപ്പിച്ചിരിക്കുകയാ.

മാധവി: വളരെയുണ്ടു് സമർപ്പിക്കാനും! ഉടുമുണ്ടും പഴങ്കുടേം.

കൃഷ്ണപിള്ള: എനിക്കു കോപിക്കാൻ അനുവാദമില്ല. ഞാൻ നിസ്സംഗസന്ന്യാസം സ്വീകരിക്കാൻ പോകുകാ. ഹരിനാരായണശിവനാരായണ ദുരിതം കളശിവനേ ശിവശങ്കരഹരിശങ്കരവരമരുള്ളുകജവമേ!

മാധവി: എന്നിട്ടു് കാവിയുമുടുത്തു് എങ്ങോട്ടായാത്ര.

കൃഷ്ണപിള്ള. ഈ വിശാലമായ ലോക.ത്തിൽ എവിടേക്കാണു പോയ്ക്കൂടാത്തതു്? എത്രയോ മഹൽക്ഷേത്രങ്ങളുണ്ടു്, എണ്ണിയാൽ തീരാത്ത പുണ്യസ്ഥലങ്ങളുണ്ടു്. അങ്ങോട്ടൊക്കെതന്നെ പോകുന്നതു്.

മാധവി: അതിനും പത്തുചക്രം വേണ്ടേ.

കൃഷ്ണപിള്ള: ഈശ്വരനതിനുവഴിയുണ്ടാക്കിത്തരും.

മാധവി: ഒള്ളതാ. മോട്ടാറേലും റെയിനേലുംകേറമ്പം കാണാം, കൈയ്യിൽ പണമില്ലാഞ്ഞാലത്തെ വിഷമം.

കൃഷ്ണപിള്ള: ഭക്തജനങ്ങളെ ആരും സഹായിക്കും.

മാധവി: അതൊക്കെ പണ്ടു്. ഇപ്പം കാവീംചുററി ചാരോംതേച്ചോണ്ടുനടക്കുന്നകണ്ടാൽ പിള്ളാരെ പിടിക്കുന്നോനാണെന്നു പറഞ്ഞു് മനുഷേരു തല്ലിക്കൊല്ലും.

കൃഷ്ണപിള്ള: അതുള്ളതാണോ മാധവീ.

മാധവി: എന്നിങ്ങനെ കൊളക്കടവിൽ പറയുന്നതുകേട്ടു.

കൃഷ്ണപിള്ള: എന്നാൽ സൂക്ഷിക്കണമല്ലോ(കാപ്പി തോർത്തു ദൂരേയ്ക്കിടുന്നു) ഇതൊന്നു മാറണമല്ലോ, എൻെറ യവസ്ഥ ഇങ്ങനെയായല്ലോ, ഉടുത്ത മുണ്ടും ഭൂഷണവും കേളാരോടെ.........

മാധവി: ഇവിടിരിക്കുമ്പം ഇതായാലും കുററമില്ല. എന്നാൽ ഞാൻ ചെന്ന് കാപ്പി അനത്താം.

കൃഷ്ണപിള്ള: അതല്ലേ ഞാൻ പറയുന്നത്. ഭാര്യയാണേൽ എൻെറ മാധവിയെപ്പോലിരിക്കണമെന്ന്. പൊന്നു മാധവിക്കുട്ടീ, വേഗം കാപ്പി കൊണ്ടുവരണേ! (നടന്നുചെന്ന് പൂർവ്വസ്ഥാനത്തിരുന്നുകണ്ണടച്ച് ധ്യാനിക്കുന്നു.) അഹഹാ. അവിടുത്തെ മറിമായങ്ങളാരറിഞ്ഞു വിഭോ! രണ്ടുനാലു ദിനംകൊണ്ടൊരുത്തനെ മാളികമുകളേറുന്നതും ഭവാൻ! ആരാ വരുന്നത്......കണ്ണുതീരെ പിടിക്കുന്നില്ല. അതുപറഞ്ഞാലൊക്കുമോ വയസ്സ് അമ്പത്തി ഒൻപതാ. ഈ വരുന്ന മേടത്തിലാ ഷഷ്ടിപൂർത്തി. ഇനി എന്തോന്നിരുന്നിട്ടാ നാലുപേക്കിത്ര ചോറുകൊടുക്കുന്നത്. കലികാലവൈഭവം, അനുഭവിക്കാതൊക്കുമോ. (അവറാച്ചൻ വരുന്നു. നന്നേ രസക്ഷയത്തിലാണ്.)

അവറാച്ചൻ: കൃഷ്ണപിള്ളേച്ചാ ഇതിയാനോട്ട് ഒരുകാര്യംശോദിക്കാനാണു ഞാൻ വന്നത്.

കൃഷ്ണപിള്ള: ആളെ പറഞ്ഞുവിട്ടിരുന്നെങ്കിൽ ഞാനങ്ങോട്ടു വരാമാരുന്നല്ലോ. എടീ ആ കസേരയിങ്ങെടുത്തേ.

അവറാച്ചൻ: എന്നോടീ വേലയെറക്കണ്ടാരുന്നു പിള്ളേ!

കൃഷ്ണപിള്ള: ഞാനെന്തു ചെയ്തതെന്നാ അവറാച്ചൻ പറയുന്നത്.

അവറാച്ചൻ: കളളക്കളികളിക്കാതെപുള്ളേച്ചാ. നിങ്ങടെ നെലം വിട്ടതരത്തില്ലെന്നു പറഞ്ഞതിൻെറ കെറുവ് നെനക്കുച്ചാണ്ട് എൻെറ കൊച്ചിനെമാററീരിക്കുവല്ലിയോ?

കൃഷ്ണപിള്ള: ഞാൻ മനസ്സറിഞ്ഞ കാര്യമല്ല മുതലാളീ. പിന്നെ കട്ടോനെ കണ്ടില്ലെങ്കിൽ കണ്ടവനെ പിടിക്കാമെന്നു വിചാരിക്കരുത്.

അവറാച്ചൻ: മയ്യാക്കുട് പെണ്ണ് എവിടാന്നു പറഞ്ഞേക്കുവാ നല്ലത്.

കൃഷ്ണപിള്ള: എടി നീയിപ്പുറത്തേയ്ക്കുവാ ഇങ്ങോട്ടൊന്നു വന്നോടീപെണ്ണേ! (അവറാച്ചൻ സംതൃപ്തിയോടെ നോക്കുന്നു. മാധവി പ്രവേശിക്കുന്നു.)

മാധവി: എന്നാ വല്യമുതലാളീ. ഇത്തുംകൂടെ പാട്ടംപിടിക്കാൻ വന്നിരിക്കുവാണോ? അതേതായാലും നടപ്പില്ല.

അവറാച്ചൻ: നിങ്ങടെ കുത്തുവാക്കങ്ങു വച്ചേര്. ഞാനിങ്ങടെ പാട്ടനെലംകൊണ്ടല്ലിയോ കഴിയുന്നെ!

മാധവി: എന്നാപിന്നെന്തിനാ വല്യതമ്പുരാനിങ്ങോട്ടെഴുന്നെള്ളിയത്?

കൃഷ്ണപിള്ള: വീട്ടിൽവരുന്നവരെ അധിക്ഷേപിക്കരുത് മാധവീ. അതു നായക്കു യോജിച്ചതല്ല.

അവറാച്ചൻ: ഈ പണി നായക്ക്യോജിച്ചതാ.

മാധവി: ഏതുപണി. ഒടനേ തൊറപ്പേംകൊണ്ടു വരാത്തതാ?

കൃഷ്ണപ്പിള്ള: മാധവീ ഞാൻപറഞ്ഞതുകേട്ടില്ലേ. നീയിനി ഒരക്ഷരം അയാളെ പുച്ഛിച്ചു പറയരുത്.

അവറാച്ചൻ: ഈ പടമൊക്കെ അങ്ങു മാററിയേച്ചു എൻെറ പെണ്ണെന്തിയേന്നു ഭവഗം പറപുള്ളേച്ചാ. എനിക്കിവിടെ കിന്നാരോംകൊണ്ടു നിക്കാൻ നേരമില്ല.

കൃഷ്ണപിള്ള: ഈശ്വരൻ സാക്ഷിയായി ഞങ്ങളൊന്നുമറിഞ്ഞതല്ല അവറാച്ചാ.

അവറാച്ചൻ: നിങ്ങടെ ഈശ്വരൻതന്നെ കള്ളകൂട്ടണനല്ലിയോ?

കൃഷ്ണപിള്ള; ചന്ദ്രനെകണ്ടു് കുരുക്കന്മാർ ക്രവുന്നില്ലേ, അതുകൊണ്ടു് ചന്ദ്രനെന്താ വല്ല ശോഭക്കുറവും വരുന്നോ?

അവറാച്ചൻ: അല്ല ഞാൻ കേട്ടിട്ടൊള്ളതു പറഞ്ഞതാ. നെയ്യും തൈരും കട്ടും പെണ്ണുങ്ങടെ തുണി മോട്ടിച്ചുമാ വളർന്നിരിക്കുന്നതെന്നിങ്ങനെ പഠറഞ്ഞു കേക്കാം. പിന്നാരും പെണ്ണിനെ കൊടുക്കാഞ്ഞു് ഒരുത്തിയെ പിടിച്ചോണ്ടു പോയെന്നും കേട്ടിട്ടുണ്ടു്. അതുതന്നെ എന്നോടും ചെയ്യോ.

കൃഷ്ണപിള്ള: നിങ്ങടെകോങ്കണ്ണുകൊണ്ടു നോക്കുമ്പോഠം ആതൊക്കെ അങ്ങനെ തോന്നും. അങ്ങനെ പറഞ്ഞാൽ എല്ലാമതവിശ്വാസങ്ങളിലും മറയന്മാർക്കു് മനസിലാകാത്ത ചിലകാര്യങ്ങഠം കണ്ടെന്നുവരും. അതു തത്വത്തിൻെറ പിശകല്ല. കാണുന്നവരുടെ ബുദ്ധിശ്ശൂന്യതയാണു്.

അവറാച്ചൻ: ഇത്തരം പോഴത്തരമൊന്നും ഞങ്ങക്കില്ല.

കൃഷ്ണപിള്ള: എന്നാങ്ങുതീർത്തു പറയാമോ? വിശുദ്ധയായ കന്യക ഭർത്താവില്ലാതെ എങ്ങിനെയാ ഗർഭം ധരിച്ചതു്.

അവറാച്ചൻ: അതു് ദൈവത്തിൻെറ വിശുദ്ധ മാലാഹ അവളിൽ കുടികൊണ്ടിട്ടാ.

കൃഷ്ണപിള്ള: എന്നാൽ ശ്രീകൃഷ്ണഭഗവാൻ കട്ടതിന്നതു് തൈരും വെണ്ണയുമൊന്നുമല്ല. നിഷ്ക്കളങ്കഭക്തിവിശ്വാസത്തിലടിയുറച്ച തൃപ്പാദപൂജാരികളുടെ ഹൃദയത്തിൻെറ നിവേദ്യരസമായിരുന്നു ലീലാവി

ലോലനായ ഉണ്ണികൃഷ്ണൻ എടുത്തുകൊണ്ടോടിയതു് പെണ്ണുങ്ങടെ ക്രൂരത്തുണിയായിരുന്നില്ല; മുമുക്ഷുക്കളായ ഗോപികമാരുടെ ഐഹികമോഹാസക്തിയുടെ നേർത്ത വസനങ്ങളായിരുന്നു. അനന്യശരണരായ പ്രേമഭിക്ഷുകികളെയാണു് ഭഗവാൻ തൃക്കരം നീട്ടി തന്നിലേക്കു് സ്വീകരിച്ചതും.

അവറാച്ചൻ: അതെന്തുമായിക്കോട്ടെ! എന്റെ കൊച്ചിനെ ഇതിയാനും പെമ്പ്രന്നോരുംകൂടെ എവിടാ ഒളിപ്പിച്ചിരിക്കുന്നതെന്നു പറ.

മാധവി: ഇവിടൊണ്ടേൽ ഇങ്ങേരു വിളിച്ചോണ്ടുപൊയ്ക്കോ.

അവറാച്ചൻ: അതിനു് നിങ്ങടെ ഓച്ചാരംവേണ്ട. പെണ്ണെവിടാന്നു മര്യാദക്കു പറഞ്ഞേരു്, അതാബുദ്ധി.

മാധവി: അയ്യോ, ഈ തട്ടുമ്പൊറത്തല്ലിയോ ഇരിക്കുന്നതു്. ഒന്നുകേറി നോക്കിക്കോ. അവിടെ കണ്ടില്ലേൽ നെലവറേലും ഒന്നു തപ്പിയേരു്.

അവറാച്ചൻ: ഹേ, പെണ്ണുംപിള്ളേ, നിങ്ങടെ ഉരുശി കൂടിപോകുന്നല്ലോ? കുരുപ്പുംതറേലായ ആറുപറയിൽ അവറാച്ചനോടാകളിക്കുന്നതെന്നു് ഓർത്തോ? ഞാൻ പോലീസ്സ്റ്റേഷനിൽ പോണോവേണ്ടയോ അതു കട്ടായം പറപുള്ളേ.

കൃഷ്ണപിള്ള: ഞാനെന്തു പറയാനാണു്. എന്റെ നിലമെല്ലാം നിങ്ങളു തട്ടിയെടുത്തെങ്കിലും ഇന്നുമെന്റെ കാർന്നോമ്മാരുടെ തറവാട്ടുമഹത്വം ഇവിടെത്തന്നെയുണ്ടു്. നിങ്ങളുടെ മകളെ ഒററിക്കൊടുക്കാൻ ഞാനാരാ വിഭീഷണനാണോ? പണംപോയാലും അഭിമാനം സൂക്ഷിക്കുന്നോനാ ഈ കൃഷ്ണപിള്ള: അതിത്രനാളുകൊണ്ടും അവറാച്ചൻ മനസ്സിലാക്കിയില്ലല്ലോ.

അവറാച്ചൻ: അപ്പം ഇതിയാൻ പെരട്ടുകൊണ്ടു് ജയിക്കാമെന്നു് നെനച്ചിരിക്കുവാണോ? ഇതിനു

ശോദിക്കാനാളുണ്ടോന്ന് ഞാനൊന്നു നോക്കട്ടെ!

(പോകാനായി നടക്കുന്നു. മേരിക്കുട്ടിയും രാജുവും വരുന്നു. മേരിക്കുട്ടി സിൽക്കുസാരിയിലും ചോളിയിലുമാണ്. കൈയിൽ ഒരു ബൊക്കെയുമുണ്ട്.)

കൃഷ്ണപിള്ള; ഇപ്പം പരാതിയൊക്കെ തീർന്നല്ലോ അവറാച്ചാ. തൊണ്ടിതന്നെ ഇങ്ങു വന്നിരിക്കുന്നു!

അവറാച്ചൻ: എടീകൊച്ചേ, നിന്നെ കാണാൻ വന്നോരു വീട്ടിലിരിക്കുന്നു. നീ കണ്ടെടം നെരങ്ങിനടക്കുന്നാ.

മേരി: അപ്പച്ചാ എനിക്കാ കല്യാണം വേണ്ടെന്നു പറഞ്ഞില്ലേ.

അവറാച്ചൻ: എടീ ചുത്തപോഷീ ചെറുക്കനൊരാന്നു വിജാരിച്ചോണ്ടാ നീയിപ്പറേന്നതു്. നാലഞ്ചു ലച്ചത്തിൻെറ അവകാശിയാപുള്ളി. മോശക്കാരനൊന്നുമല്ല.

(ശേഖരം ചോതിയും വരുന്നു)

ശേഖർ: മുതലാളി എത്രനല്ല മനുഷ്യൻ. കണ്ടില്ലേ എല്ലാം മറന്നങ്ങ് ഇറങ്ങിയിരിക്കുന്നതു്. ഇതാപറയുന്നതു് സ്നേഹത്തേക്കാൾ മൂർച്ചയേറിയ ആയുധമില്ലെന്നു്.

ചോതി: ഏൻപറേം ശേകറൻകുഞ്ഞേ അവറാച്ചൻ പൊന്നുംകൊടത്തെ മനിശേനാ, ഏൻപറേം.

അവറാച്ചൻ: ആരാടാ നിൻെറ അവറാച്ചൻ, അവറാച്ചൻ. കേറിക്കേറി തലവരെയായോടാ. ചുമ്മാതല്ല, നിന്നെ കൊഞ്ചിക്കാനിവമ്മാരില്ലേ, അതാ ചെയ്താൻ ചാട്ടന്നെ!.

ശേഖർ: ഈ സുദിനത്തിലെങ്കിലും അവറാച്ചൻ ഞങ്ങളോടു സ്നേഹമായി സംസാരിക്കുന്നെം......മേരിക്കുട്ടി, എൻെറ ആ കാപ്പി കടംകിടക്കുന്നു.

രാജു: എനിക്കാക്രൂടെയുള്ളതാണ്. നിനക്കതന്നൊ ഒഴിഞ്ഞുതരാൻ നിശ്ചയിച്ചിട്ടില്ല.

ശേഖർ: നിൻെറ ഒററിബാദ്ധ്യത തീറിൽ ലയിച്ചില്ലേടാ മണ്ടാ.

അവറാച്ചൻ: എടീമേരി.ഇവരുടെ കിന്നാരംകേട്ടോണ്ടുനിക്കാതെ വാ, നമുക്കു പോകാം.

ശേഖർ: ഇനിയങ്ങനെ കൂട്ടികൊണ്ടുപോകാൻ സാധിക്കുമോ.

ചോതി: ഹീ...ഹീ...ശേകറൻകുഞ്ഞങ്ങനെപറ.

അവറാച്ചൻ: മോളേ വാ, ഞാനാവിളിക്കുന്നതു്.

മേരി: ഞാനാനി എന്തിനാഅപ്പച്ചാ അങ്ങോട്ടു വരുന്നതു്. എനിക്കുള്ളതെല്ലാം ഇവിടെ കൊടുത്തു പോയതല്ലാ?

അവറാച്ചൻ: എന്നതാടീ, നീ ഇവക്കു് വല്ല ഇഷ്ടദാനോം എഴുതിവച്ചോടീ. എൻറീശോ, ഇവളെന്തൊരു ചുത്തമണ്ടി.

മേരി: എൻെറ മനസ്സുതന്നെയാ അപ്പച്ചാ ഇഷ്ടദാനം കൊടുത്തതു്.

അവറാച്ചൻ: എന്നുപറഞ്ഞാലെകൊണ്ടു്?

മേരി: ഞാൻ രാജുവിനെ വിവാഹം കഴിച്ചെന്നു്.

അവറാച്ചൻ: [illegible] നിൻെറയോ, അയ്യോ, ഇവനെയോ? [illegible]

മേരി: അതെ [illegible] ണംതന്നെ.

അവറാച്ചൻ: [illegible] ഇവളും ശതിച്ചല്ലോ!

(കർട്ടൻ)

★

MUL
292083
UNIVERSITY LIBRARY
18 OCT 1975
292083
O32:2N32:11
J8

Bound by
M/s. Kannammal Binding Works
NO 7, NEHRU STREET
CHOOLAIMEDU, MADRAS-24